# കർമ്മയോഗിയായ
# റവ. ഫാദർ അദെയോദാത്തൂസ് ഒസി.ഡി.

**25**

**ചരമവാർഷിക**

## സ്മരണിക

**സ**
**മ**
**ർ**
**പ്പ**
**ണ**
**ം**

*മാനവ ജീവിത കർമ്മഭൂവിൽ*
*യേശുവിൻ സ്നേഹം പകർന്നിടാനായ്*
*പ്രതിജ്ഞാ ബദ്ധരായ്ത്തീർന്നിടുന്ന*
*അഭിഷിക്ത കരങ്ങൾക്ക് ശക്തിയാകാൻ*
*പ്രാർത്ഥനയോടെ സമർപ്പിക്കട്ടെ!*

## നന്ദിയും – കൃതജ്ഞതയും – കടപ്പാടും

* * * * * * * * * * * * * * * * * * * * * * * * * * * * * * * * * * *

റവ. ഫാദർ അദെയോദാത്തൂസ് O.C.D.-യെ ഒരു വൈദികനായി – മിഷനറിയായി – കർമ്മെലീത്താ സന്യാസിയാക്കി മാറ്റിയ ദൈവത്തിനു നന്ദി. വലിയച്ചന്റെ സേവനം നന്ദിയോടുകൂടെ ഓർക്കുന്ന നല്ലവരായ എല്ലാവർക്കും നന്ദി. ഈ ശ്രമകരമായ യജ്ഞത്തിന് അടിവളമായി മാറാൻ ലേഖനങ്ങൾ, ഫോട്ടോകൾ, കത്തുകൾ, സാമ്പത്തിക സഹായങ്ങൾ, പ്രോത്സാഹനങ്ങൾ, വിലപ്പെട്ട നിർദ്ദേശങ്ങൾ – തന്നവർക്ക് നന്ദി. മനോഹരമായിട്ട് കവർ ഡിസൈൻ ചെയ്തു സഹായിച്ച സന്ധ്യാലയം ശ്രീ. ധനരാജ് കാട്ടാക്കടയ്ക്കും, അച്ചടി ജോലി നിർവ്വഹിച്ച പ്രസ്സ് രാജ് കാട്ടാക്കടയ്ക്കും നന്ദി.

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്നത്ര ഭംഗിയാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കടന്നുകൂടിയ തെറ്റുകുറ്റങ്ങൾ സദയം ക്ഷമിക്ക. ഉന്നതമായ ഒരു ലക്ഷ്യത്തിനുവേണ്ടി പ്രാർത്ഥിച്ചവർക്കും, പ്രവർത്തിച്ചവർക്കും നന്ദി.

എന്ന്,
എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

റവ. ഫാദർ വിക്ടർ മോളിപ്പുറത്ത്
ശ്രീ. എ. ശീമോൻ
ശ്രീ. ജെ. ലാസർ
ശ്രീ. പി. അപ്പുക്കുട്ടൻ
ശ്രീ. എൽ. ഗബ്രിയേൽ
ശ്രീ. എൽ. ലാസർ
ശ്രീ. എസ്. ആൽബർട്ട്
റവ. ഫാദർ ജോസഫ് പാറാംകുഴി

തൂങ്ങാംപാറ
01-04-1992

## ജീവിതം - ഒരു സാക്ഷ്യം

ജീവിതം നിരന്തരമായ ഒരു പ്രയാണമാണ്, അന്വേഷണമാണ്, നവീകരണമാണ്, മരണത്തെ അതിജീവിക്കുവാൻ കഴിവുള്ള മാസ്മരശക്തി മനുഷ്യന്റെ അവകാശവും, ആവശ്യവുമാണ്. അനന്തമായ സിദ്ധികളും, സാദ്ധ്യതകളും നല്കി ദൈവത്തിന്റെ ചാലകശക്തി പകർന്ന മനുഷ്യൻ ദൈവോന്മുഖമായിട്ടു വ്യാപരിക്കണമെന്നുള്ളത് ദൈവനിശ്ചയമാണ്.

ദൈവം മാത്രമേ പൂർണ്ണനായിട്ടുള്ളു. ഈ പുണ്യപൂർണ്ണതയിൽ പങ്കുപറ്റാനുള്ള നിരന്തരമായ ക്ഷണമാണ് ദൈവ-മനുഷ്യ സമാഗമത്തിലും, ബന്ധത്തിലും ദൃശ്യമാകുക (മത്താ. 5:48). ക്ഷണം സ്വീകരിക്കുകയും പ്രത്യുത്തരിക്കുകയും ചെയ്യുക ബുദ്ധികൂർമ്മതയുള്ള മനുഷ്യന്റെ പക്കൽ നിന്നും പിതാവായ ദൈവം ആഗ്രഹിക്കുന്നു. ജീവിതം സുരഭില സുന്ദരമായ കാഴ്ചയായി, നൈവേദ്യമായി, ദൈവതിരുമുമ്പിൽ നമ്രതാഭാവത്തോടെ സമർപ്പിക്കുക ശ്രമകരമായ ഒരു യത്നവും, യജ്ഞവുമാണ്. ധ്യാനം-മനന വിചിന്തനത്തിലൂടെ സ്വാംശീകരിച്ച മൂല്യങ്ങൾ സംശുദ്ധമായവിധം കാത്തുസൂക്ഷിക്കാനുള്ള ഓരോ ചുവടും വിശുദ്ധിയിലേയ്ക്കുള്ള പ്രയാണമാണ്. വിശുദ്ധി ഒറ്റപ്പെട്ട ഒരു യാഥാർത്ഥ്യമല്ല, സംഘാതമായ ഒരു വളർച്ചയും, പ്രതിജ്ഞാബദ്ധമായ ഒരു കീഴടങ്ങലും, സമർപ്പണവുമാണ്.

മനുഷ്യനായിരിക്കുക എന്നുവച്ചാൽ മനുഷ്യപ്പറ്റുള്ളവനായിരിക്കണം. മനുഷ്യന് സുബോധമുള്ളവന്റെ മുഖമുദ്രയാണ്. അവന്റെ ഓരോ ചലനവും, അനുസ്യൂതമായ പിതാവിന്റെ പക്കലേയ്ക്കുള്ള വളർച്ചയും, ലോകത്തെ മുഴുവനും ഒരു കുടുംബമാക്കുവാനുള്ള സർവ്വസാഹോദര്യ സമ്പന്നതയുമായിരിക്കണം. ശത്രുക്കൾപോലും യേശുവിനെക്കുറിച്ച് അടിവരയിട്ടു പറയുവാൻ ആഗ്രഹിച്ചത്. "*നന്മചെയ്തു കടന്നുപോയി എന്നാണ്*". സ്നേഹ ബഹുമാനപ്പെട്ട മിഷനറി വൈദികനായ അദെയോദാത്തൂസച്ചൻ നന്മചെയ്ത് കടന്നുപോയവരുടെ കൂട്ടത്തിൽ പേരു ചേർക്കപ്പെട്ടവനാണ്.

മണ്ണിനോടും-മരങ്ങളോടും, പുഴയോടും, പൂക്കളോടും ഹൃദയത്തിന്റെ നൊമ്പരങ്ങളും, സ്വപ്നങ്ങളും കൈമാറി വളർന്ന ഉൾനാടൻ ഗ്രാമത്തിലെ പാവപ്പെട്ട മനുഷ്യർക്ക് "ആ ജീവിതത്തെ" വിശുദ്ധരുടെ പട്ടികയിൽ പേരെടുത്തു വായിക്കാതിരിക്കാൻ കഴിയുന്നില്ല. എന്താണ് ഈ വശ്യതയുടെ പിന്നിലെ ചേതോവികാരം? വല്യച്ചൻ പച്ചയായ ഒരു മനുഷ്യസ്നേഹിയായിരുന്നു. പ്രതികരണശേഷിയുള്ള മനുഷ്യൻ. മോസസ്സിനെപ്പോലെയോ - ജെറമിയായെപ്പോലെയോ ഒരു മനുഷ്യസമൂഹത്തിന്റെ മാറ്റത്തിനുവേണ്ടി ദൈവത്തെ മുറുകെപിടിച്ചുകൊണ്ട് മനുഷ്യഹൃദയങ്ങളിലേയ്ക്ക് ചുവടു വച്ചിറങ്ങിയ ഒരു വന്ദ്യസന്യാസിയായിരുന്നു. പരിശ്രമിക്കുന്നവന് വിശ്രമം ആവശ്യമാണെങ്കിൽ നിരന്തരമായ പരിശ്രമം കൊണ്ട് ആശ്രമജീവിതം ധന്യമാക്കിയ പുരോഹിതനാണ് അദ്ദേഹം. ഒരേസമയം ദൈവത്തിനും, മനുഷ്യനും ഹിതകാരിയായി വർത്തിക്കുന്നവൻ, ഒരേസമയം സന്യാസത്തിന്റെ ആന്തരികചൈതന്യം ദർശിക്കുവാനും, ദൈവത്തോടും, സഹോദരനോടും മുട്ടിയുരുമ്മി വളരുവാനും ആഗ്രഹിച്ച ഋഷിവര്യൻ. പ്രാർത്ഥനയിലൂടെ ആവാഹിച്ചെടുക്കുന്ന ജീവശക്തി അച്ചന്റെ കണ്ണിലൂടെ, അധരത്തിലൂടെ - വിരൽത്തുമ്പിലൂടെ - വസ്ത്രമായി, ആഹാരമായി, മരുന്നായി, മന്തും മലമ്പനിയ്ക്കുമായുള്ള പ്രതിരോധ ഔഷധമായി മാറുമ്പോൾ ഗോതമ്പുമണി ചീഞ്ഞഴിഞ്ഞ്, പുതിയ മുകുളങ്ങൾ ഉണർത്തുന്ന യേശുവിന്റെ ബലിജീവിതം, തന്റെ ജീവിതത്തിൽ തുന്നിച്ചേർക്കുകയായിരുന്നു.

സ്നേഹ ബഹുമാനപ്പെട്ട അദെയോദാത്തൂസച്ചനെക്കുറിച്ച് മനസ്സിൽ ഉണർത്തിയ വികാരങ്ങളാണ് - മേല്പ്പറഞ്ഞ വാക്കുകളിലൂടെ ഞാൻ പറയാൻ ശ്രമിച്ചത്. ഒന്നു തൊടുവാനും - ആ വിരൽത്തുമ്പിൽനിന്നും നന്മകൾ ഏറ്റുവാങ്ങാനും കഴിയാതെപോയ ദുഃഖം

മനസ്സിലുണ്ടെങ്കിലും, ജീവിച്ച നാടും, വീടും, വേണ്ടപ്പെട്ടവരെയും വലിച്ചെറിഞ്ഞ് പാവപ്പെട്ട ഞങ്ങളെ “വേണ്ടപ്പെട്ടവരാക്കി” മാറ്റിയ ആ ധന്യജീവിതത്തിന്റെ മുമ്പിൽ മുമ്പിൽ കട്ടയ്ക്കോട് ഫെറോനയിലെ ഒരു പുരോഹിതൻ എന്ന നിലയിൽ ഞങ്ങളുടെ വിശ്വാസ ജീവിതത്തിന് അടിവളമായി മാറിയ ആ ധന്യജീവിതത്തിന്റെ മുമ്പിൽ സാദരം തലകുനിക്കട്ടെ! വിശുദ്ധന്മാരുടെ പട്ടികയിൽ പാവപ്പെട്ട ജനങ്ങളുടെ പ്രത്യാശപോലെ പേരെടുത്തു വിളിക്കുവാൻ ആഗ്രഹിച്ചുകൊണ്ട്.........

സ്നേഹപൂർവ്വം:

**റവ. ഫാദർ ജോസഫ് പാറാംകുഴി**

ബിഷപ്പ് ഹൗസ്
വെള്ളയമ്പലം
തിരുവനന്തപുരം

## സന്ദേശം

തൂങ്ങാംപാറയിൽനിന്നും റവ. ഫാ. അദെയോദാത്തൂസ് O.C.D.യുടെ 25-ാം ചരമ വാർഷിക ദിനപ്പതിപ്പ് ജീവചരിത്രത്തിന്റെ ലഘു വിവരണം പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. സംഭവബഹുലമായി തന്ന ആ ജീവിതത്തെ സഹൃദയസമക്ഷം അവതരിപ്പിക്കുവാൻ മുൻകൈയെടുത്ത ഇടവക കമ്മറ്റിയെ ഞാൻ അഭിനന്ദിക്കുന്നു.

വിശുദ്ധിയുടെ പൂർണ്ണതയിൽ എത്തിച്ചേരാൻ വിളിക്കപ്പെട്ടവരാണല്ലോ ക്രിസ്ത്യാനികൾ എല്ലാവരും. പുണ്യാത്മാക്കളുടെ മാതൃക വിശുദ്ധിയുടെ മാർഗ്ഗത്തിൽ മുന്നേറുവാൻ ഏറ്റവും ഫലപ്രദമായ ഉപാധിയാണ്. നാം ജീവിക്കുന്ന സാഹചര്യത്തിൽ തന്നെ ജീവിച്ചു പൂർണ്ണത പ്രാപിച്ച ആളുകളുടെ ദൃഷ്ടാന്തം നമുക്കു പ്രത്യേകവിധമായ പ്രചോദനം നല്കാതിരിക്കുകയില്ല.

അനുദിന ജീവിതപ്രശ്നങ്ങളെ വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ സ്വീകരിച്ച് പാവനമാക്കിയതാണ് റവ. ഫാ. അദെയോദാത്തൂസ് O.C.D.യുടെ ജീവിതം. ഒരു മിഷനറിയായിരുന്ന അദ്ദേഹം മിഷനറിയായിത്തന്നെ അന്തരിക്കുകയും ചെയ്തു. ക്രിസ്തുവിനുവേണ്ടി തന്നെത്തന്നെ മുഴുവനായി സമർപ്പിച്ച ഒരു വ്യക്തിയായിരുന്നു അദ്ദേഹം. സുവിശേഷപ്രഘോഷണത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കാൻ അദ്ദേഹം തയ്യാറായിരുന്നു. തീർച്ചയായും അദ്ദേഹം ഒരു പുണ്യപുരുഷനായിരുന്നു. ഇന്നും ദൈവസന്നിധിയിലിരുന്ന് അദ്ദേഹം നമുക്കായി പ്രാർത്ഥിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പാവനസ്മരണയുടെ മുമ്പിൽ നമുക്ക് ആദരാഞ്ജലികളർപ്പിക്കാം.

ഈ ലഘുചരിത്രം വഴി അദ്ദേഹം പ്രവർത്തിച്ചിരുന്ന മലയോരപ്രദേശങ്ങളിലെ എല്ലാ ഭവനങ്ങളിലും ഈ ചരമവാർഷിക ദിനപ്പതിപ്പ് അനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

01.08.1992 **സൂസാപാക്യം**

തിരുവനന്തപുരം തിരുവനന്തപുരം മെത്രാൻ

## മുതിയാവിള വല്യച്ചൻ - വിശുദ്ധനായ മിഷനറി

*റവ. ഫാദർ ജോസഫ് മാലിപ്പറമ്പിൽ*

മുതിയാവിള വല്യച്ചൻ എന്നറിയപ്പെടുന്ന റവ. ഫാദർ അദെയോദാത്തൂസ് O.C.D. ചരമം പ്രാപിച്ചിട്ട് 1992 ഒക്ടോബർ 20ന് ഇരുപത്തിയഞ്ചു കൊല്ലമാകുകയാണ്. ഈയവസരത്തിൽ അദ്ദേഹത്തെ സംബന്ധിക്കുന്ന ഒരു സ്മരണിക 25-ാം ചരമവാർഷികപ്പതിപ്പ് പ്രസിദ്ധീകരിക്കുക ഏറ്റവും സന്തോഷകരമായ ഒരു സുകൃതം തന്നെ. ഇപ്പോഴത്തെ പ്രായമായ തലമുറയ്ക്ക് അദ്ദേഹം സുപരിചിതനാണ്. ഈ തലമുറ മൺമറയുന്നതിനോടുകൂടെ വിസ്മൃതിയിൽപ്പെടേണ്ടയാളല്ല അദെയോദാത്തൂസച്ചൻ. ഭാവ തലമുറക്കാരും അറിഞ്ഞിരിക്കേണ്ട മഹാനും വിശുദ്ധനുമായ ഒരു വ്യക്തിയാണദ്ദേഹം.

വല്യച്ചനുമായി 1955 മുതൽ അദ്ദേഹം ചരമം പ്രാപിക്കുന്ന 1968 വരെ പതിമൂന്നു കൊല്ലത്തെ പരിചയം എനിക്കുണ്ട്. വലിയച്ചനിൽനിന്ന് നേരിട്ടു മനസ്സിലാക്കിയതും, അദ്ദേഹവുമായി പരിചയമുള്ളവരിൽ നിന്ന് അറിഞ്ഞതുമായ വിവരങ്ങളാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

**മറ്റൊരു ഫ്രാൻസിസ് സേവ്യർ:**

ഒരു യൂറോപ്യൻ രാജ്യമായ ബെൽജിയമാണ് അദെയോദാത്തൂസച്ചന്റെ ജന്മദേശം. ഒന്നാം ലോകമഹായുദ്ധത്തിന്റെ കാലത്തു പട്ടാളത്തിൽ ചേർന്നു രാജ്യത്തിനുവേണ്ടി പടവെട്ടിയ ഒരു പട്ടാളക്കാരനായിരുന്നു അദ്ദേഹം. മിലിട്ടറിയിലെ സേവനത്തിനുശേഷം സ്വതന്ത്രനാക്കപ്പെട്ട അദെയോദാത്തൂസ് നേരെ പോയത് ലൂർദ്ദിലേയ്ക്കായിരുന്നു. ലൂർദ്ദുനാഥയുടെ മുമ്പിൽ ദീർഘനേരം മുട്ടുകുത്തി പ്രാർത്ഥിച്ചു: പട്ടാളത്തിൽ നിന്നു വിടുതൽ കിട്ടിയതിനു നന്ദിപറഞ്ഞു; തന്നെക്കുറിച്ചു ഉത്ക്കണ്ഠാകുലയായി തന്റെ പ്രത്യാഗമനത്തെ നോക്കിപ്പാർത്തു വീട്ടിലിരിക്കുന്ന രോഗിണിയായ തന്റെ അമ്മയുടെ ആരോഗ്യത്തിനായി പ്രാർത്ഥിച്ചു; തനിക്കു ഭാര്യയായി ഗുണവതിയായ ഒരു യുവതിയെ കാണിച്ചുകൊടുക്കണമെന്നും ലൂർദ്ദമ്മയോടു പ്രാർത്ഥിച്ചു; ലൂർദ്ദിൽ നിന്നു യാത്ര തുടർന്ന് വീട്ടിലെത്തി; തന്റെ യുദ്ധകാലാനുഭവങ്ങളൊക്കെ അമ്മയുമായി പങ്കുവച്ചു. മകന്റെ പ്രത്യാഗമനത്തിന്റെ ദിവസങ്ങൾ എണ്ണിയെണ്ണിപ്പാർത്തിരുന്ന ആ അമ്മയ്ക്ക് മകന്റെ സാന്നിദ്ധ്യം എത്ര കണ്ട് ആനന്ദപ്രദമായിത്തന്നിരിക്കണം!

ദിവസങ്ങളങ്ങനെ കുറെക്കഴിഞ്ഞു. അദെയോദാത്തൂസ് തന്റെ വിവാഹത്തെപ്പറ്റി ആലോചനയായി; അതൊരത്യാവശ്യമായിത്തോന്നി. രോഗിണിയായ അമ്മയെ സഹായിക്കാൻ ഒരു സ്ത്രീ വേണം; അതിന് താൻ വിവാഹം ചെയ്തേ മതിയാവൂ; ഒരു ദിവസം ഇറങ്ങിത്തിരിച്ചു "പെണ്ണുകാണാൻ". എവിടെയോ ചെന്ന് ആ യുവാവ് ഒരു യുവതിയെ കണ്ടുപിടിച്ചു. കൊള്ളാമെന്നു തോന്നി, തമ്മിലാലോചിച്ചു. രണ്ടുപേർക്കും സമ്മതമായി, വിവാഹമുറപ്പിച്ചു. വീട്ടിൽനിന്നു വിവരമെല്ലാം അമ്മയെ അറിയിച്ചു. പക്ഷെ, അമ്മയുടെ ആഗ്രഹം മകൻ ഒരു വൈദികൻ ആകണമെന്നായിരുന്നു. എങ്കിലും അവൾ മകനെ അവന്റെ തീരുമാനത്തിനു വിടുകയാണ് ചെയ്തത്.

അങ്ങനെയിരിക്കെ അദെയോദാത്തൂസ് ഒരു സന്യാസിയുടെ ജീവചരിത്രം വായിക്കാനിടയായി. ആ വായന അവനിലൊരു ചലനം സൃഷ്ടിച്ചു, ഇരുത്തി ചിന്തിപ്പിച്ചു. തന്റെ ദൈവവിളിയെപ്പറ്റി ഒരു പുനർ ചിന്തനമായി, ഒത്തിരി അസ്വസ്ഥതയും മനഃപ്രയാസവും തോന്നി. ധാരാളം പ്രാർത്ഥിച്ചു, ഹൃദയം നൊന്തു പ്രാർത്ഥിച്ചു. ജീവിതത്തിന് ഒരർത്ഥമുണ്ടെന്നും തന്നെ സംബന്ധിച്ച് അതെന്തായിരിക്കണമെന്നും നിരന്തരമായ പ്രാർത്ഥനയിലൂടെ അവൻ മനസ്സിലാക്കി. ഒരുറച്ച തീരുമാനത്തിലെത്തി. ഒരു സന്യാസി വൈദികനാവുക തന്നെ. ഈ തീരുമാനം അമ്മയെ അറിയിച്ചു. മകൻ ഒരു വൈദികനായിക്കാണുവാൻ അത്യധികം

ആഗ്രഹിക്കുകയും അതിനായി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തിരുന്ന ആ അമ്മയ്ക്ക് ഇതിൽപ്പരമൊരു സന്തോഷത്തിന് എന്തുവേണ്ടൂ.

അദെയോദാത്തൂസിന് ഒരു വലിയ പ്രതിബന്ധമാണ് പിന്നീട് നേരിടേണ്ടിയിരുന്നത്. ആ യുവാവ് ചിന്തിച്ചു താൻ വിവാഹം ചെയ്തു കൊള്ളാമെന്നു വാക്കുകൊടുത്തിരുന്ന യുവതിയെ എങ്ങനെയറിയിക്കും, അതിനെതിരായി ചെയ്ത തീരുമാനം; അവൾക്ക് എത്ര വലിയ മനഃപ്രയാസത്തിന് അതിടയാക്കും. ഏതായാലും ആ വിഷമസന്ധിയും തരണം ചെയ്തേ മതിയാവൂ. അതിനായി അവൻ അവളുടെ വീട്ടിൽപ്പോയി, താനുമായി ചെയ്ത വിവാഹനിശ്ചയത്തിൽ നിന്ന് അവൾ പിന്മാറണമെന്നും ഒരു സന്യാസിയാകുന്നതിനു തന്നെ സ്വതന്ത്രനാക്കി വിടണമെന്നും അവളെ അറിയിച്ചു. ഇരുവർക്കും ഹൃദയഭേദകമായിരുന്നു ആ നിമിഷങ്ങൾ. ആ യുവതിക്ക് അതൊരു പുതിയ അനുഭവമായിരുന്നു. ദൈവഭക്തയായ അവൾക്ക് അതൊരു ഉൾക്കാഴ്ചയായിരുന്നു; ദൈവത്തിന്റെ അദൃശ്യമായ കരങ്ങൾ അവരിരുവരെയും വേറൊരു വഴിയിലേയ്ക്കു തിരിച്ചുവിടുന്നതായി അവൾ ദർശിച്ചു. പിന്നെയൊട്ടും വൈകിയില്ല, ഭാവുകമാശംസിച്ചും നന്മകൾ നേർന്നും അവൾ അദെയോദാത്തൂസിനെ യാത്രയാക്കി. അന്നത്തെ ആ വാക്കുമാറ്റം ആ യുവത്തിടമ്പുകൾക്ക് അപ്പോൾ ഹൃദയഭേദകമായി തോന്നിയെങ്കിലും പിൽക്കാലത്ത് അതവർക്ക് വലിയ നേട്ടങ്ങൾക്കു കാരണമായി. അദെയോദാത്തൂസ് സന്യാസവൈദികനാകാൻ സെമിനാരിയിൽ ചേർന്നപ്പോൾ, ആ യുവതി സന്യാസിനിയാകാൻ മഠത്തിലും ചേർന്നു. അദെയോദാത്തൂസ് ഒരു മിഷനറിയായി അനേകം ഇടവകകളിൽ അനേകായിരങ്ങളുടെ പിതാവായപ്പോൾ അവൾ ഒരു സന്യാസിനിയായി, മഠാധിപതിയായി അനേകം അനാഥകുഞ്ഞുങ്ങളുടെ മാതാവായി; ദൈവത്തിന്റെ വഴികൾ എത്ര നിഗൂഢം!

വി. ഫ്രാൻസിസ് സേവ്യറിന്റേതുപോലെയൊരു വഴിത്തിരിവായിരുന്നു അദെയോദാത്തൂസച്ചന്റെ ജീവിതത്തിലും കാണുന്നത്. വിശ്വവിഖ്യാതമായ പാരീസ് സർവ്വകലാശാലയിലെ പ്രശസ്തമായ പ്രൊഫസറുദ്യോഗം വലിച്ചെറിഞ്ഞ് ഒരു മിഷനറി വൈദികനാകാൻ ഏതൊന്നാണോ ഫ്രാൻസിസ് സേവിയറിനെ പ്രേരിപ്പിച്ചത് ആ പരാശക്തി തന്നെയാണ്. ലോകത്തിന്റെ വാഗ്ദാനങ്ങളായ സുഖസന്തോഷങ്ങളെല്ലാം പരിത്യജിച്ച് കർക്കശമായ സന്യാസജീവിതം ആശ്ലേഷിക്കുവാൻ യുവാവായ അദെയോദാത്തൂസിനെയും പ്രചോദിപ്പിച്ചത്.

**പരിത്യാഗിയായ സന്യാസി:**

ബെൽജിയത്തു ഫ്ളാന്റേഴ്സ് പ്രോവിൻസിൽപ്പെട്ട കർമ്മെലീത്താ ഒന്നാം സഭയുടെ ഒരാശ്രമത്തിലാണ് അദെയോദാത്തൂസ് ചേർന്ന് വൈദികനായത്. ആ സഭയുടെ കർക്കശമായ നിയമങ്ങളൊക്കെ ശരിക്കു മനസ്സിലാക്കി കൊണ്ടുതന്നെയാണ് അദ്ദേഹം അവിടെ ചേർന്നത്. ആണ്ടുവട്ടം മുഴുവനും മാംസം വർജ്ജിച്ചു നോമ്പു നോക്കുക, ആണ്ടുതോറും സെപ്തംബർ 14-ാം തിയതി മുതൽ ഉയിർപ്പു തിരുനാൾ വരെയുള്ള ആറുമാസത്തോളം തുടർച്ചയായി എല്ലാ ദിവസവും ഉപവാസം അനുഷ്ഠിക്കുക, എല്ലാ ദിവസവും പാതിരായ്ക്ക് എണീറ്റ് യാമപ്രാർത്ഥന നടത്തുക മുതലായ കഠിനമായ നിയമങ്ങൾ കണിശമായി പാലിച്ച ഒരു സന്യാസിയാണദ്ദേഹം. നിയമാനുസൃതമായ തപോവൃത്തികൾക്കു പുറമേ മുള്ളരഞ്ഞാണം, ചമ്മട്ടിയടി മുതലായവ ഉപയോഗിച്ച് അദ്ദേഹം തന്റെ സന്യാസജീവിതം ഉപരിയുപരി ധന്യമാക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. (കർമ്മെലീത്താ ഒന്നാം സഭയുടെ കർക്കശമായ നിയമങ്ങൾക്ക് അയവുണ്ടായത് രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷമാണ്). അദെയോദാത്തൂസച്ചനെ കാണുന്നവർക്ക് പ്രഥമദൃഷ്ട്യാ മനസ്സിലാക്കുവാൻ സാധിക്കും, അദ്ദേഹം കർമ്മയോഗിയായ ഒരു സന്യാസിയാണെന്ന്. അദ്ദേഹം ധരിച്ചിരുന്ന വസ്ത്രങ്ങളും താമസിച്ചിരുന്ന മുറിയും, ഉപയോഗിച്ചിരുന്ന വസ്തുക്കളുമെല്ലാം

സന്യാസദാരിദ്ര്യത്തിന്റെ പ്രതീകങ്ങളായിരുന്നു. കാപ്പിപ്പൊടിയുടെ നിറമുള്ള പരുക്കൻ കുപ്പായം ധരിച്ച്, മിലിട്ടറിക്കാരന്റേതു പോലെയൊരു ഭാണ്ഡം, മുതുകിൽ വഹിച്ച് തന്നോളം നീളമുള്ള ഒരു വടിയും കുത്തി, താടിമീശയും തലോടി സുസ്മേരവദനനായി നടന്നു വരുന്ന ആ സന്യാസി വര്യന്റെ സാമീപ്യം ഏവർക്കുമൊരു നിർവൃതിയാണ് ഉളവാക്കിയത്. ദരിദ്രനായി ജനിച്ച്, ദരിദ്രനായി ജീവിച്ച്, ദരിദ്രനായി മരിച്ച യേശുക്രിസ്തുവിന്റെ ഒരു യഥാർത്ഥ ശിഷ്യനെന്ന് ഏവരും സമ്മതിക്കുന്ന ഒരു മഹാപരിത്യാഗിയായ സന്യാസിയായിരുന്നു അദെയോദാത്തൂസച്ചൻ.

**ആത്മാക്കളെ തേടി കാരാഗൃഹങ്ങളിലേയ്ക്ക്:**

ബെൽജിയത്തു നിന്ന് കേരളത്തിലേയ്ക്ക് ഒരു മിഷനറിയായി വന്ന അദെയോദാത്തൂസച്ചൻ തിരുവനന്തപുരത്ത് പാങ്ങോട് ആശ്രമത്തിൽ താമസിച്ചുകൊണ്ടാണ് തന്റെ പ്രവർത്തനമാരംഭിച്ചത്. തിരുവനന്തപുരത്തായിരുന്നിടത്തോളം കാലം അദ്ദേഹം സെൻട്രൽജയിലിലെ ജയിൽവാസികളുടെ ചാപ്ലിനാ(ആദ്ധ്യാത്മികപിതാവ്)യിരുന്നു. ജയിൽവാസികളിൽപലരും അദ്ദേഹം വഴിയായി മാനസാന്തരപ്പെട്ടു സന്മാർഗ്ഗികളായിട്ടുണ്ട്. അദ്ദേഹത്തിന് ഏറ്റം ഇഷ്ടപ്പെട്ട ഒരു സേവനമായിരുന്നു. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട കുറ്റവാളികളെ സന്ദർശിച്ച് അവരെ വിശ്വാസത്തിലും പ്രസാദവരത്തിലും ഉറപ്പിച്ചു നിർത്തി. നൽമരണത്തിനൊരുക്കുക എന്നത്, കുറ്റവാളിയെ തൂക്കിലിടുന്ന സമയത്ത് അദെയോദാത്തൂസച്ചനും അവിടെയെത്തും; അയാളുടെയടുക്കൽ നിന്നുകൊണ്ട് ഉപദേശങ്ങൾ നല്കും. അയാളെ തൂക്കുമരത്തിലേറ്റുമ്പോൾ ഉറക്കെ ദൈവനാമം ചൊല്ലിക്കൊടുക്കും. ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശം ഓതിക്കൊടുത്തു ധൈര്യപ്പെടുത്തും.

തിരുവനന്തപുരത്തെ ഭ്രാന്താശുപത്രിയിലായിരുന്നു അദെയോദാത്തൂസച്ചന്റെ മറ്റൊരു സേവനരംഗം. അവിടുത്തെ അന്തേവാസികളെ കൂടെക്കൂടെ സന്ദർശിക്കുന്നതിനും അവർക്കാവശ്യമായ എല്ലാ പരികർമ്മങ്ങളും ചെയ്യുന്നതിനും അദ്ദേഹം സന്നദ്ധനായിരുന്നു. ഊളമ്പാറയിലെ (പേരൂർക്കട) മാനസികരോഗികളെ തന്റെ പ്രേഷ്ഠസഹോദരങ്ങളായിട്ടാണ് അദ്ദേഹം കരുതിയത്.

**സ്നേഹസമ്പന്നനായ പിതാവ്:**

അദെയോദാത്തൂസച്ചന്റെ കർമ്മക്ഷമത മനസ്സിലാക്കിയ അധികാരികൾ അദ്ദേഹത്തെ തിരുവനന്തപുത്തു നിന്നു മാറ്റി അതിവിപുലമായ പ്രവർത്തനസാദ്ധ്യതയുള്ള വേറൊരു മേഖലയിൽ നിയമിച്ചു. അദ്ദേഹത്തിന്റെ അദമ്യമായ മിഷൻ ആവേശം പ്രാവർത്തികമാക്കുന്നതിനുപറ്റിയതായിരുന്നു ആ മേഖല. മുതിയാവിളപ്പള്ളിയിൽ താമസിച്ച് അതു കേന്ദ്രമാക്കിക്കൊണ്ട് അദ്ദേഹം പ്രവർത്തനമാരംഭിച്ച്. അതു മുതലാണ് അദെയോദാത്തൂസച്ചൻ "*മുതിയാവിള വല്യച്ചൻ*" എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങിയത്. അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയിൽപ്പെട്ട ഇടവകപ്പള്ളികളും പള്ളിയില്ലാത്ത ഇടവകകളും മിഷൻ സ്റ്റേഷനുകളും സബ്സ്റ്റേഷനുകളുമായി ഇതുപതിലേറെ ആരാധനാലയങ്ങളിൽ അദ്ദേഹത്തിനു പോകണമായിരുന്നു ദിവ്യബലിയർപ്പിക്കുവാൻ. അവയിൽ പലയിടത്തേയ്ക്കും മുതിയാവിളയിൽനിന്നും എട്ടും പത്തും മൈൽ ദൂരമുണ്ട്. അവിടെയെല്ലാം അക്കാലത്ത് നടന്നു തന്നെ പോകേണ്ടിയിരുന്നു. എല്ലായിടത്തും നിശ്ചിതദിവസങ്ങളിൽ മാറിമാറിപ്പോകും. പോകുന്നിടത്തെല്ലാം ആളുകൾ തിങ്ങിക്കൂടും - തിരുക്കർമ്മങ്ങളിൽ സംബന്ധിക്കാനും, അതിനുശേഷം വലിയച്ചനെ കണ്ടു സംസാരിക്കാനും, അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾ വാങ്ങിക്കാനും അവർക്ക് നൂറു നൂറു കാര്യങ്ങളുണ്ടാകും ആ സ്നേഹപിതാവിനോട് പറയാൻ. കുടുംബത്തലവന്മാർക്ക് കുടുംബത്തിലെ പ്രയാസങ്ങളും പ്രശ്നങ്ങളും അറിയിക്കാനുണ്ടാകും. സ്ത്രീകൾക്കാവശ്യം അവരുടെയും അവരുടെ കുഞ്ഞുങ്ങളുടെയും തലയിൽ വല്യച്ചൻ കൈവച്ച് അനുഗ്രഹിക്കണമെന്നാണ്, ബാലികാബാലന്മാരും വല്യച്ചന്റെ

കൈവച്ച് അനുഗ്രഹിക്കണമെന്നാണ്, ബാലികാബാലന്മാരും വല്യച്ചന്റെ ചുറ്റും തിങ്ങിക്കൂടും, അദ്ദേഹം അവരെ കയ്യിലെടുത്തു പൊക്കാൻ. ഇങ്ങനെ അവിടെ കൂടുന്ന ആബാലവൃദ്ധം ജനങ്ങൾ വല്യച്ചന്റെ അനുഗ്രഹങ്ങൾ വാങ്ങിയശേഷമേ സ്ഥലം വിടൂ.

തിരുക്കർമ്മങ്ങൾ കൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെടാറില്ല. ഏതു സ്ഥലത്തുപോയി ബലിയർപ്പിക്കുന്നുവോ അവിടുത്തെ വീടുകളും സാധിക്കുന്നിടത്തോളം അദ്ദേഹം സന്ദർശിക്കും, പ്രത്യേകിച്ചു. രോഗികളുടെയും തന്നോടാവശ്യപ്പെടുന്നവരുടെയും വീടുകൾ. ഭക്ഷണകാര്യം അദ്ദേഹത്തിനൊരു പ്രശ്നമല്ല. ചെല്ലുന്ന സ്ഥലത്ത് അഥവാ നടക്കുന്ന വഴിക്ക് ആരെങ്കിലും എന്തെങ്കിലും കൊടുത്താൽ അതു കഴിച്ചുകൊള്ളും. രാത്രിയാകും താമസസ്ഥലത്തെത്തുക. എത്ര രാത്രിയായാലും പ്രാർത്ഥന മുടക്കുകയില്ല. നടക്കുന്നതുതന്നെ പ്രാർത്ഥനകൾ ഉരുവിട്ടുകൊണ്ടാണ്.

ക്രൈസ്തവർ മാത്രമല്ല അന്യമതസ്ഥരും അദ്ദേഹത്തെ ഒരു വിശുദ്ധനായി ആദരിക്കുകയും അദ്ദേഹത്തെ സമീപിച്ച് അനുഗ്രഹാശിസ്സുകൾ വാങ്ങിക്കുകയും ചെയ്തിരുന്നു. അവരും അദ്ദേഹത്തെ ഒരു പിതാവായിട്ടാണ് കരുതിയത്. അവശതയനുഭവിക്കുന്നവരോടും നിസ്സീമമായ അനുകമ്പയും കരുണയും കാണിച്ച ഒരു മനുഷ്യസ്നേഹിയാണദ്ദേഹം; അവരുടെയാവശ്യങ്ങളും ബുദ്ധിമുട്ടുകളുമൊക്കെയും ചെയ്യും. ആവശ്യമെന്നു കണ്ടാൽ അവശതക്കാരന്റെ വീട്ടിൽ സഹായവുമായി ഓടിയെത്തും. അദെയോദാത്തൂസച്ചൻ ഏതെല്ലാം മണ്ഡലങ്ങളിലും രംഗങ്ങളിലും സ്ഥാപനങ്ങളിലും പ്രവർത്തിച്ചിട്ടുണ്ടോ അവിടെയെല്ലാമുള്ള എല്ലാവരുടെയും ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ പ്രാപിച്ച, അവരുടെയൊക്കെ സ്നേഹസമ്പന്നനായ പിതാവാണദ്ദേഹം.

**വനാന്തരങ്ങളിലേയ്ക്കൊരു ദൈവദൂതൻ:**

നെയ്യാറ്റിൻകര താലൂക്കിന്റെ വടക്കുകിഴക്കൻ ഭാഗമായിരുന്നു അദെയോദാത്തൂസച്ചന്റെ പ്രവർത്തനരംഗം. അന്ന് അതൊരു മിഷൻ പ്രദേശമായിരുന്നു. മുതിയാവിള വലിയച്ചനെ പോലെയൊരു തീക്ഷ്ണമതിയായ മിഷനറിക്കേ സാധിക്കൂ. ആ പ്രദേശങ്ങളിലെ കുന്നും മലയും കാടും കാട്ടുവഴിയുമൊക്കെ കടന്ന് എന്തെങ്കിലും പ്രവർത്തിക്കാൻ. അദ്ദേഹത്തിന്റെ പ്രവർത്തനമേഖലയിലെ ഏറ്റം ദുർഘടമായ രണ്ടിടവകകളായിരുന്നു അക്കാലത്ത് മായവും അമ്പൂരിയും. തൊടുപുഴ, മീനച്ചിൽ, ചങ്ങനാശ്ശേരി താലൂക്കുകളിൽനിന്ന് 1930 മുതൽ കുടിയേറിപ്പാർത്തവരായിരുന്നു അന്നവിടെയുണ്ടായിരുന്ന ക്രൈസ്തവർ. ഇടയനില്ലാത്ത ആടുകളെപ്പോലെ അവർ അലഞ്ഞുതിരിയുകയായിരുന്നു കുറെക്കാലത്തേയ്ക്ക്. മലമ്പനി, വസൂരി, കോളറ തുടങ്ങിയ സാംക്രമികരോഗങ്ങൾ ബാധിച്ചു പലപ്പോഴായി ഒട്ടേറെപ്പേർ മരിച്ചു. മലമ്പനിയുടെ തേർവാഴ്ചയായിരുന്നു, ആ പ്രദേശത്ത് 1940-കളുടെ അവസാനം വരെ. ആ കാലയളവിൽ കുടിയേറിയവരിൽ അനേകംപേർ മരിച്ചു. വൈദികനില്ല, സിമിത്തേരിയില്ല, മരിച്ചവരെ അവരുടെ പുരയിടത്തിൽത്തന്നെ സംസ്ക്കരിച്ചു. തന്റെ വീട്ടിൽ തലേദിവസവും പിറ്റേദിവസവുമായി മൂന്നു കുട്ടികൾ മരിച്ചുവെന്നും, മൂന്നിനെയും പറമ്പിൽ ഒരു കുഴിയിൽ തന്നെ സംസ്ക്കരിച്ചുവെന്നും ആ കുട്ടികളുടെ പിതാവ് എന്നോടു പറയുകയുണ്ടായി. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ഇങ്ങനെ നാനാവിധമായ യാതനകളുടെ നടുക്കയത്തിൽക്കിടന്നു കഷ്ടപ്പെട്ടവരുടെ പക്കലേയ്ക്കാണ് ശാന്തിയുടെയും സമാധാനത്തിന്റെയും സമാശ്വാസത്തിന്റെയും ദൗത്യവുമായി അദെയോദാത്തൂസച്ചൻ കയറിച്ചെല്ലുന്നത്. അദ്ദേഹം അവർക്കൊരു ദൈവദൂതനായിരുന്നു; സ്നേഹപിതാവായിരുന്നു. ആ മക്കളുടെ കഷ്ടപ്പാടുകളോർത്ത് ആ സ്നേഹപിതാവു ഹൃദയം നൊന്തു വേദനിച്ചു. അവർക്കുവേണ്ടി പ്രാർത്ഥിച്ചു. ആ പ്രദേശത്തെയും അവിടുത്തെ ആളുകളെയും ബാധിച്ചിരുന്ന നാരകീയശക്തികളെയൊക്കെ ആട്ടിപ്പായിച്ചു. അദ്ദേഹം അവിടമൊക്കെ ആശീർവ്വദിച്ചശേഷമേ ഈ പ്രദേശത്തു കുഞ്ഞുങ്ങൾ വാഴാൻ തുടങ്ങിയിട്ടുള്ളു

വെന്നും അവർ പറഞ്ഞറിഞ്ഞിട്ടുണ്ട്.

വല്യച്ചന്റെ പിന്നിൽ ആളുകളെല്ലാം എന്തിനും അണിനിരന്നു. മായത്തും അമ്പൂരിയിലും ഷെഡുകൾ ഉയർന്നു. ആ ഷെഡുകളിൽ വലിയച്ചൻ ബലിയർപ്പിച്ചു. കൂദാശകൾ പരികർമ്മം ചെയ്തു. വീടുവീടാന്തരം കയറിയിറങ്ങി പ്രാർത്ഥിച്ചു. കുഞ്ഞുങ്ങളുടെ തലയിൽ കൈവച്ച് അനുഗ്രഹിച്ചു.

മായത്തും അമ്പൂരിയിലും വല്യച്ചൻ ചെല്ലുന്നത് അവിടുത്തെയാളുകൾക്ക് സ്വർഗ്ഗം കിട്ടുന്ന അനുഭവമായിരുന്നു. ബസ്സില്ലാത്ത കാലമായിരുന്നതിനാൽ, പതിമൂന്ന് മൈൽ നടന്നാണ് മായത്തെത്തുക. മിക്കവാറും വൈകുന്നേരമോ രാത്രിയിലോ ആണ് അവിടെയെത്തുന്നത്. പള്ളിയോ പള്ളിമുറിയോ ഇല്ലാത്തതിനാൽ ഏതെങ്കിലുമൊരു വീട്ടിൽ രാത്രി കഴിച്ചുകൂട്ടും. രാത്രിയിൽ ആളുകൾ ഉറക്കംപിടിച്ചശേഷമാണ് ചെല്ലുന്നതെങ്കിൽ ആരെയും ശല്യപ്പെടുത്താതെ ഒരു വീട്ടുതിണ്ണയിൽക്കയറി ഭാണ്ഡത്തിൽനിന്നു രണ്ടു ഷീറ്റെടുത്ത് ഒന്നു നിലത്തുവിരിച്ചു മറ്റേതു പുതച്ചും ഭാണ്ഡം തലയിണയാക്കിയും ചുരുണ്ടുകൂടി കിടന്നുറങ്ങിക്കൊള്ളും. വല്യച്ചൻ ദിവ്യപൂജയ്ക്കായി വന്നിരിക്കുന്നത് നിമിഷനേരം കൊണ്ട് എല്ലാവരുമറിയും, ഒന്നൊഴിയാതെ എല്ലാവരും വന്നു പൂജയിൽ സംബന്ധിക്കും. എല്ലാവരേയും കുമ്പസാരിപ്പിച്ചശേഷമേയുള്ളു വിശുദ്ധ കുർബ്ബാന.

വിശുദ്ധ കുർബ്ബാന കഴിഞ്ഞു പുറത്തിറങ്ങിയ ശേഷമുള്ള പരിപാടി രസകരമാണ്. ചിലയാളുകൾ തലേമാം വല്യച്ചനോടു പറഞ്ഞിട്ടുണ്ടാവും, പിറ്റേ മാസം വരുമ്പോൾ ചന്തയിൽ (കടയിൽ)നിന്ന് വരുമ്പോൾ ചില സാധനങ്ങൾ കൊണ്ടുവരണമെന്ന് – ഒരാൾക്കൊരു നോട്ടുബുക്കായിരിക്കും, വേറൊരാൾക്ക് ഒരു കുപ്പിമഷിയായിരിക്കും, മൂന്നാമതൊരാൾക്ക് കുറെ അങ്ങാടിമരുന്നായിരിക്കും, ഒരു സ്ത്രീക്ക് ഒരു റാത്തൽ ഉപ്പ്, വേറൊരു സ്ത്രീയ്ക്ക് അരറാത്തൽ കുടമ്പുളി. ഇങ്ങനെ ഓരോരുത്തർ ആവശ്യപ്പെട്ട സാധനങ്ങളെല്ലാം വാങ്ങിച്ച് അദ്ദേഹം ഭാണ്ഡത്തിൽ കൊണ്ടുവന്നിട്ടുണ്ടാകും. അവയെല്ലാം ആവശ്യക്കാർക്ക് വിതരണം ചെയ്യുകയാണ് വിശുദ്ധ കുർബ്ബാനയ്ക്കു ശേഷമുള്ള പരിപാടി. വിതരണം കഴിഞ്ഞു വലിയച്ചൻ ഓരോരുത്തരോടും ചോദിക്കും, "*സഹോദരാ, സഹോദരീ, അടുത്ത പ്രാവശ്യം വരുമ്പോൾ നിനക്ക് എന്തു വാങ്ങിക്കൊണ്ടു വരണം?*" മായത്തും അമ്പൂരിയിലും പോകുമ്പോഴൊക്കെ വലിയച്ചന്റെ പതിവായ പരിപാടികളാണ് മേല്പറഞ്ഞതെല്ലാം.

ഒരിക്കൽ മായത്തെ വിശുദ്ധ കുർബ്ബാനയ്ക്കുശേഷം ചുറ്റും കൂടിയ ആളുകളോട് പതിവുപോലെ വല്യച്ചൻ ചോദിച്ചു, അടുത്ത ഞായറാഴ്ച എന്താണ് വാങ്ങിക്കൊണ്ടുവരേണ്ടത്? പലരും പലതും പറഞ്ഞു. അക്കൂട്ടത്തിൽ മംഗലശ്ശേരി ഔസേപ്പുചേട്ടനും പറഞ്ഞു, ഒരു കൂട്ടം വാങ്ങിച്ചു കൊണ്ടുവരണമെന്ന്. ഇതു സംബന്ധിച്ച് ഔസേപ്പുചേട്ടനും വല്യച്ചനും തമ്മിൽ നടന്ന സംഭാഷണം ഔസേപ്പുചേട്ടൻ എന്നോടു പറഞ്ഞത് അതേപടി ഇവിടെ ചേർക്കുന്നു:

വല്യച്ചൻ: *സഹോദരാ, സഹോദരനെന്തു വേണം?*

ഔസേപ്പ്: *വല്യച്ചാ, എനിക്കൊരു പാന വാങ്ങിക്കൊണ്ടു വരണം.*

വല്യച്ചൻ: *ഹോ സഹോദരാ, പാനയോ?*

ഔസേപ്പ്: *അതേ, വല്യച്ചാ, ഒരു പാന.*

വല്യച്ചൻ: *സഹോദരാ, പാന വേണം, ഇല്ലേ?*

ഔസേപ്പ്: *വേണമല്ലോ വലിയച്ചാ, ഒരു പാന വേണം.*

വല്യച്ചൻ: *വേണം ഇല്ലേ, കൊണ്ടുവരാം സഹോദരാ, വല്ലപാടും കൊണ്ടുവരാം. പാന എന്റെ ഭാണ്ഡത്തിൽ ഒതുങ്ങുകയില്ല. എന്നാലും, കൊണ്ടുവരാം. കയ്യിൽ തൂക്കി*

*ക്കൊണ്ടുവരാം.*

ഔസേപ്പ്: *അയ്യോ വല്യച്ചാ, വല്യച്ചനെന്നതാ മനസ്സിലായത്?*

വല്യച്ചൻ: *പാനക്കലം അല്ലേ സഹോദരാ?*

ഔസേപ്പ്: *എന്റെ വലിയച്ചാ, വല്യച്ചനെക്കൊണ്ടു ഞാൻ കലം ചുമപ്പിക്കുമോ? കലമല്ല വലിയച്ചാ, പാനപ്പുസ്തകമാ.*

വല്യച്ചൻ: *ഹോ സഹോദരാ, കൊണ്ടുവരാം, കൊണ്ടുവരാം.*

ഇതിൽനിന്നും മനസ്സിലാക്കാമല്ലോ അദെയോദാത്തൂസച്ചന്റെ മഹത്വം. മായത്തെ വിശുദ്ധ കുർബ്ബാനയും വീടു സന്ദർശനങ്ങളും കഴിഞ്ഞ് മൂന്നു മൈൽ നടന്ന് അമ്പൂരിയിലെത്തും. അവിടെയും പരിപാടികൾ മായത്തേതുപോലെ തന്നെ. പിറ്റേദിവസം രാവിലെ വിശുദ്ധ കുർബ്ബാന കഴിഞ്ഞ് അവിടെയും വീടു സന്ദർശനമുണ്ട്. അമ്പൂരിയിൽനിന്നു പതിനാറുമൈൽ നടന്നാണ് മുതിയാവിളയെത്തുന്നത്. പോകുന്ന വഴിക്കുള്ള വീടുകൾ സന്ദർശിച്ച്, പ്രാർത്ഥിച്ച്, ആശീർവ്വാദങ്ങൾ നല്കി മുതിയാവിളയെത്തുമ്പോൾ രാത്രിയാകും. തങ്ങൾക്കുവേണ്ടി ഇത്രമാത്രം ബുദ്ധിമുട്ടു സഹിക്കുകയും കഷ്ടപ്പെടുകയും തങ്ങളെ ഇത്രയധികം സ്നേഹിക്കുകയും ചെയ്ത ആ നല്ല പിതാവിനെ മായം അമ്പൂരി പ്രദേശത്തെ ആളുകൾ എങ്ങനെ വിസ്മരിക്കും. ഇപ്പോൾ മായത്തും അമ്പൂരിയിലുമുള്ളവരുടെ മാത്രമല്ല, അവിടങ്ങളിൽനിന്നുപോയി താമസിക്കുന്ന തേക്കുപാറ, ആറ്റുകാണി, കറ്റുവാ, വാവോട്, രാജഗിരി എന്നീ സ്ഥലങ്ങളിലുള്ളവരുടെയും സ്നേഹപിതാവാണ് മുതിയാവിള വല്യച്ചൻ. അദ്ദേഹത്തെ കണ്ടിട്ടില്ലാത്ത ഈ സ്ഥലങ്ങളിലുള്ള യുവജനങ്ങളും ബാലികാ ബാലന്മാരുംപോലും മനസ്സിലാക്കിയിട്ടുണ്ട് മതിയാവിള വല്യച്ചൻ ആരാണെന്ന്, ഇപ്പറഞ്ഞ സ്ഥലങ്ങളിലെ ആബാലവൃദ്ധം ജനങ്ങൾ തങ്ങളുടെ മുൻഅജപാലകന്മാരിൽവച്ച് ഏറ്റവുമധികം ആദരിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്നത് മുതിയാവിള വല്യച്ചനെയല്ലാതെ മറ്റാരെയുമല്ല.

**നർമ്മബോധമുള്ള രസികഹൃദയൻ:**

അദെയോദാത്തൂസച്ചൻ പരമഭക്തനായണ്, താപസശ്രേഷ്ഠനാണ്, പ്രാർത്ഥനയുടെ മനുഷ്യനാണ്. അതേസമയം അദ്ദേഹം നർമ്മബോധമുള്ള, മനുഷ്യത്വമുള്ള മനുഷ്യനായിരുന്നു. ശുദ്ധഗതിക്കാരനായ അദ്ദേഹത്തിന് വക്രതയെന്തെന്നറിയില്ല. അതുകൊണ്ട് അദ്ദേഹത്തെ കളിപ്പിക്കാൻ ആർക്കും സാധിക്കും. പറയുന്നതൊക്കെ വിശ്വസിക്കും. അദ്ദേഹം പാങ്ങോട്ടാശ്രമത്തിലായിരുന്നപ്പോൾ അവിടെ അന്നുണ്ടായിരുന്ന ചില സന്യാസ വൈദിക വിദ്യാർത്ഥികൾ അദ്ദേഹത്തെ ചിലപ്പോഴൊക്കെ കളിപ്പിക്കുമായിരുന്നു. ഉല്ലാസസമയത്തെ രസത്തിനുവേണ്ടി, കളിപ്പക്കലാണെന്ന് ആദ്യം അദ്ദേഹത്തിനു മനസ്സിലാവുകയില്ല; അത് മനസ്സിലാകുമ്പോൾ അശേഷം ക്ഷോഭിക്കയില്ലെന്നു മാത്രമല്ല, ഹൃദയം തുറന്നാഹ്ലാദിച്ചു പൊട്ടിച്ചിരിച്ച് ആ രസത്തിൽ പങ്കു ചേരും. ബർണാർഡിൻ, തദ്ദേവൂസ്, ബൊനെഞ്ചർ തുടങ്ങിയ വൈദിക വിദ്യാർത്ഥികളായിരുന്നു അദെയോദാത്തൂസച്ചനെ കളിപ്പിച്ച വിരുതന്മാർ.

ഒരിക്കൽ അവർ ഒരു പാമ്പുകളി സംഘടിപ്പിച്ചു. കിണറ്റു കയറിന്റെ വണ്ണവും രണ്ടടി നീളവുമുള്ള ഒരു കഷണം ടയർ ഉല്ലാസസ്ഥലത്തിന് അല്പം അകലെയായി, ഒരു മങ്ങിയ വെളിച്ചം മാത്രമുള്ളിടത്തു കൊണ്ടുപോയി ഇട്ടു. അത്താഴത്തിനുശേഷം അച്ചന്മാരും ശമ്മാശ്ശന്മാരുമൊക്കെ ഉല്ലാസത്തിനു സമ്മേളിച്ചു. അദേയോദാത്തൂസച്ചനുമുണ്ട്. വളരെ ഭവ്യതയോടെ അദ്ദേഹത്തിന് അകമ്പടി സേവിച്ചുകൊണ്ട് അടുത്തുതന്നെയുണ്ട് ബെർണാർഡിനും, തദ്ദേവൂസും. ഇവർ രണ്ടുപേരും തമ്മിലൊരു സംഭാഷണം എടുത്തിട്ടു.

ബെർണാർഡിൻ: *എടാ തദ്ദേവൂസേ, നോക്കൂ, അവിടെയാന്താണാക്കിടക്കുന്നത്?*

തദ്ദേവൂസ്: *ശരിയാ, എന്തോ കിടപ്പുണ്ട്, അനങ്ങുന്നപോലെ തോന്നുന്നു.*

ബെർണാർഡിൻ: *അതേയതേ, അനങ്ങുന്നുണ്ട്.*

തദ്ദേവൂസ്: *വല്ല പാമ്പോ മറ്റോ ആയിരിക്കുമോ?*

അദെയോദാത്തൂസച്ചൻ ശ്രദ്ധാലുവായി സൂക്ഷിച്ചുനോക്കി, പാമ്പു തന്നെയെന്ന് തീർച്ചപ്പെടുത്തി. വടി കൊണ്ടുവരാൻ പറഞ്ഞു. വടി കൊണ്ടുവന്നു. ധൈര്യപ്പെട്ട് മുമ്പോട്ടു ചെന്ന് ശക്തിയൊക്കെയെടുത്ത് ആഞ്ഞടിച്ചു. പാമ്പ് എടുത്തൊരു ചാട്ടം. വീണ്ടുംവീണ്ടുമടിച്ചു. അതിനതിനു പാമ്പ് മേല്പോട്ടു ചാട്ടമാണ്. അടി കുറെ ആയപ്പോൾ സുപ്പീരിയറിന്റെ ഓർഡർ. "Please stop. അടി നിർത്തൂ". അടക്കിനിർത്തിയിരുന്ന ചിരി പൊട്ടിത്തെറിച്ചു. തനിക്കു പറ്റിയ അമളിയുടെ പേരിൽ അദെയോദാത്തൂസച്ചനും പൊട്ടിച്ചിരിച്ചു.

വേറൊരിക്കൽ വൈദിക വിദ്യാർത്ഥികൾ സംഘടിപ്പിച്ചത് ഒരു കുറുക്കൻകളിയായിരുന്നു. അക്കാലത്ത് ആശ്രമത്തിന്റെ കാമ്പസിൽ ധാരാളം കാടുകളും, കാട്ടിൽ ധാരാളം കുറുനരികളുമുണ്ടായിരുന്നു. നരികൾ ആശ്രമത്തിനടുത്തു വന്നു കൂവാറുണ്ടായിരുന്നു. ഒരിക്കൽ അദെയോദാത്തൂസച്ചൻ പറയുകയാണ്, ഒരു കുറുക്കനെ പിടിക്കണമെന്ന്. ശമ്മാശന്മാർക്കും ഉത്സാഹമായി കുറുക്കനെ പിടിക്കുന്ന കാര്യത്തിൽ. ഒരു ദിവസം അത്താഴത്തിനുശേഷം വൈദികവിദ്യാർത്ഥിയായ തദ്ദേവൂസ് കുറുക്കന്റെ റോൾ അഭിനയിച്ചു; ആശ്രമത്തിനടുത്തുള്ള തോട്ടത്തിൽ ഒളിച്ചിരുന്നു കുറുക്കനെപ്പോലെ കൂവാൻ തുടങ്ങി. വൈദികവിദ്യാർത്ഥികൾ അദെയോദാത്തൂസച്ചനെ ചൂടു കേറ്റി. അവനെ എറിഞ്ഞ വീഴിക്കണമെന്നു പറഞ്ഞ് അച്ചൻ ഏറാരംഭിച്ചു. കുറുക്കൻ കല്ലേറ് ഏല്ക്കാതെ മാറിമാറിയിരുന്നു കൂവി. അങ്ങോട്ടെല്ലാം വല്യച്ചൻ എറിയാനും തുടങ്ങി. ഒടുവിൽ എല്ലാവരും പൊട്ടിച്ചിരിച്ചപ്പോഴാണ് അതൊരു കളിപ്പിക്കലാണെന്നു അദ്ദേഹത്തിനു മനസ്സിലായത്. എല്ലാവരോടും ചേർന്ന് അദെയോദാത്തൂസച്ചനും പൊട്ടിച്ചിരിച്ചു.

**ആദരണീയനായ ആദ്ധ്യാത്മീകോപദേഷ്ടാവ്:**

അദെയോദാത്തൂസച്ചന്റെ സുപ്രധാനമായ ഒരു സേവന മണ്ഡലമായിരുന്നു കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ചില സന്യാസ മന്ദിരങ്ങൾ. അനേകം സന്യാസിനീസന്യാസികളുടെ ആത്മീയോപദേഷ്ടാവായിരുന്നു അദ്ദേഹം. മനോവ്യഥയും ആത്മീയപ്രശ്നങ്ങളും കൊണ്ട് അസ്വസ്ഥരായ അർപ്പിതജീവിതക്കാർക്ക് അദ്ദേഹമൊരു നല്ല വഴികാട്ടിയും ആശ്വാസദായകനുമായിരുന്നു.

1955 മുതൽ തന്റെ മരണം വരെ അമ്പൂരിമഠത്തിലെ പ്രത്യേക കുമ്പസാരക്കാരനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ആഗമനം ആശ്വാസദായകനായ ഒരു ദൈവദൂതന്റേതുപോലെയാണ് ആ മഠത്തിലെ കന്യാസ്ത്രികൾക്കനുഭവപ്പെട്ടതെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അവരോടു ചെയ്യുന്ന ചില പ്രസംഗങ്ങൾ ചിലയവസരങ്ങളിൽ ഞാനും ശ്രവിച്ചിട്ടുണ്ട്. താനൊരു യുവതിയുമായി വിവാഹമുറപ്പിച്ചതും, പിന്നീടു രണ്ടുപേരും ആ വിവാഹനിശ്ചയത്തിൽനിന്നു പിന്മാറിയതും. രണ്ടുപേരും സന്യാസജീവിതം ആശ്ലേഷിച്ചതും അനുസ്മരിച്ചുകൊണ്ട്, സന്യാസജീവിതത്തിന്റെ ആനന്ദത്തെക്കുറിച്ച് അദ്ദേഹം ആ സിസ്റ്റേഴ്സിനോടു സംസാരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ വാക്കുകൾ താഴെ ഉദ്ധരിക്കുന്നു:

*"ഞാൻ സന്യാസാശ്രമത്തിൽ ചേർന്നു. അവൾ കന്യകാലയത്തിലും ചേർന്നു. ഞാൻ വൈദികനായി. അവൾ കന്യാസ്ത്രിയായി. ഇപ്പോൾ എനിക്കു ധാരാളം മക്കൾ. അവൾക്കും ധാരാളം മക്കൾ. ഞങ്ങൾ വിവാഹം ചെയ്തിരുന്നെങ്കിൽ ഞങ്ങൾക്കു മൂന്നോ നാലോ മക്കളുണ്ടായിരുന്നിരിക്കാം. ഇപ്പഴോ നിങ്ങളെല്ലാവരും എന്റെ മക്കൾ. മായത്തും അമ്പൂരിയിലുള്ളവരെല്ലാം എന്റെ മക്കൾ. മറ്റിടവകകളിലുള്ളവർ എന്റെ മക്കൾ, ഇപ്പോൾ എനി*

*ക്കെന്തുമാത്രം മക്കൾ! എന്തൊരാനന്ദം! അവൾക്കും അതുപോലെ തന്നെ ഒരു അനാഥ മന്ദിരത്തിന്റെ അധിപയായ അവൾക്കും ഒരുപാടു മക്കൾ!"*

ഇങ്ങനെ സന്യാസജീവിതത്തിന്റെ മധുരമായ ആനന്ദം ആവോളം അനുഭവിച്ചുകൊണ്ട് ഇരുപത്തിയഞ്ചു കൊല്ലംമുമ്പു കടന്നുപോയ ആ ധന്യാത്മാവ്-ഏവർക്കും പ്രിയങ്കരനായ മുതിയാവിള വല്യച്ചൻ ഇന്നും നിറഞ്ഞുനില്ക്കുകയാണ്, താൻ ജോലി ചെയ്തിരുന്ന എല്ലാ സ്ഥലങ്ങളിലും.

ലേഖകൻ:

[മായം, അമ്പൂരി എന്നീ സ്ഥലങ്ങളിൽ 13 വർഷം സേവനം അനുഷ്ഠിച്ച വൈദികൻ, കേരളത്തിലെ കുഞ്ഞുമിഷനറി സ്ഥാപകൻ, ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലെ ആദ്ധ്യാത്മിക ഗുരു].

## വല്യച്ചൻ
## ഞാൻ കണ്ട അപ്പച്ചൻ

*റവ. സിസ്റ്റർ വാലെന്റൈൻ മേരി FIH*

ബഹുമാനപ്പെട്ട വല്യച്ചന്റെ 25-ാം ചരമവാർഷികദിനാഘോഷം നടക്കാൻ പോകുന്ന ഈ വേളയിൽ, അച്ചന്റെ ജീവിതത്തെക്കുറിച്ച് ഇന്നത്തെ മക്കൾ അറിയുന്നത് നന്നായിരിക്കും.

അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ മനസ്സിൽ വരുന്നത് നല്ലൊരു അപ്പന്റെ ചിത്രമാണ്. അച്ചന്റെ അടുത്തു ചെല്ലുമ്പോൾ വാരിക്കോരിയെടുത്ത് പുറത്ത് രണ്ടു തട്ടുംതട്ടി "*കൊച്ചുമക്കളേ ആരാണ് ഹൃദയത്തിൽ*"? എന്നു ചോദിക്കും. ഈശോ എന്നു മറുപടി പറയും. ഈശോ, ഈശോ എപ്പോഴും ഓർമ്മ വേണം.

പ്രാർത്ഥിക്കുന്ന ഒരു സന്യാസിയുടെ ചിത്രമാണ് അടുത്തതായി എന്റെ ഓർമ്മയിൽ വരുക. ദിവ്യബലി കഴിഞ്ഞ് അരമണിക്കൂർ മുട്ടിന്മേൽ നില്ക്കുന്ന അച്ചനെ കണ്ട് ഞങ്ങൾ പറയുമായിരുന്നു, *സ്വരം വയ്ക്കരുത്; അച്ചൻ പ്രാർത്ഥിക്കുന്നു*വെന്ന്. യാത്രാവേളയിലും, വഴിയരികിൽ കൂടി നടക്കുമ്പോഴും പ്രാർത്ഥിച്ചുകൊണ്ടുപോയിരുന്ന ആ നല്ല പിതാവ്. സ്കൂളിൽ പോകുമ്പോഴും, ജോലി ചെയ്യുമ്പോൾ പ്രാർത്ഥിക്കാൻ കൊച്ചു കൊച്ചു സുകൃത ജപങ്ങൾ അച്ചൻ ഞങ്ങൾക്കു ചൊല്ലിത്തരുമായിരുന്നു.

ദിവ്യബലിക്കായി പോകുമ്പോൾ അച്ചൻ കുമ്പസാരക്കൂട്ടിൽ ഉണ്ടോയെന്ന് നോക്കും. അച്ചന്റെ വിശുദ്ധ കുർബ്ബാന കഴിഞ്ഞ് സ്കൂളിൽ പോകാൻ താമസിക്കും. ഓരോ ദിവസവും, അന്നത്തെ വിശുദ്ധനെക്കുറിച്ച് പ്രസംഗിക്കും. അവരുടെ ത്യാഗം. അവർ അനുഭവിച്ച കുരിശുകൾ ഇതെല്ലാം പറഞ്ഞു തരുമായിരുന്നു. വരിവരിയായി മുന്നോട്ടിരിക്കുന്ന ഞങ്ങളോട് അച്ചൻ ചോദിക്കും, മക്കളെ നിങ്ങൾക്ക് വിശുദ്ധരാകണമോ, ഇമ്മാതിരി കഷ്ടതകൾ സഹിക്കണം. വി. കൊച്ചുത്രേസ്യാ കൊച്ചു കൊച്ചു പുണ്യങ്ങൾ ചെയ്തു വലിയ പുണ്യവതിയായി. അതുപോലെ നന്നായി എല്ലാ കാര്യങ്ങളും ചെയ്യാൻ പഠിപ്പിച്ചിരുന്നു.

സ്വർഗ്ഗത്തെക്കുറിച്ച്, വളരെ മനോഹരമായി പറയുമായിരുന്നു. നാം മരിച്ചു ചെല്ലുമ്പോൾ നല്ലവരാണെങ്കിൽ വേഗം പിതാവിന്റെ പക്കൽ എത്താം. അവിടെ എല്ലാവരെയും ഒറ്റ നോട്ടത്തിൽ കാണം, അറിയാം, ഒന്നും ചോദിക്കേണ്ടി വരില്ല. സ്വർഗ്ഗീയ സൗഭാഗ്യം കപ്പി, കലം, ഭരണം ഇവയുടെ അളവുപോലെ വ്യത്യസ്തമായിരിക്കും. ശുദ്ധീകരണസ്ഥലത്തിലെ വേദന കാണിക്കാൻ കത്തിക്കൊണ്ടിരിക്കുന്ന മെഴുതിരിയിൽ അച്ചൻ കൈവയ്ക്കും. മക്കളെ അല്പനേരം എനിക്കു വയ്ക്കാൻ പറ്റുന്നില്ല. പിന്നെ എങ്ങനെ ശുദ്ധീകരണസ്ഥലത്തിൽ സഹിക്കും. വിശുദ്ധരുടെ ജീവചരിത്രം വായിക്കാൻ അച്ചൻ പ്രോത്സാഹിപ്പിച്ചിരിക്കുന്നു.

വിദേശത്തുനിന്ന്, ഇന്ത്യയിൽ വന്ന അച്ചൻ - ജാതിമതഭേദമെന്യേ പെരുമാറി ഓരോ വീടിനെക്കുറിച്ചും വ്യക്തിപരമായി അച്ചന് അറിയാം. വീട്ടുകാർക്കായി പ്രാർത്ഥിക്കാൻ അച്ചൻ ചില പ്രാർത്ഥനകൾ ചൊല്ലിത്തരുമായിരുന്നു.

പാപസങ്കീർത്തനത്തിനായി അണയുമ്പോൾ മടിയിലിരുത്തി ഉപദേശം തന്നശേഷം പ്രായശ്ചിത്തം തരുന്ന രംഗം. ചില ഉപദേശ ഭാഗങ്ങൾ ഇന്നും എന്റെ ചെവിയിൽ അലയടിക്കുന്നു. ഇടയ്ക്കു കാണുമ്പോൾ "*കൊച്ചു മകളേ, ഈശോ ഹൃദയത്തിൽ ഉള്ളതു ഓർമ്മയുണ്ടോ?*" എന്നു ചോദിക്കുമായിരുന്നു.

അച്ചന്റെ ചുറ്റും വരുന്ന ഭിക്ഷക്കാർക്ക് ധർമ്മം കൊടുക്കുന്ന രീതി. പോക്കറ്റിൽ എപ്പോഴും ചില്ലറയുണ്ട്. ആ ധർമ്മം വാങ്ങാൻ ഒരു രസം. ചെറുപ്പത്തിൽ ഞാനും അച്ചന്റെ അടുത്ത് കൈനീട്ടിയിട്ടുണ്ട്. ഒരിക്കൽ ഒരാൾ പറഞ്ഞു, "*അച്ചാ, ഞാൻ ഇവിടെ വന്നിട്ട് 5*

*മാസമായി. അതിനാൽ എനിക്ക് 5 രൂപാ തരണം*". അച്ചൻ കൊടുത്തു. കള്ളം പറഞ്ഞാൽ അച്ചന് കോപം വരും.

രോഗികളെ പരിചരിച്ചിരുന്ന അച്ചന്, എപ്പോഴും മരുന്ന് കൊടുക്കുന്ന പണി, മുറിവ് വച്ചുകെട്ടാൻ കാണിക്കുന്ന ജാഗ്രത, തൈലം തൊട്ടു നെറ്റിയിൽ പുരട്ടിയും, മരുന്നു കഴിച്ചും പോകുന്ന മക്കളുടെ യാത്ര ഒന്നു കാണേണ്ടതു തന്നെ.

ത്യാഗം ചെയ്യുന്നവർ ത്യാഗി എന്ന അർത്ഥത്തിൽ. അച്ചന്റെ പുറത്തെ കെട്ടും ഭാണ്ഡവും, ജീവിതമാതൃകയും, എന്റെ മനസ്സിൽ വരുന്നു. ഇടവക വികാരി, ധ്യാനഗുരു എന്നീ തലങ്ങളിൽ അച്ചൻ ജോലി ചെയ്തിരുന്നു. അച്ചന്റെ ജീവിത മാതൃക, ലാളിത്യം ഇവയെല്ലാം ബന്ധപ്പെട്ട എല്ലാവർക്കും അറിയാം.

15.06.1968–ൽ മുതിയാവിള ദൈവാലയമുറ്റത്തുനിന്ന് വല്യച്ചനും ജെയിംസച്ചനും, സിസ്റ്റേഴ്സും, ബന്ധുക്കളുമായി എന്നെ യാത്രയാക്കി. അവസാനമായി അച്ചൻ എന്നോടു പറഞ്ഞത്, "*മകളേ, സ്വർണ്ണത്തെ തട്ടാൻ ശുദ്ധീകരിച്ച് അടിച്ച് തിരിച്ച് മാലയാക്കുന്നതുപോലെ, ഈശോ ക്ലേശങ്ങളാൽ, കുരിശുകളാൽ നമ്മെ വിശുദ്ധീകരിക്കും. ഈശോ നമ്മോടു ഉണ്ടായിരിക്കും*". കുറച്ചുനാൾ കഴിയുമ്പോൾ അച്ചൻ കൊല്ലത്തു വരാമെന്ന് പറഞ്ഞു. 20.10.1968 –ൽ അച്ചൻ പരമപിതാവിന്റെ പക്കലേയ്ക്ക് പോയി, നമുക്ക് സ്വർഗ്ഗത്തിൽ വച്ചു അച്ചനെ കാണാം. സ്വർഗ്ഗത്തിലിരുന്ന് നമുക്കായി അനുഗ്രഹങ്ങൾ വാരിച്ചൊരിയുന്ന നമ്മുടെ സ്നേഹ വലിയച്ചനെ നന്ദിയോടെ സ്മരിക്കാം.

പുല്ലുവിളാകം,<br>10.08.1992

<u>ലേഖിക:</u>

[മുതിയാവിള ഇടവക അംഗവും സാന്താവാസൽ സെന്റ് ആന്റെണീസ് കോൺവെന്റിലെ സന്യാസിനി].

Kurisumala Ashram,
Vagamon -685 503
Kottayam Dt.
24.03.1992

## ഞാൻ കണ്ട സന്യാസ മിഷനറി

എന്റെ ചെറുപ്പകാലത്ത് മുതിയാവിള ഇടവകയിൽ മിഷനറിയായിരുന്ന ഒരു യൂറോപ്യൻ വൈദികനായിരുന്നു ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി. അദ്ദേഹം സാധുക്കളോട് വളരെ ദീനാനുകമ്പയുള്ള ആളായിരുന്നു. അദ്ദേഹം ചിരിച്ചുകൊണ്ട് കാണുന്നവരെയെല്ലാം സ്നേഹിതാ, കുഞ്ഞുങ്ങൾ എന്നെല്ലാം വിളിക്കും. കുഞ്ഞുങ്ങൾക്ക് അണയും ('അണ' പണ്ടത്തെ നാണയത്തുട്ടുകൾ) സമ്മാനങ്ങളും കൊടുക്കും. അതിനാൽ കുട്ടികളെല്ലാം ഓടിക്കൂടും. സാധുക്കളെ ധാരാളം സഹായിക്കുകയും ചെയ്യുമായിരുന്നു.

അദ്ദേഹത്തിന്റെ കീഴിൽ ധാരാളം പള്ളികൾ ഉണ്ടായിരുന്നു. ഞായറാഴ്ചകളിൽ പല പള്ളികളിൽ കുർബ്ബാന അർപ്പിക്കുമായിരുന്നു. ചില പള്ളികളിൽ മാത്രമേ സൈക്കിളിൽ പോകുമായിരുന്നുള്ളു. ബാക്കി സ്ഥലങ്ങളിൽ നടന്നാണു പോകാറുള്ളത്. ദൂരം കൂടിയ സ്ഥലങ്ങൾ മായം, അമ്പൂരിയാണ്. മായം, അമ്പൂരിക്കു പോയാൽ ചിലപ്പോൾ 3-ാം ദിവസമാണ് തിരിച്ചുവരുന്നത്. ഇന്നത്തെപ്പോലെ അന്നു ബസ്സുകൾ ഇല്ല. മായം. അമ്പൂരി അന്ന് മലമ്പനിയുള്ള സ്ഥലമായിരുന്നു. തിരിച്ചുവരുമ്പോൾ കാലുകളിൽ തോട്ടുപുഴു കടിച്ചു ചോരയൊലിച്ചും വ്രണമായും വരുന്നത് കാണാം. അപ്പോഴും മുഖത്തിന് പ്രസന്നതയും സന്തോഷവുമാണ്.

അദ്ദേഹത്തിന്റെ പ്രധാന ഉദ്ദേശ്യം ക്രിസ്തുവിന് ആത്മാക്കളെ തേടുക എന്നതാണ്. കുമ്പസാരിപ്പിക്കുന്നതിനും, അന്ത്യകൂദശ കൊടുക്കുന്നതിനും, മഴയായാലും, രാത്രിയായാലും എത്ര ദൂരമായാലും നടന്നു പോകും.

അദ്ദേഹം ഒരു ഇടയനായിരുന്നു. തികച്ചും മറ്റൊരു ഫ്രാൻസിസ് സേവ്യറായിരുന്നു. അദ്ദേഹത്തിന്റെ ജീവിതമാതൃകയാണ് എന്നെ അർപ്പിതജീവിതത്തിന് പ്രേരിപ്പിച്ചത്.

എന്റെ ഇടവക മുതിയാവിളയാണ്. അദ്ദേഹം മരിക്കുമ്പോൾ ഞാൻ കുരിശുമല ആശ്രമത്തിലാണ്.

അദ്ദേഹം പതിവുപോല ഞായറാഴ്ച ചെമ്പനാംകോട് മിഷനു പോകാൻ കുറച്ചു ദൂരം പോയപ്പോൾ നെഞ്ചുവേദന ഉണ്ടായി. തിരിച്ചു മുതിയാവിള പള്ളിയിൽ വന്നു. അവിടെ കുർബ്ബാനയുടെ സമയമായിരുന്നു. അധികം താമസിയാതെ മരിച്ചു എന്നാണ് അറിഞ്ഞത്. നമുക്കുവേണ്ടി പ്രാർത്ഥിക്കാൻ ഒരു വിശുദ്ധൻ സ്വർഗ്ഗത്തിലുണ്ടെന്ന പ്രതീക്ഷയോടെ,

*ബ്രദർ ആനന്ദ്*

Fr. Paul R.
Parish Priest & Vicar Forane

Assumption Church
Vagamon -685 503
Kottayam Dt.
24.03.1992

## റവ. ഫാ. അദെയോദാത്തൂസ് O.C.D.

എളിയ ജീവിതം സ്വന്തമാക്കിയ വലിയൊരു വ്യക്തിത്വത്തിന്റെ ഉടമ, യേശുജീവിതം പൂർണ്ണമായും ഉൾക്കൊണ്ട ഒരു വലിയ മനുഷ്യൻ. ഇതാണ് ഫാദർ അദെയോദാത്തൂസ് എന്റെ കാഴ്ചപ്പാടിൽ. ദൈവത്തെയും സഹോദരങ്ങളെയും നിസ്വാർത്ഥമായി സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നതിലാണ് വിശുദ്ധിയെങ്കിൽ, ഉന്നതനായ വിശുദ്ധനാണ് ഫാദർ അദെയോദാത്തൂസ് O.C.D. എന്ന് പ്രഘോഷിക്കുവാൻ എനിക്ക് സാധിക്കും.

നാടിന്റെ നിലനില്പ് ചോദ്യം ചെയ്യപ്പെട്ടപ്പോൾ മടിച്ചു നില്ക്കാതെ തോക്കുമേന്തി യുദ്ധരംഗത്ത് കാത്തുസൂക്ഷിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. യുദ്ധക്കെടുതിയുടെ തിക്തഫലങ്ങൾ കണ്ടറിഞ്ഞതോടുകൂടി, കഷ്ടപ്പെടുന്നവന്റെ അത്താണിയായി മാറാൻ വൈദിക ജീവിതം അദ്ദേഹം തിരഞ്ഞെടുത്തു. സ്വന്തം നാടിനോടും വീടിനോടും യാത്ര പറഞ്ഞു ഈ നാട്ടിൽ കടന്നുവന്നു. മുതിയാവിള കേന്ദ്രമാക്കിക്കൊണ്ട് തൂങ്ങാംപാറ ഉൾപ്പെടുന്ന മലയോരപ്രദേശങ്ങളിൽ മനുഷ്യന്റെ സഹവർത്തിത്വത്തിനും മതപരിവർത്തനത്തിനും വേണ്ടി പ്രവർത്തിച്ചു. ജാതിയും മതവും അദ്ദേഹത്തിന്റെ പ്രവർത്തന മണ്ഡലത്തുനിന്നും വഴി മാറിക്കൊടുത്തു. ദുഃഖങ്ങളും കഷ്ടനഷ്ടങ്ങളും അനുഭവിച്ചിരുന്ന ആയിരങ്ങളുടെ ജീവിത സ്പന്ദനങ്ങൾ സ്വാംശീകരിച്ച, പൂർണ്ണമായ അർത്ഥത്തിൽ യേശുവിനെ ഉൾക്കൊണ്ടുകൊണ്ട് നന്മ ചെയ്ത മൺമറഞ്ഞ ആ ധന്യാത്മാവിന്റെ മുമ്പിൽ നമിക്കുന്നു ഞാൻ.

## റവ. ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.
## കർമ്മയോഗിയായ വൈദിക ശ്രേഷ്ഠൻ

ബഹു. അദെയോദാത്തൂസച്ചൻ ഇടവക ജനങ്ങളുടെ ആദ്ധ്യാത്മികവും, ഭൗതികവുമായ ഉന്നമനത്തിനായി തന്റെ പൗരോഹിത്യജീവിതം ഉഴിഞ്ഞുവച്ച ഏവർക്കും ആദരണീയനും, പ്രിയങ്കരനുമായ ഒരു കർമ്മയോഗിയായ വൈദിക ശ്രേഷ്ഠനായിരുന്നു. സുദീർഘമായ 40 വർഷക്കാലം കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ സ്തുത്യർഹമാംവിധം പണിയെടുത്ത ഔ വന്ദ്യ വൈദികന്റെ ത്യാഗനിർഭരമായ ജീവിതമാണ് ഈ ഇടവകയെ ഇത്ര ഉയർത്തിയത്. അദ്ദേഹത്തിന് മഴയോ, മഞ്ഞോ, വെള്ളപ്പൊക്കമോ, യാത്രയ്ക്കുള്ള അസൗകര്യമോ, സുകൃതനിർവ്വഹണത്തിനു തടസ്സമായിരുന്നില്ല. ഭക്തി നിർഭരമായ ദിവ്യബലി അർപ്പിച്ച്, ലളിതവും, പ്രായോഗികവുമായ പ്രസംഗങ്ങൾ നടത്തിയും, ധ്യാനം, കുടുംബപ്രാർത്ഥന വഴിയും, മറ്റു ഭക്താനുഷ്ഠാനങ്ങളിലം ഇടവക ജനങ്ങളെ തല്പരമാക്കിയത് ആ കർമ്മയോഗിയുടെ പരിശ്രമം ഒന്നുകൊണ്ടുമാത്രമാണ്. മതബോധനം, ലീജിയൻ ഓഫ് മേരി, സൊഡാലിറ്റി തുടങ്ങിയ ഭക്തസംഘടനകളിൽ സജീവമായി പ്രവർത്തിച്ചിരുന്നു. ഇടവകജനങ്ങളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ട്, തെറ്റുകൾ തിരുത്തിക്കൊടുക്കുന്ന ഒരു സ്നേഹപിതാവായിരുന്നു. അദ്ദേഹത്തിന് നിന്നും ആശ്വാസം തേടി ആത്മാവിനെ ശുദ്ധീകരിച്ച് എത്രയോ പേർ പാപസങ്കീർത്തന വേദിയെ സമീപിച്ചിരുന്നു.

മിഷൻ രാജ്യങ്ങളുടെ മദ്ധ്യസ്ഥതയും, അത്ഭുതപ്രവർത്തകയുമായ വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമധേയത്തിൽ ലോകത്തിൽ വച്ച് ആദ്യമായി പണിതുയർത്തിയതാണല്ലോ ഈ ദേവാലയം. വിശുദ്ധയായ കൊച്ചുത്രേസ്യായുടെ പ്രത്യേക അനുഗ്രഹത്താലുള്ള ഉത്തമ കത്തോലിക്കാകുടുംബങ്ങളും. അവിടെ നിന്നുള്ള ദൈവവിളികളുമാണ് ഈ ഇടവകയിൽ വച്ച് അദെയോദാത്തൂസച്ചന്റെ 25–ാം ചരമവാർഷിക ദിനപ്പതിപ്പ് പ്രസിദ്ധീകരിക്കുവാനും, മറ്റു ഭക്തി നിർഭരമായ ചടങ്ങുകൾ നടത്തുവാനുള്ള മഹാഭാഗ്യം കൈവന്നതെന്ന് ഉറപ്പിച്ചു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സമയക്കുറവുകൊണ്ട് ഈ പുസ്തകത്തിൽ പല തെറ്റുകുറ്റങ്ങൾ വന്നിട്ടുണ്ടാകാം. പ്രധാനപ്പെട്ട പല കാര്യങ്ങളും വിട്ടുപോയിരിക്കാം. അടുക്കും ചിട്ടയോടും കൂടി തയ്യാറെടുക്കാൻ കഴിഞ്ഞിട്ടില്ലായിരിക്കാം. അതെല്ലാം സഹൃദയരായ വായനക്കാർ സദയം ക്ഷമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

സ്നേഹപൂർവ്വം,

തൂങ്ങാംപാറ
20.09.1992

*റവ. ഫാദർ വിക്ടർ മോളിപ്പുറത്ത്*
(ഇടവക വികാരി)
സെന്റ് ത്രേസ്യാസ് ദൈവാലയം

## ഫാദർ അദെയോദാത്തൂസ് വിശുദ്ധനായ സന്യാസവൈദികൻ

*റവ. ഫാദർ സക്കറിയാസ് കരിയിലക്കുളം OCD*
കാർമ്മെൽഹിൽ, തിരുവനന്തപുരം
10.08.1992

കേരളസഭയുടെ ഇന്നത്തെ കെട്ടുറപ്പിനും പുരോഗതിക്കും ഒരു പ്രധാന കാരണം യൂറോപ്യൻ കർമ്മെലീത്താ മിഷനറിമാർ നല്കിയ കനത്ത സംഭാവനകളാണെന്നുള്ളതിന് സംശയമില്ല. ഭാരതത്തിലെ പ്രത്യേകിച്ച്, കേരളത്തിലെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളുടെ നൂലമാലകളിൽപ്പെട്ട് ആടിയുലഞ്ഞ സഭയെ, സത്യവിശ്വാസത്തിൽ അരക്കിട്ടുറപ്പിക്കുകയും ആത്മീയമായും ഭൗതികമായും പോഷിപ്പിച്ചുകൊണ്ട് സഭാതനയരെ പല പതിറ്റാണ്ടുകൾ ധീരമായി നയിച്ച അനേകം പാശ്ചാത്യ മി,നറിമാരെ ആർക്കാണ് എളുപ്പത്തിൽ മറക്കുവാൻ സാധിക്കുക. സ്വന്തം നാടും, വീടും, സംസ്ക്കാരവും വിട്ട് തീർത്തും വിഭിന്നമായൊരു ചുറ്റുപാടുമായി ഇഴുകിച്ചേർന്നുകൊണ്ട് തദ്ദേശീയരുടെ സർവ്വതോന്മുഖമായ പുരോഗതിയ്ക്കുവേണ്ടി തങ്ങളെത്തന്നെ അർപ്പിച്ച ആ മഹാത്യാഗികളുടെ സ്മരണയ്ക്കു മുമ്പിൽ കൂപ്പുകൈകളോടെ വേണം നാം നില്ക്കുവാൻ.

ഏകദേശം നാല്പതുവർഷത്തോളം ഇന്ത്യയിൽ ജീവിക്കുകയും അവസാനത്തെ ഇരുപതു വർഷത്തോളം തിരുവനന്തപുരം രൂപതയുടെ പ്രാന്തപ്രദേശങ്ങളിൽ പ്രേഷിത പ്രവർത്തനത്തിനായി ജീവിതം ഉഴിഞ്ഞുവയ്ക്കുകയും ചെയ്ത ധീരനും വിശുദ്ധനുമായ ഫാദർ അദെയോദാത്തൂസിനെയാണ് നാം ഇത്തരണത്തിൽ പ്രത്യേകം സ്മരിക്കുക. പ്രേഷിതപ്രവർത്തനത്തിന് പുറപ്പെടുന്നതിനുമുമ്പായി ഏതാണ്ട് 19 വർഷത്തോളം അദ്ദേഹം തിരുവനന്തപുരത്തുള്ള കാർമ്മെൽഹിൽ ആശ്രമത്തിലെ അന്തേവാസിയായിരുന്നു. ജീവിതവിശുദ്ധിയും സത്മാതൃകയും വഴി പാങ്ങോട് ആശ്രമത്തെ ധന്യമാക്കിയ ആ കാലഘട്ടത്തിലേയ്ക്കൊന്നു തിരിഞ്ഞുനോക്കാനുള്ള എളിയ ശ്രമമാണ് ഈ ലേഖനം.

അദെയോദാത്തൂസച്ചന്റെ കൂടെ പാങ്ങോട് ആശ്രമത്തിൽ പല വർഷങ്ങൾ ഒരുമിച്ചു ജീവിച്ചിട്ടുള്ള സഹസന്യാസിമാർക്ക് അദ്ദേഹത്തെപ്പറ്റി വളരെയേറെ കാര്യങ്ങൾ പറയുവാനുണ്ട്. അദ്ദേഹത്തിന്റെ കൂടെ അനേക വർഷങ്ങൾ സഹവസിക്കുകയും, അദ്ദേഹത്തിന്റെ മാതൃകാപരമായ ജീവിതം നേരിൽ കാണുവാൻ ഭാഗ്യം ലഭിക്കുകയും ചെയ്ത സന്യാസിമാർ ഇന്നും ഈ സമൂഹത്തിൽ ജീവിച്ചിരിപ്പുണ്ട്. അദെയോദാത്തൂസച്ചൻ ഒരു വിശുദ്ധനാണ്, എന്ന് അദ്ദേഹവുമായി പരിചയപ്പെടുന്നതിനു ഇടയായിട്ടുള്ള എല്ലാവരും തറപ്പിച്ചു പറയുന്നു. പ്രാർത്ഥനാജീവിതത്തിൽ വിശ്വസ്തനും, ദാരിദ്ര്യം പാലിക്കുന്നതിൽ വളരെ കണിശക്കാരനും, പ്രേഷിതപ്രവർത്തനത്തിൽ തീക്ഷ്ണമതിയും കഠിനാദ്ധ്വാനത്തിന് ഒരുത്തമ മാതൃകയും ആയിരുന്ന അദെയോദാത്തൂസച്ചൻ ഭാവിതലമുറകൾക്ക് ഒരു പ്രചോദനമായിരിക്കും.

രണ്ടാം വത്തിക്കാൻ കൗൺസിലിനുമുമ്പുള്ള സന്യാസ ആശ്രമങ്ങളുടെ സ്വഭാവം മനസ്സിലാക്കിയെങ്കിൽ മാത്രമേ അദ്ദേഹത്തിന്റെ അനിതര സാധാരണമായ പുണ്യാഭ്യാസനം മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. നിയമപാലനത്തിനും ആചാരാനുഷ്ഠാനങ്ങൾക്കും അമിതമായ പ്രാധാന്യം കൊടുത്തിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. നിയമങ്ങളും നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കുന്ന വ്യക്തിയെ നല്ല സന്യാസ എന്നു വിളിച്ചിരുന്ന കാലം. അക്രമങ്ങളെ പോഷിപ്പിച്ച തികഞ്ഞ സന്യാസിയാണ് അദെയോദാത്തൂസച്ചൻ ദിവസത്തിൽ പല തവണ നടത്താറുള്ള പ്രാർത്ഥനാക്രമങ്ങളിൽ മുടങ്ങാതെ പങ്കെടുക്കണമെങ്കിൽ സജീവമായ വിശ്വാസവും ഉറച്ച തീരുമാനവും ആവശ്യമാണ്. ഏതു ജോലിത്തിരക്കിനിടയിലായാലും പ്രാർത്ഥനാവേളകളിൽ മുടങ്ങാതെ പങ്കെടുക്കുന്നതിന്

അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പല വർഷങ്ങളോളം പാങ്ങോട് ആശ്രമത്തിലെ പ്രൊക്കുറേറ്റർ (സാമ്പത്തിക കാര്യനടത്തിപ്പുകാരൻ) ആയിരുന്നു അദ്ദേഹം. വളരെ തിരക്കു പിടിച്ച ഈ കൃത്യനിർവ്വഹണത്തിനിടയിലും പ്രാർത്ഥനാജീവിതത്തോട് അങ്ങേയറ്റം നീതി പുലർത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു എന്നുള്ളത് സ്തുത്യർഹമായ കാര്യമാണ്.

അദെയോദാത്തൂച്ചന്റെ അനിതര സാധാരണമായ ദാരിദ്ര്യാരൂപിയാണ് അദ്ദേഹത്തിന്റെ സഹസന്യാസിമാകെ അതിശയിപ്പിച്ചിട്ടുള്ള മറ്റൊരു പുണ്യം. ഒരു ചെറിയ തുണ്ടു കടലാസ്സുപോലും പാഴാക്കിക്കളയുവാൻ അദ്ദേഹം അനുവദിക്കില്ല. അതിന്റെ ഒരു വശമെങ്കിലും എഴുതാനായിട്ട് സാധിക്കുമെങ്കിൽ, അദ്ദേഹം അതു കണക്കുകൂട്ടാനും, മറ്റുമായി എടുത്തു വീഴുന്ന പൊടിയും, പഞ്ചസാര എടുക്കുമ്പോൾ ചിതറിവീഴുന്ന തരികളും നഷ്ടപ്പെടുത്താതെ അവ ശേഖരിച്ച് അദ്ദേഹം ഉപയോഗിക്കുമായിരുന്നെന്ന് പറയുമ്പോൾ ഒരു പക്ഷെ അവ കേൾക്കുന്ന ഒരാൾക്ക് ഇന്ന് അത് അത്ര ആകർഷണീയമായി തോന്നുന്നമെന്നില്ല. അദ്ദേഹത്തിന്റെ ദാരിദ്ര്യാരൂപി അല്പം അതിരു കടന്നതല്ലേ എന്നും ചിന്തിച്ചേക്കാം. അദ്ദേഹത്തെ നയിച്ചിരുന്ന ആന്തരിക ചൈതന്യത്തിൽ പങ്കുപറ്റിയിട്ടുള്ളവർക്കു മാത്രമേ അദ്ദേഹത്തിന്റെ പ്രവൃത്തികളെ നന്നായി കാണുവാൻ സാധിക്കുകയുള്ളു.

തീക്ഷ്ണമതിയായ ഒരു പ്രേഷിതനായിരുന്നു അദെയോദാത്തൂസച്ചൻ. വർഷങ്ങളായി പാങ്ങോട് ആശ്രമത്തിൽ നിന്നുള്ള വൈദികരായിരുന്നു സെൻട്രൽ ജയിലിൽ ആദ്ധ്യാത്മിക ശുശ്രൂഷയ്ക്കു പോയിരുന്നത്. നമ്മുടെ കഥാനായകൻ പാങ്ങോട് താമസമാക്കിയതിനുശേഷം അദ്ദേഹമായിരുന്നു വിശുദ്ധ കുർബ്ബാന അർപ്പിക്കാനും മറ്റുമായി മുടങ്ങാതെ ജയിലിൽ പോയ്ക്കൊണ്ടിരുന്നത്. അവിടെ അദ്ദേഹത്തിന്റെ സ്നേഹമസൃണമായ പെരുമാറ്റവും ക്ലേശഭൂയിഷ്ഠമായ മലയാള സംസാരവും തടവുകാരെ സന്തോഷിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്തിരുന്നു. അന്ന് ഇവിടെയുണ്ടായിരുന്ന യൂറോപ്യൻ മിഷനറിമാരിൽ ഏറ്റവും നന്നായി മലയാളം സംസാരിച്ചിരുന്നത് അദെയോദാത്തൂസച്ചനായിരുന്നു. അതുകൊണ്ട് കൂടിയായിരിക്കണം ഇവിടെയടുത്തുള്ള സന്യാസമഠങ്ങളിലെല്ലാം കുമ്പസാരക്കാരനായി അദ്ദേഹത്തെ നിയോഗിച്ചിരുന്നത്. പാങ്ങോട് ആശ്രമത്തിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ എടുക്കുന്നതിനു പുറമേ സഹസന്യാസിനികൾക്ക് ഉപദേശം നല്കുന്നതിനായും അദ്ദേഹം നിയോഗിക്കപ്പെട്ടിരുന്നു. വളരെ ആത്മാർത്ഥതയോടും ഉത്സാഹത്തോടും കൂടിയാണ് അദ്ദേഹം ഇക്കാര്യങ്ങൾ നിർവ്വഹിച്ചിരുന്നതെന്ന് അന്ന് അദ്ദേഹത്തിന്റെ കൂടെ ജീവിച്ച ബ്രദർ പ്ലാസിഡ് വള്ളിപ്പാലം ഒ.സി.ഡി. ഓർമ്മിക്കുന്നു.

വളരെ കർക്കശമായ സന്യാസജീവിത്തിനിടയിലും അദ്ദേഹം തന്റെ സ്വതസിദ്ധമായ നർമ്മരസം മറന്നില്ല. തമാശകൾ പറഞ്ഞു മറ്റുള്ളവരെ ചിരിപ്പിക്കുന്നതിനും, ആസ്വദിക്കുന്നതിനും അദ്ദേഹത്തിന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. ഒരിക്കൽ പാങ്ങോട് ആശ്രമത്തിലെ നവസന്യാസികൾ അദ്ദേഹത്തെ ഒന്നു കബളിപ്പിക്കാനായി തീരുമാനിച്ചു. ഒരു ഏപ്രിൽ ഫൂൾ ദിവസം അവർ ഒരു സൈക്കിൾ ടയറിനുള്ളിലെ ട്യൂബെടുത്ത് അധികം വെളിച്ചമില്ലാത്ത ഒരു സ്ഥലത്ത് നിവർത്തിക്കിടത്തിയതിനുശേഷം, വലിയൊരു പാമ്പ് ആശ്രമത്തിനു സമീപം കിടപ്പുണ്ടെന്നു അദെയോദാത്തൂസച്ചനെ വിവരമറിയിച്ചു. ധൈര്യശാലിയായിരുന്ന അദ്ദേഹം കേട്ടപാടേ പാമ്പിനെ കൊല്ലാനായി വലിയ വടിയുമെടുത്ത് പുറപ്പെട്ടു. ഇരുട്ടിൽ കിടന്നിരുന്ന പാമ്പിനെ അദ്ദേഹം സർവ്വശക്തിയുപയോഗിച്ച് തല്ലിച്ചതയ്ക്കാൻ തുടങ്ങി. ഓരോ പ്രഹരമേല്ക്കുമ്പോഴും അതുപുളയുന്നുണ്ടായിരുന്നു. കുറെ നേരം തല്ലിയിട്ടും പാമ്പുചാകാത്തപ്പോൾ അദ്ദേഹത്തിനു സംശയമായി. മാറിനിന്നു അടക്കിചിരിക്കുന്ന നവസന്യാസികളെയും കണ്ടപ്പോൾ താൻ കബളിപ്പിക്കപ്പെട്ടിരിക്കുകയാണെന്നു അദ്ദേഹത്തിനു മനസ്സിലായി. മുഖത്തെ വിയർപ്പും തുടച്ച് അദ്ദേഹവും അവരുടെ ചിരിയിൽ പങ്കുചേർന്നു.

തിരുവനന്തപുരം രൂപതയിലെ വിശ്വാസികളോടുള്ള പ്രത്യേകസ്നേഹം കൊണ്ടാണ്, 1947–ൽ മറ്റു പാശ്ചാത്യ മിഷനറിമാർ യൂറോപ്പിലേയ്ക്കും ഗോവയിലേയ്ക്കും പോയപ്പോൾ, അദ്ദേഹം ഈ നാട്ടിൽതന്നെ താമസിച്ചു പ്രവർത്തിക്കാൻ തീരുമാനിച്ചത്. മുതിയാവിള, തൂങ്ങാംപാറ, അമ്പൂരി മുതലായ സ്ഥലങ്ങളിലുള്ള മുതിർന്ന തലമുറയിലുള്ള വിശ്വാസികൾ അദ്ദേഹത്തിന്റെ നിസ്വാർത്ഥവും ത്യാഗസമ്പന്നവുമായ ജീവിതം കണ്ടനുഭവിച്ചിട്ടുള്ളവരാണ്. താൻ പ്രവർത്തിച്ച പ്രദേശത്തെ ആത്മാക്കളുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി അക്ഷീണം യത്നിച്ച ആ മഹാത്യാഗി അനതിവിദൂരമായ ഭാവിയിൽ അൾത്താരയിലെ വണക്കത്തിനായി പ്രതിഷ്ഠിക്കപ്പെടട്ടെ എന്ന് ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# എന്റെ മാർഗ്ഗദർശി

*റവ. ഫാദർ റ്റി. ജെയിംസ്*
*അരുവിക്കര ഇടവകവികാരി*

1963 മേയ് മാസത്തിൽ ഞാൻ സെമിനാരി വിദ്യാഭ്യാസം കഴിഞ്ഞ് വെള്ളയമ്പലം ബിഷപ്പ് ഹൗസിൽ താമസിക്കുകയായിരുന്നു. കാലം ചെയ്ത വിൻസെന്റ് ഡെരേരാ തിരുമേനി എന്നെ വ്ളാത്താങ്കര പള്ളിയിലേയ്ക്ക് അയയ്ക്കാനായി തീരുമാനിച്ചു. അവിചാരിതമായാണ് ഫാദർ അദെയോദാത്തൂസ് അരമനയിൽവച്ചു എന്നെ കണ്ടുമുട്ടിയത്. കുശലാന്വേഷണങ്ങൾക്കുശേഷം - തന്റെ അസിസ്റ്റാന്റായി പ്രവർത്തിക്കാമോ എന്നു ചോദിച്ചു. ബിഷപ്പിനെ കണ്ട് അദ്ദേഹം അനുവാദം വാങ്ങി. അങ്ങനെ മുതിയാവിള വികാരിയായിരുന്ന അദെയോദാത്തൂസച്ചന്റെ അസിസ്റ്റന്റായി എന്നെ ബിഷപ്പ് വിൻസെന്റ് ഡെരേരാ തിരുമേനി നിയമിച്ചു. എന്റെ ബാഗ് അദെയോദാത്തൂസച്ചൻ തന്നെ എടുത്തു കാറിൽ കയറ്റി മുതിയാവിള മുതിയാവിള കൊണ്ടുവന്നു. വളരെ ഹൃദ്യമായാണ് എന്നോടു പെരുമാറിയത്. സെമിനാരി ജീവിതം കഴിഞ്ഞ് ഇടവകയിൽ എത്തിക്കാൻ മുതിയാവിള എത്തിയ ദിവസം 1963 മേയ് ആയിരുന്നു.

അദെയോദാത്തൂസച്ചൻ എന്നെ "കൊച്ചച്ചൻ" എന്നു വിളിച്ചിരുന്നു. ഞാൻ അദ്ദേഹത്തെ "വല്യച്ചൻ" എന്നു വിളിക്കുമായിരുന്നു. തുടർന്ന് ഇടവക ജനങ്ങളുടെ സ്നേഹം ആർജ്ജിക്കുവാൻ എനിക്ക് അദ്ദേഹത്തിലൂടെ - അവസരം ലഭിച്ചു. നീണ്ട 17 വർഷം മുതിയാവിള കേന്ദ്രമാക്കി മിഷൻ പ്രവർത്തനം നടത്തുവാൻ കഴിഞ്ഞു. എന്റെ ആദ്ധ്യാത്മികവും, വ്യക്തിപരവുമായ എല്ലാക്കാര്യത്തിലും വല്യച്ചൻ ശ്രദ്ധാലുവായിരുന്നു. എന്നെപ്പറ്റി മറ്റുള്ളവരോട് വളരെ മതിപ്പായിട്ടാണ് സംസാരിച്ചിരുന്നത്. ഒരിക്കൽ ഡെരേരാ തിരുമേനി ഞാൻ എങ്ങനെയുണ്ടെന്ന് വല്യച്ചനോടു ചോദിച്ചു. ഉടൻ ഉറച്ച സ്വരത്തിൽ മലയാളത്തിൽ പറഞ്ഞു... "അവൻ കൊള്ളാം....അവൻ കൊള്ളാം....". (സ്നേഹപുരസ്സരം എന്നെ 'അവൻ' എന്നാണ് പറഞ്ഞിരുന്നത്). ഈ സംഭവം എനിക്ക് വളരെയേറെ ആത്മവിശ്വാസം നല്കിയിരുന്നു.

വല്യച്ചൻ ദിവസവും 10-40 മൈലുകൾ സഞ്ചരിക്കുമായിരുന്നു. എപ്പോഴും ക്ലേശകരമായ ജീവിതം തെരഞ്ഞെടുക്കാനാണ് താല്പര്യം. ദൂരെയുള്ള പള്ളികളിൽ വല്യച്ചൻ വിശുദ്ധ കുർബ്ബാനയ്ക്കു പോകും. ഞാൻ മുതിയാവിളയിലും അതിനടുത്ത പള്ളികളിലും ദിവ്യബലിയർപ്പിക്കും. എത്ര ദൂരെ ദിവ്യപൂജയായിരുന്നാലും വല്യച്ചൻ പച്ചവെള്ളംപോലും ദിവ്യപൂജയ്ക്കു മുമ്പ് കുടിച്ചിരുന്നില്ല. എത്ര ജോലിത്തിരക്കിനിടയിലും തിരുവനന്തപുരത്തെ പാളയത്തുണ്ടായിരുന്ന (ഇന്ന് ജൂബിലി മെമ്മോറിയൽ ആശുപത്രി) സെന്റ് വിൻസെന്റ് മൈനർ സെമിനാരിയിൽ പോയി വൈദിക വിദ്യാർത്ഥികളെ കുമ്പസാരിപ്പിച്ചിരുന്നു. അവരുടെ ആത്മീയപിതാവായിരുന്നു വല്യച്ചൻ. ആദ്ധ്യാത്മിക മണ്ഡലത്തിൽ അത്യന്തം പ്രശോഭിച്ചിരുന്ന ഒരു മിഷനറി വൈദിക ശ്രേഷ്ഠനായിരുന്നു അദ്ദേഹം.

വല്യച്ചൻ മിക്കവാറും രാത്രികാലങ്ങളിൽ ചാരുകസേരയിൽ കിടന്നാണ് ഉറങ്ങാറുള്ളത്. കാരണം, കട്ടിലിൽ മുഴുവൻ പുസ്തകങ്ങളും, ബുക്കുകളും, വസ്ത്രങ്ങളുംകൊണ്ടു നിറഞ്ഞിരിക്കും (പാവപ്പെട്ടവർക്ക് കൊടുക്കാനായി) ആയതിനാൽ രാത്രി ചാരുകസേരയിൽ കിടന്നാണ് ഉറക്കം. കാൽ ഒരു കസേരയിൽവച്ച് കിടന്നുറങ്ങും. വിശ്വാസികളോട് ഗാഢമായ സ്നേഹബന്ധമായിരുന്നു. അദ്ദേഹത്തിന്റെ മനസ്സുമുഴുവനും ജനങ്ങളിലായിരുന്നു. മനുഷ്യരോടു മാത്രമല്ല, മൃഗങ്ങളോടു അത്യന്തം സ്നേഹവാത്സല്യങ്ങളോടുകൂടി പെരുമാറിയിരുന്നു. വല്യച്ചൻ മേടയിൽ ഒരു പട്ടിയെ വളർത്തിയിരുന്നു. വല്യച്ചനാകട്ടെ പട്ടിയെ വിളിക്കുന്നത് "കൊച്ചു മകനേ, കൊച്ചു മകനേ" എന്നാണ്.

ത്യാഗപൂർണ്ണമായ വിശുദ്ധ ജീവിതം നയിച്ച വല്യച്ചനോടൊപ്പം 6 വർഷക്കാലം ജീവിക്കുവാൻ കഴിഞ്ഞത് വലിയ ഭാഗ്യമായി ഞാൻ കരുതുന്നു (1963 മുതൽ 1968 വരെ) ഞങ്ങൾ എല്ലാ കാര്യത്തിലും ഒന്നിച്ചു ജീവിച്ചു, എനിക്ക് ധാരാളം ജീവിതാനുഭവങ്ങൾ നേടാനും വല്യച്ചന്റെ ജീവിത വിശുദ്ധി അനുഭവിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്. എന്റെ സെമിനാരി ജീവിതത്തേക്കാൾ, ഒരു വിധത്തിൽ എന്റെ ജീവിതത്തെ സ്വാധീനിച്ചത്, വല്യച്ചന്റെ കൂടെ 6 വർഷക്കാലം അസിസ്റ്റൻഡായി ജോലി നോക്കിയ കാലമായിരുന്നു. എനിക്ക് ജീവിതത്തെ ഒരു നല്ല കാഴ്ചപ്പാടിൽ വീക്ഷിക്കുവാനും, പ്രശ്നങ്ങളെ നേരായ വിധത്തിൽ അഭിമുഖീകരിക്കുവാനും, ജീവിതസത്യങ്ങളെ വിലയിരുത്തുവാനും ഒക്കെ ഈ ആറു വർഷക്കാലം ഉപകരിച്ചിട്ടുണ്ട്.

ഉപദേശിമാർക്കു എല്ലാ ആഴ്ചയിലും ക്ലാസ്സുകൾ എടുത്തിരുന്നു. പഠിക്കാൻ ആഗ്രഹിച്ചിരുന്ന പാവപ്പെട്ടവർക്ക്, വിദ്യാഭ്യാസത്തിനുവേണ്ടി ധനസഹായവും പുസ്തകങ്ങളും ബുക്കുകളും വസ്ത്രങ്ങളും മറ്റു നല്കിയിരുന്നു. ഇവ കൊടുത്തശേഷം “മകനേ സൂക്ഷിച്ചു കൊണ്ടുപോകണം” എന്ന് ഉപദേശിക്കുമായിരുന്നു. ത്യാഗത്തിന്റെയും സേവനത്തിന്റെയും പ്രതീക്ഷ വല്യച്ചൻ തിരുവനന്തപുരത്തുനിന്നും സൈക്കിളിലാണ് പലപ്പോഴും മുതിയാവിള വന്നിരുന്നത്. ഒരാളിനെ വിശ്വസിച്ചു കഴിഞ്ഞാൽ അയാളെ പൂർണ്ണമായി വിശ്വസിക്കുമായിരുന്നു.

മരണദിവസം രാവിലെ പതിവുപോലെ ചെമ്പനാംകോട് ദേവാലയത്തിൽ ദിവ്യപൂജയ്ക്കു പോകാൻവേണ്ടി ചൂണ്ടുപലക ജംഗ്ഷൻ വരെ പോയി അവിടെവച്ച് നെഞ്ചുവേദന അനുഭവപ്പെട്ടതിനെതുടർന്നു, മുതിയാവിള പള്ളിമേടയിൽ തിരിച്ചുവന്നു. ഞാൻ പള്ളിയിലായിരുന്നു. വല്യച്ചൻ വന്ന ഉടൻ എന്റെ കട്ടിലിൽ കിടന്നു. ഉടൻ ഞാൻ ഒരു ഡോക്ടറെ വിളിക്കാൻ ആൾ അയച്ചു. ഞാൻ അരികിൽ ഉണ്ടായിരുന്നു. ഡോക്ടർ പരിശോധിച്ചു. ഉടൻ തന്നെ വല്യച്ചൻ നെഞ്ചിൽ രണ്ടു കയ്യുംവച്ച് ലാറ്റിൻ ഭാഷയിൽ “*DEO GRACIAS*” (ദെയോ ഗ്രാസിയാസ്) എന്നു പറഞ്ഞു. ദെയോഗ്രാസിയാസ് അതായത് “ദൈവത്തിനു നന്ദി” – ഇതായിരുന്നു അവസാനം പറഞ്ഞ വാക്ക്. എന്നോട് ദിവ്യപൂജയർപ്പിക്കുവാൻ പറഞ്ഞു. ഞാൻ പൂജാവസ്ത്രം ധരിച്ചു. ബലിപീഠത്തിൽ ഒരടി മുമ്പോട്ടു വച്ചപ്പോൾ മേടയിൽനിന്നും സിസ്റ്റേഴ്സ് ഓടിവന്നു അച്ചനു അസുഖം കൂടുതലെന്നു പറഞ്ഞു. ഞാൻ ഉടനെ അന്ത്യകൂദാശ നല്കി. ജനങ്ങൾ അസുഖം കൂടുതലെന്നു പറഞ്ഞു. ഞാൻ ഉടനെ അന്ത്യകൂദാശ നല്കി. ജനങ്ങൾ ഇതൊന്നും അറിഞ്ഞിരുന്നില്ല. അവർ പള്ളിയിൽ തന്നെ ഉണ്ടായിരുന്നു. അന്ന് 1968 ഒക്ടോബർ 20 (മിഷൻ ഞായറാഴ്ച) രാവിലെ എട്ടു മണിക്കായിരുന്നു – ആ പുണ്യാത്മാവിന്റെ ആത്മാവ് സ്വർഗ്ഗത്തിലേയ്ക്ക് പറന്നുപോയത്.

തുടർന്ന് ദിവ്യബലിയും, പ്രാർത്ഥനകളും, നിരന്തരമായി നടന്നുകൊണ്ടിരുന്നു. ജനങ്ങൾ തന്നെ ശവസംസ്ക്കാരത്തിനുള്ള ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി. സിസ്റ്റേഴ്സ് ഫോട്ടോ എടുക്കുന്ന കാര്യം ഓർമ്മപ്പെടുത്തി. വല്യച്ചനെ മുതിയാവിള പള്ളിയിൽ തന്നെ സംസ്ക്കരിക്കാൻ ജനങ്ങൾ കാലം ചെയ്ത ബിഷപ്പ് പീറ്റർ ബർണ്ണാർഡ് പെരേരാ തിരുമേനിയോട് അഭ്യർത്ഥിച്ചുവെങ്കിലും സമ്മതിച്ചില്ല. “*അദെയോദാത്തൂസച്ചൻ മുതിയാവിളയ്ക്കുവേണ്ടി മാത്രമുള്ളതല്ല, തിരുസ്സഭയുടെ മുഴുനും വേണ്ടിയുള്ളതാണ്. അതിനാൽ, നിങ്ങൾ സഹകരിക്കണം*”. ജനങ്ങൾ അതു മുഖവിലകൊടുത്തു സമ്മതിച്ചു. തുടർന്ന് ഒരു ദിവസം മൃതദേഹം മുതിയാവിള പള്ളിയിൽ പൊതുദർശനത്തിനായി വയ്ക്കാൻ ബിഷപ്പ് അനുവദിച്ചു. മൃതദേഹത്തിൽ ആദരാഞ്ജലികൾ അർപ്പിക്കാനും, ചലനമറ്റ പൂമേനിയെ ഒന്നു കാണുവാനും, ചുംബിക്കുവാനും വേണ്ടി ആയിരക്കണക്കിന് നാനാജാതിമതസ്ഥരായ ജനങ്ങളും, വൈദികരും, കന്യാസ്ത്രീകളും നിറകണ്ണുകളോടെ വന്ദ്യപിതാവിനെ ഒരു നോക്കു കാണുവാൻ എത്തിക്കൊണ്ടിരുന്നു. പിറ്റേദിവസം തിങ്കളാഴ്ച രാവിലെ പാങ്ങോട് ആശ്രമത്തിൽ നിരവധി വാഹനങ്ങളുടെ അകമ്പടിയോടുകൂടി വിലാപയാത്ര

നീങ്ങി. വിലാപയാത്ര കടന്നുപോയ സ്ഥലങ്ങളുടെ രണ്ടു വശത്തും വന്ദ്യപിതാവിനെ ഒരു നോക്കു കാണുവാൻ ആബാലവൃദ്ധജനങ്ങൾ മണിക്കൂർകൊണ്ട് കാത്തുനിന്നിരുന്നു. തിരുവനന്തപുരത്തു പാങ്ങോട്ടുള്ള കർമ്മെലീത്താ ആശ്രമത്തിൽ എത്തിയപ്പോൾ ദൈവാലയത്തിൽ ദുഃഖണണി മുഴങ്ങി, അവിടെ ജനസാന്ദ്രമായി, ചരമശുശ്രൂഷകൾക്ക് തിരുവനന്തപുരം ബിഷപ്പ് പീറ്റർ ബെർണാർഡ് പെരേരാ തിരുമേനിയുടെയും, കൊല്ലം ബിഷപ്പ് ജെറോം ഫെർണാണ്ടസ് തിരുമേനിയുടെയും മുഖ്യകാർമ്മികത്വത്തിൽ നിരവധി വൈദികരുടെയും, കന്യാസ്ത്രികളുടെയും, വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ സമൂഹബലി അർപ്പിച്ചു. മോൺസിഞ്ഞോർ മാർക്ക് നെറ്റോ ചരമപ്രസംഗം നടത്തി. അതിനുശേഷം ആശ്രമദൈവാലയത്തോടു ചേർന്ന സെമിത്തേരി കല്ലറയിൽ സംസ്ക്കരിച്ചു. ക്രിസ്തുവിനുവേണ്ടി ജോലിചെയ്യുവാൻ യൂറോപ്പിൽനിന്നും 1927 സെപ്തംബർ 27-ന് യാത്ര തിരിച്ചു, തിരുവനന്തപുരത്ത് പാങ്ങോടു വന്ന അദ്ദേഹത്തെ 21-10-1968-ൽ പാങ്ങോട് ആശ്രമത്തിൽ വൈദീകർക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള കല്ലറയിൽ തന്നെ സംസ്ക്കരിച്ചു.

വല്യച്ചന്റെ ഓർമ്മയ്ക്കായി അച്ചൻ ഉപയോഗിച്ചിരുന്ന ഒരു വടിയും, മരിക്കുമ്പോൾ ധരിച്ചിരുന്ന ബനിയനും, രണ്ടു താടിരോമങ്ങളും, ഒരു നഖവും ഒരു "തിരുശേഷിപ്പു"പോലെ ഞാൻ ഇന്നും സൂക്ഷിക്കുന്നുണ്ട്.....

ബഹുമാനപ്പെട്ട അദെയോദാത്തൂസച്ചനെപ്പറ്റി ഇരുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പ് നടന്നിട്ടുള്ള പല കാര്യങ്ങളും എഴുതുവാൻ സാധിക്കും. അതിന് ഈ ലേഖനം മതിയാകുകയില്ല. പല കാര്യങ്ങളും ഒരുമിച്ച് ഓർമ്മയിൽ വരാറില്ല. പക്ഷെ അദ്ദേഹത്തെപ്പറ്റി ഓർക്കാത്ത ഒരു ദിവസവും, ഈ കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷക്കാലത്ത് കടന്നുപോയിട്ടില്ല. എന്റെ വൈദിക ജീവിതത്തിന് ഒരു അടിത്തറയും കരുത്തും ആദർശവും എല്ലാ പ്രശ്നങ്ങളെയും എതിർപ്പുകളെയും ഒക്കെ അതിജീവിക്കാനുള്ള കഴിവു ലഭിച്ചത് വല്യച്ചന്റെ കൂടെയുള്ള സഹവാസമായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പു തന്നെ, വല്യച്ചൻ എല്ലാ ദിവസവും ദിവ്യപൂജയുടെ സമയത്ത് ഒരു ചെറിയ പ്രസംഗം ചെയ്യുമായിരുന്നു. വിശുദ്ധി എന്നു പറഞ്ഞാൽ ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും വളരുവാൻ വേണ്ടിയുള്ള ശ്രമമാണ് എന്നു പറയുമായിരുന്നു. ഇടവകയിലും മിഷൻപ്രവർത്തനങ്ങളിലും നമുക്കുണ്ടാകുന്ന വിഷയങ്ങളെപ്പറ്റി മറ്റുള്ളവരോട് അധികം പറയാൻ പോകരുത് എന്ന് ഉപദേശിക്കുമായിരുന്നു. ഇങ്ങനെ വല്യച്ചനെപ്പറ്റി ഓർത്തോർത്ത് പലതും എഴുതുവാനും അവസരം ലഭിച്ചതിൽ തൂങ്ങാംപാറ ഇടവക സ്മരണിക കമ്മിറ്റിയോടു നന്ദിയും സന്തോഷവുമുണ്ട്.

ദീർഘകാലംകൊണ്ട് ക്രിസ്തുവിനു സാക്ഷ്യംവഹിച്ച പുണ്യാത്മാവു തെളിച്ച വിശ്വാസദീപം നാൾക്കുനാൾ പ്രശോഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം നമുക്കായി സ്വർഗ്ഗത്തിലൊരു വിശുദ്ധനുണ്ട് എന്ന കൃതജ്ഞതയോടെ ഉപസംഗ്രഹിക്കട്ടെ!

10.08.1992
അരുവിക്കര

# ഞാൻ കണ്ട വല്യച്ചൻ

*റവ. ബ്രദർ ജോർജ്ജ് O.C.D.*

1992 ഒക്ടോബർ 20, അതെ – അന്നാണ് ബഹുമാനപ്പെട്ട അദെയോദാത്തൂസച്ചന്റെ 25–ാം ചരമവാർഷിക ദിനാഘോഷം. ഈ അവസരത്തിൽ ചില ഓർമ്മകൾ എന്റെ മനോമുഖുരത്തിൽ എത്തുന്നു. ഒരിക്കലും മറക്കാനാവാത്ത വല്യച്ചൻ, വലിയ താടിയും മീശയുമുള്ള കാഷായവസ്ത്രധാരി, മുതുകിലെ ഭാണ്ഡവുമായി മിഷൻപ്രദേശങ്ങളിൽ സൈക്കിളിലും, കാൽനടയുമായി സഞ്ചരിച്ചിരുന്ന ആ വലിയ മിഷനറി. ഒരു പക്ഷെ, അദ്ദേഹം ആദ്ധ്യാത്മികതയിൽ കൈവരിച്ചുകൊണ്ടിരുന്ന ആ സമ്പാദ്യം പലരും ശ്രദ്ധിച്ചിട്ടുണ്ടാവില്ല. ജീവിതവും പ്രവർത്തനവും പ്രാർത്ഥനയാക്കി മാറ്റിയ ആ ദൈവിക സ്നേഹിതൻ. ആ പുണ്യദേഹം ഇന്നു നമ്മിൽ നിന്നും വേർപിരിഞ്ഞിട്ട് 25 വർഷങ്ങൾ പിന്നിടുന്നു. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽനിന്നും കണ്ട ചില കാര്യങ്ങൾ സൂചിപ്പിച്ചുകൊള്ളട്ടെ.

ഒരു മിഷനറി തന്റെ വീടിനെയും, നാടിനെയും, വേണ്ടപ്പെട്ടവരെയും എല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിന്റെ സ്നേഹത്തെപ്രതി അന്യരാജ്യങ്ങളിൽ എത്തുമ്പോൾ ആ നാട്ടിലുള്ളവരെ എല്ലാമായി കാണുന്നു. വല്യച്ചനും അതുതന്നെയാണ് ചെയ്തത്. എന്റെ ഓർമ്മയിൽ വല്യച്ചനെ കാണുമ്പോൾ കുട്ടികളെ വാത്സല്യത്തോടെ എടുക്കുകയും അവരെ സ്നേഹിക്കുകയും ചെയ്യുന്നു. രോഗികൾക്ക് മരുന്നു കൊടുക്കുക, ചീഞ്ഞുനാറിയ വ്രണങ്ങളുമായി വരുന്നവരുടെ മുറിവുകൾ കഴുകി വൃത്തിയാക്കി മരുന്നു വച്ചുകെട്ടുക, ആളുകൾക്കു പലവിധമുള്ള സാമ്പത്തിക സഹായങ്ങൾ നല്കുക തുടങ്ങി കാരുണ്യപ്രവൃത്തികളും ചെയ്തിരുന്നു.

ക്രിസ്തുവിന്റെ ദൗത്യം മറ്റുള്ളവരിൽ എത്തിക്കുന്നതിന് ഓരോ മിഷൻ സ്റ്റേഷനിലും, മുതുകിലെ ഭാണ്ഡവുമായി നടന്നും, സൈക്കിളിൽ യാത്രചെയ്തും, ദിവ്യബലികൾ അർപ്പിക്കുന്നതിന് എത്തുമായിരുന്നു. ഭാണ്ഡത്തിലുള്ളത് ആവശ്യക്കാർക്ക് കൊടുത്തും, ക്ഷീണിച്ചു വിയർത്തും വരുന്ന വല്യച്ചനെ പലപ്പോഴും എനിക്കു കാണാൻ കഴിഞ്ഞിട്ടുണ്ട്. എപ്പോഴും ഒരു പുസ്തകവുമായി വായനയിലും പഠനത്തിലും എഴുതിയും, രാത്രിയുടെ യാമങ്ങൾ മുറിയിൽ കഴിച്ചു കൂട്ടാറുണ്ട്.

പള്ളിയിലെ ദിവ്യബലിയർപ്പണം വളരെ ഭക്തിജനിപ്പിക്കുന്നവയായിരുന്നു. വലിയ വ്യാഴാഴ്ച മുതൽ ഉയിർപ്പു ഞായറാഴ്ച വരെയുള്ള തിരുക്കർമ്മങ്ങൾ എത്രയോ ഭക്തിജനിപ്പിക്കുന്നവയായിരുന്നു. ഇന്നും ആ പാട്ടിന്റെ രാഗങ്ങൾ എന്റെ മനസ്സിൽ പൊങ്ങി വരുന്നതുപോലെ തോന്നുന്നു. അദ്ദേഹത്തിന്റെ മലയാളത്തിലെ പ്രസംഗം കേൾക്കാൻ വളരെ ഇമ്പമാണ്. ഇങ്ങിനെ പറഞ്ഞുപോയാൽ പേജുകൾ തന്നെ എഴുതാനുണ്ടാകും. അല്പം കോപിക്കുമെങ്കിലും, എല്ലാവരോടും വളരെ സ്നേഹമായും, *കൊച്ചുമക്കളേ, കൊച്ചുമക്കളേ* എന്ന വിളിയിൽ എല്ലാം മറന്നുപോകും. ഇങ്ങനെ ഈശോയുടെ സ്നേഹത്തെപ്രതി എല്ലാം ചെയ്തു കടന്നുപോയ ആ പുണ്യദേഹം ഇന്ന് സ്വർഗ്ഗത്തിൽ ആയിരിക്കും എന്നതിൽ സംശയം വേണ്ട.

ഇനി എന്റെ ജീവിതത്തെയും, അല്പം അദ്ദേഹത്തോടു ബന്ധപ്പെടുത്തി അവസാനിപ്പിക്കാം. കർമ്മലസഭാംഗമായ അദെയോദാത്തൂസച്ചൻ അവസാന നാളുകളിലാണ് തന്റെ മിഷൻസ്റ്റേഷനിൽനിന്നും തന്റെ കർമ്മലസഭയിലേയ്ക്ക് രണ്ടു നവ സന്യാസികളെ സമ്പാദിക്കുന്നത്. അതിൽ ഒരാളാണ് ഞാൻ. ബഹുമാനപ്പെട്ട മൈക്കിളച്ചനാണ് ആദ്യം കർമ്മലീത്താസഭയിൽ പ്രാഥമിക പഠനം ആരംഭിക്കുന്നത്. 1966–ൽ സന്യാസവൈദികനാകാൻ ലത്തീൻ പഠനം തുടങ്ങി രണ്ടു മാസങ്ങൾക്കുശേഷമാണ് ഞാൻ സന്യാസ

ഭവനത്തിൽ സഹോദരനായി ചേർന്ന് പഠനം ആരംഭിക്കുന്നത്. 1966–ൽ സന്യാസ വൈദികനാകാൻ ലത്തീൻ പഠനം തുടങ്ങി രണ്ടു മാസങ്ങൾക്കുശേഷമാണ് ഞാൻ സന്യാസഭവനത്തിൽ സഹോദരനായി ചേർന്ന് പഠനം ആരംഭിക്കുന്നത്. ഞാൻ നോവിഷ്യേറ്റിലായിരുന്നപ്പോൾ വല്യച്ചൻ മരിച്ചു. എന്നെ ആരും അറിയിച്ചില്ല. 11–ാം ദിവസം വീട്ടിൽനിന്നുള്ള കത്തിൽ നിന്നും വിവരങ്ങൾ അറിഞ്ഞു. ഞാൻ പൊട്ടിക്കരഞ്ഞുപോയി. കാരണം, വല്യച്ചൻ എന്നെ സന്യാസഭവനത്തിൽ അയച്ചശേഷം അദ്ദേഹത്തെ ഒരിക്കൽപോലും കാണാൻ സാധിക്കാത്ത ദുഃഖം. അങ്ങനെ വർഷങ്ങൾ കടന്നു. ഞാനും, മൈക്കിളച്ചനും കർമ്മെലീത്താ സഭാംഗമായി മഞ്ഞുമ്മൽ പ്രോവിൻസിൽ സേവനമനുഷ്ഠിക്കുന്നു.

അച്ചനിൽ വിളങ്ങിയിരുന്ന മാതാവിന്റെ ഭക്തിയെക്കുറിച്ചുള്ള പ്രസംഗങ്ങൾ എന്നെ ചിന്തിപ്പിക്കാൻ എന്നെ ഇടയാക്കി. അദെയോദാത്തൂസച്ചനും, റ്റി. ജെയിംസച്ചനുമായിരുന്നു എന്നെ ദൈവവിളിയിൽ സഹായിച്ചത്. അവരെ എന്നും ഞാൻ നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യും. മുതിയാവിള ഇടവകയ്ക്ക് പ്രവർത്തനോത്മുകരായ സിസ്റ്റേഴ്സിനെ കൊണ്ടുവരുന്നതിനും അവരുടെ പ്രവർത്തനം ഇടവകയ്ക്കും ഉപകാരപ്രദമാക്കിയത് വല്യച്ചനാണ്. ഇങ്ങിനെ മുതിയാവിള ഇടവകയും അതിന്റെ ചുറ്റുമുള്ള പള്ളികളിലും ക്രിസ്തീയ വിശ്വാസികൾക്ക് ദൈവരാജ്യത്തെക്കുറിച്ചുള്ള സുവിശേഷം നല്കുകയും, നാനാമതസ്ഥരായ ആളുകൾക്ക് നന്മ ചെയ്തുകൊണ്ട് കടന്നുപോയ ആ സ്നേഹവര്യനെ, അദ്ദേഹം സ്നേഹിച്ച മനുഷ്യരുടെ ഹൃദയങ്ങളിൽ നിന്നും പിഴുതെറിയാൻ സാധിക്കുകയില്ല. അദ്ദേഹം മരിച്ചിട്ട് ഇരുപത്തിയഞ്ചു വർഷങ്ങൾ പിന്നിടുന്ന ഈ വർഷം അദ്ദേഹം സ്വർഗ്ഗത്തിൽനിന്നും സ്വർഗ്ഗീയ പുഷ്പങ്ങൾ വർഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇങ്ങിനെ ഒരു പ്രസിദ്ധീകരണത്തിലൂടെ വല്യച്ചനോടുള്ള സ്നേഹവും ആദരവും കാണിക്കുന്ന വിക്ടറച്ചനും, അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി.

എറണാകുളം
10.08.1992

**FAMILY APOSTOLATE CENTRE**

St. Joseph's Guidance & Counselling Centre
F.M.N. College, Quilon

വിശുദ്ധ പൗലോസ് ശ്ലീഹാ ഈശോയെ കാണാതെ കണ്ടിട്ടുള്ളവരേക്കാൾ വലിയ ശിഷ്യനായതുപോലെ ഞാനും അദെയോദാത്തൂസച്ചനെ കണ്ടിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ വലിയൊരു ശിഷ്യയാണ്. ഞാൻ ആദ്യമായി മുതിയാവിളയിൽ വന്നത് 1970 ആഗസ്റ്റ് 13-ാം തിയതിയാണ്. അന്നു മുതൽ ഓരോ വീടുകളും, ഇടവകകളും സന്ദർശിച്ചപ്പോൾ എനിക്ക് വല്യച്ചനെക്കുറിച്ച് കൂടുതൽ അറിയാൻ സാധിച്ചു. മുതിയാവിളയിലെ കോൺവെന്റ് സ്ഥാപിച്ചപ്പോൾ അന്തേവാസികളായി ഉണ്ടായിരുന്ന സിസ്റ്റേഴ്സ് പറയുന്നതുകേട്ടാണ് ഞാൻ വല്യച്ചന്റെ ദൈവസ്നേഹവും സഹോദരസ്നേഹവും ത്യാഗമനഃസ്ഥിതിയും അറിയുന്നത്.

ആ ദീപം പൊലിയാതെ, പ്രഭ പരത്തിക്കൊണ്ട് ഓരോരുത്തരുടെയും മാനസങ്ങളിൽ ദൈവസ്നേഹത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് ജ്വലിക്കുകയാണ്. ജാതിമതഭേദമെന്യേ ഏവരുടെയും പ്രിയങ്കരനായിരുന്നു വല്യച്ചൻ. പല മിഷനറിമാരുടെയും ജീവചരിത്രം വായിക്കുകയും കേൾക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, എന്നെ ഇത്രയധികം സ്വാധീനിച്ച മറ്റൊരു വ്യക്തിയില്ല. ആ പുണ്യാത്മാവിന്റെ ജീവിതത്തിലേയ്ക്ക് അല്പം ഒന്ന് തിരിഞ്ഞുനോക്കാം. അച്ചൻ തന്റെ പ്രിയപ്പെട്ട മക്കളുടെകൂടെ അന്ത്യംവരെ കഴിയണമെന്ന് ആഗ്രഹിച്ചു. ആ ആഗ്രഹം ദിവ്യനാഥൻ സാധിച്ചുകൊടുത്തു. ഒരു മിഷൻ ഞായറാഴ്ച തന്നെ ആ മിഷനറി സ്വർഗ്ഗത്തിലേയ്ക്ക് യാത്രയായി.

ദൈവസ്നേഹാഗ്നിയാൽ ജ്വലിക്കുന്ന ഒരു ഹൃദയം അദ്ദേഹം സംവഹിച്ചിരുന്നു. ആ ജ്വലിക്കുന്ന സ്നേഹം ദൈവജനത്തെ എല്ലാ വിധത്തിലും സഹായിക്കുന്നതിനും, സംരക്ഷിക്കുന്നതിനും അദ്ദേഹത്തിന് ഉത്തേജനം നല്കി. തിരുവനന്തപുരത്ത് നിന്നുപോലും സാധനങ്ങൾ വാങ്ങി ഭാണ്ഡത്തിൽ ശേഖരിച്ചു മൈലുകൾ നടന്ന് അമ്പൂരി, മായം മുതലായ വനാന്തരങ്ങളിൽ താമസിച്ചിരുന്ന ദൈവജനത്തിന് കൊണ്ടുക്കൊടുത്തിരുന്നു. അന്ന് ആ പ്രദേശങ്ങൾ വനാന്തരങ്ങളായിരുന്നു. അതിനാൽ, ഒരു കയ്യിൽ അരിവാളും മറ്റേ കയ്യിലും മുതുകിലും സാധനങ്ങളുമായി നടന്ന്, കാടുകൾ അരിവാളുകൊണ്ട് വെട്ടിമാറ്റി വീടുകളിൽ എത്തിയിരുന്നു. ലൗകികമായ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതോടൊപ്പം, അതിലേറെ ഉത്സാഹത്തോടെ ദൈവരാജ്യത്തെക്കുറിച്ചും, ദൈവസ്നേഹത്തെക്കുറിച്ചും അവർക്ക് അറിവ് പകർന്നുകൊടുത്തുകൊണ്ടിരുന്നു. "*മക്കളെ സ്വർഗ്ഗത്തെ ഭാഷ എന്താണ്?*" "*സ്നേഹം*" എന്ന് അച്ചൻ തന്നെ മറുപടി പറഞ്ഞിരുന്നു. ഇപ്രകാരം, ഞങ്ങളുടെ ആത്മാവിന്റെയും ജീവിതത്തിന്റെയും സംരക്ഷകനായ പിതാവെന്ന് കരുതിയിരുന്ന ദൈവജനം അദ്ദേഹത്തിന്റെ ചരമവാർത്ത അറിഞ്ഞപ്പോൾ "*എന്റെ അപ്പച്ചോ*" എന്നു വിളിച്ചു. ആ രോദനം ഇന്നും ചെവികളിൽ മുഴങ്ങുന്നു. അങ്ങനെ അദ്ദേഹം ഇന്നും നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുന്നു.

ഞങ്ങളുടെ കോൺവെന്റ് ആദ്യമായി മുതിയാവിളയിൽ തുടങ്ങിയത് 1967-ൽ ആണ്. അതിനായി മുൻകൈ എടുത്തതും വല്യച്ചൻ തന്നെയാണ് ആദ്യമായി സിസ്റ്റേഴ്സ് മുതിയാവിളയിൽ ചെന്നപ്പോൾ പിതൃവാത്സല്യത്തോടെ സ്വീകരിച്ചു - വേണ്ടതെല്ലാ സഹായങ്ങളും ചെയ്തു. അദ്ദേഹത്തിന്റെ അനുഗ്രഹാശിസ്സുകൾ ഇന്നും ഞങ്ങളുടെ കോൺവെന്റിനുണ്ട്. വല്യച്ചൻ നടന്നുപോയിട്ടുള്ള പാതയിൽ "*വല്യച്ചോ*" എന്നു വിളിക്കുന്ന സ്നേഹധ്വനി ഇന്നും കേൾക്കാം. കർത്താവിന്റെ വീരപുരുഷനായി അദ്ദേഹം ഇന്നും വാഴുന്നു.

നമുക്ക് വല്യച്ചനോട് പ്രാർത്ഥിക്കാം. നമുക്കും നമ്മുടെ കുടുംബത്തിനും ആവശ്യ

മായ അനുഗ്രഹങ്ങൾ വല്യച്ചൻ ഈശോയിൽനിന്നും വാങ്ങിത്തരും. ഈ ചെറിയ കുറിപ്പ് എഴുതുവാൻ എന്നെ പ്രേരിപ്പിച്ച തൂങ്ങാംപാറ ഇടവകയച്ചനും ഇതിന്റെ ഭാരവാഹികൾക്ക് പ്രാർത്ഥനയും നന്ദിയും,

കൊല്ലം — സ്നേഹത്തോടെ മിശിഹായിൽ.

10.08.1992 — *റവ. സിസ്റ്റർ ആൽഫ്രട്ടാ മേരി*

*FIH*

# റവ. ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.
# ഒരു അനുസ്മരണം

*മോൺ. എസ് തോമസ്*
വികാരി ജനറൽ
തിരുവനന്തപുരം രൂപത

**ആമുഖം**

കർമ്മെലീത്താസഭയും തിരുവനന്തപുരം രൂപതയും തമ്മിലുള്ള ബന്ധം വളരെ ആഴത്തിൽ പഠിക്കേണ്ടതും അറിഞ്ഞിരിക്കേണ്ടതുമായ വസ്തുതയാണ്. നമ്മുടെ രൂപതയ്ക്ക് നന്ദിയോടും കൃതജ്ഞതയോടും കൂടെ മാത്രമേ വന്ദ്യരായ വിദേശ മിഷനറിമാരുടെ സേവനം അനുസ്മരിക്കാൻ കഴിയൂ. അവർ നല്കിയ പ്രേഷിതചൈതന്യവും, തീക്ഷ്ണതയും ഇന്നും ജനങ്ങളുടെയിടയിൽ മങ്ങലേൽക്കാതെ നിലനില്ക്കുന്നുവെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്.

1898-ൽ ബെൽജിയത്തിലെ ഫ്ളാന്റേഴ്സിലെ കർമ്മെലീത്താ പ്രോവിൻസ് കൊല്ലം രൂപതയുടെ അജപാലനദൗത്യം ഏറ്റെടുക്കാൻ തീരുമാനിച്ചു. തിരുവനന്തപുരം രൂപത ജന്മം കൊണ്ടതെന്ന് പറഞ്ഞാൽ അതിശയോക്തിക്കിടയില്ല. ഉദാഹരിക്കയാണെങ്കിൽ, റവ. ഫാ. ജോൺ ഡൊമീഷ്യൻ നെയ്യാറ്റിൻകര കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്നപ്പോൾ മലയോര പ്രദേശങ്ങളിൽ 16 ദൈവാലയങ്ങൾ അദ്ദേഹം സ്ഥാപിച്ചു. വിശ്വാസം അരക്കിട്ടുറപ്പിക്കാൻ അവർ കൈക്കൊണ്ട പ്രവർത്തന ശൈലികൾ സുതാര്യവും ദീർഘവീക്ഷണമുള്ളതുമായിരുന്നു. റവ. ഫാ. ഇൽഡഫോൺസ് ഒ.സി.ഡി. 1926-ൽ മുതിയാവിള കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ നെടുമങ്ങാട് താലൂക്കിൽ (40) പള്ളികൾ നിർമ്മിക്കേണ്ടിവന്നുവെന്ന് മനസ്സിലാക്കുമ്പോൾ അവരുടെ പ്രേഷിത ചൈതന്യം ഊഹിക്കാവുന്നതേയുള്ളു.

കർമ്മെലീത്താ മിഷനറിയായ റവ. ഫാ. അദെയോദാത്തൂസ് മരണമടഞ്ഞിട്ട് 25 വർഷമാകുകയാണ്. മുതിയാവിള കേന്ദ്രമാക്കി പ്രവർത്തിച്ച ആ പ്രേഷിതവര്യന്റെ ആദ്യത്തെ അസിസ്റ്റന്റ് എന്ന നിലയിൽ അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മ എന്റെ ഹൃദയം നിറഞ്ഞു നില്ക്കുന്നു. ഇന്ന് അനേകം വൈദികർ പ്രവർത്തിച്ചുവരുന്ന മിഷൻകേന്ദ്രങ്ങളിൽ അദ്ദേഹം തനിയേ പ്രവർത്തിച്ചുവെന്ന് മനസ്സിലാക്കുമ്പോഴാണ് അദ്ദേഹത്തിന്റെ തീക്ഷ്ണത നമുക്കു വ്യക്തമാകുന്നത്.

**പ്രാർത്ഥനയിലുള്ള നിഷ്ഠ:**

ഇത്രയും ജോലിത്തിരക്കും വിശാലമായ പ്രവർത്തനവും ഉള്ള സമയത്തു കർമ്മെലീത്താ സന്യാസസഭയുടെ ക്രമങ്ങളനുസരിച്ചുള്ള ഭക്തകൃത്യങ്ങൾ കണിശമായി അനുഷ്ഠിച്ചു പോന്നു. ദിവസവും രണ്ടു മണിക്കൂർ ധ്യാനത്തിന് അദ്ദേഹം വിനിയോഗിച്ചിരുന്നു. രാവിലെ 6 മുതൽ 7 വരെയും രാത്രി 7 മുതൽ 8 വരെയും അദ്ദേഹം പള്ളിയിൽ ഉണ്ടാകും. രോഗീലേപനത്തിനു വേണ്ടിമാത്രമേ ഈ സമയങ്ങളിൽ അദ്ദേഹത്തെ വിളിക്കാവൂ എന്ന് നിർദ്ദേശം നല്കിയിരുന്നു.

**ചിട്ടപ്പെടുത്തിയ ജീവിതം:**

മിഷൻ കേന്ദ്രങ്ങളിൽ ഭവനസന്ദർശനത്തിന് പോകുന്ന സന്ദർശങ്ങളൊഴിച്ചാൽ അദ്ദേഹത്തെ എപ്പോഴും ദൈവിക വസതിയിൽ കാണാമായിരുന്നു. അച്ചനെ കാണാനും, കേൾക്കാനും, ഉപദേശങ്ങൾ സ്വീകരിക്കാനും ആവശ്യങ്ങൾ നിറവേറ്റാനും ആൾക്കാർ വരുമായിരുന്നു. മിഷനറി വൈദികരുടെ മലയാള ഭാഷാപ്രയോഗം പൊതുവേ ഉച്ചാരണ

ശുദ്ധിയില്ലാത്തതും വ്യാകരണത്തെറ്റുള്ളതുമായിരുന്നു. എന്നാൽ, വല്യച്ചന്റെ മലയാളം വ്യാകരണ തെറ്റില്ലാത്തതായിരുന്നു. പലപ്പോഴും എന്നെ വിളിച്ച് സംശയനിവാരം വരുത്തിയിരുന്നു. മലയാള വ്യാകരണം പഠിക്കുവാൻ ദിവസവും അരമണിക്കൂർ ചെലവാക്കിയിരുന്നു.

**സഹവൈദികരോടുള്ള സമീപനം;**

സഹവൈദികരെ ശരിക്കും പ്രോത്സാഹിപ്പിക്കുമായിരുന്നു. പ്രവർത്തനരംഗങ്ങളിൽ സഹവൈദികരെന്ന വിഭാഗീയചിന്ത അല്പംപോലും ഉണ്ടായിരുന്നില്ല. സഹവൈദികരുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും വീഴ്ച പറ്റിയാൽ അദ്ദേഹം അത് സ്വയം ഏറ്റെടുക്കും. അന്ത്യകൂദാശയ്ക്ക് ആൾക്കാർ വരുമ്പോൾ വല്യച്ചൻ കൊച്ചച്ചനെ പറഞ്ഞയയ്ക്കില്ല. ശനിയാഴ്ച് കൊച്ചച്ചനെക്കൊണ്ട് അധികം ജോലി ചെയ്യിക്കില്ല. ഞായറാഴ്ച ഒരുങ്ങാനും പ്രാർത്ഥിക്കാനുമാണ് ആ നിയന്ത്രണം. അദ്ദേഹം ഒരു മാതൃഹൃദയത്തിന്റെ ഉടമയാണെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. വിശേഷപ്പെട്ട എന്തെങ്കിലും ആഹാരസാധനങ്ങൾ കിട്ടിയാൽ കൊച്ചച്ചന് അതിന്റെ ഒരു പങ്കുകൊടുക്കുമായിരുന്നു. കൊച്ചച്ചന്റെ ആരോഗ്യത്തിന്റെ കാര്യത്തിൽ വളരെ ശ്രദ്ധാലുവായിരുന്നു.

**നർമ്മരസമുള്ള മിഷനറി:**

സൈക്കിളിലായിരുന്നു കൂടുതലും യാത്ര. സഹയാത്രികരോടൊപ്പം മത്സരിച്ചു ചവിട്ടാൻ പ്രത്യേകം താല്പര്യം കാട്ടിയിരുന്നു. ഒരിക്കൽ ബസ്സിൽ യാത്ര ചെയ്ത ഒരനുഭവം എന്നോടു പങ്കുവച്ചിട്ടുണ്ട്. "കിഴക്കേക്കോട്ടയിൽനിന്ന് ബസ്സു കയറി. ബസ്സിൽ കയറിയാലുടൻ കാനോനാ പുസ്തകം തുറന്ന് പ്രാർത്ഥിക്കുന്നത് ശീലമായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ ചാടിക്കയറിയത് '*സ്ത്രീകൾക്കു മാത്രം*' ഉള്ള ബസ്സായിരുന്നു. ബസ്സിൽ കൂട്ടച്ചിരി. കണ്ടക്ടർ അവനോട് ഇറങ്ങാൻ ആവശ്യപ്പെട്ടു. "സ്ത്രീകൾക്കു മാത്രമുള്ളതാണ് – പുരുഷന്മാർ ഇതിൽ സഞ്ചരിപ്പാൻ പാടില്ല". വല്യച്ചന്റെ മുഖത്ത് ചിരി. "*എന്നാൽ നിങ്ങൾ പുരുഷനാണല്ലോ. നിങ്ങളും പുറത്തിറങ്ങേണ്ടിവരും*". ചുരുക്കത്തിൽ സ്ത്രീകളുടെ റെക്കുമെന്റേഷൻ (സഹായം) ഉള്ളതിനാൽ യാത്രമുഴുമിപ്പിക്കാൻ കഴിഞ്ഞു". രാത്രിയിൽ ആഹാരം കഴിഞ്ഞശേഷം ഒത്തിരികാര്യങ്ങളെക്കുറിച്ചു സംസാരിക്കുമായിരുന്നു.

**പട്ടാളത്തിലും മുൻനിരയിൽ:**

ഒന്നാം ലോകമഹായുദ്ധകാലത്ത് പട്ടാളത്തിൽ സേവനമനുഷ്ഠിച്ചിരുന്ന യുദ്ധസമയത്ത് മുൻനിരയിൽ മെഷീൻഗണ്ണിന്റെ കാഞ്ചി വലിക്കുന്ന ജോലി ആയിരുന്നു. ജീവനും മരണവും നോക്കികണ്ട 33 (മുപ്പത്തിമൂന്നു) ദിവസം. ഒടുവിൽ ശത്രുക്കൾ പിടിച്ച് തടങ്കൽ പാളയത്തിലാക്കി. 11 മാസക്കാലം അവിടെ വളരെ പരിതാപകരമായ വിധത്തിൽ കഴിയേണ്ടതായി വന്നിട്ടുണ്ട്. മരിക്കുന്നതുവരെ വല്യച്ചന് പെൻഷൻ കിട്ടുമായിരുന്നു. തടങ്കൽപ്പാളയത്തിലെ ജീവിതം ദൈവവിളിക്ക് വഴിതെളിച്ചുവെന്ന് അദ്ദേഹം പറയുമായിരുന്നു.

**കുറ്റവാളികളുടെ ഉറ്റമിത്രം:**

വല്യച്ചന്റെ പ്രേഷിത പ്രവർത്തനത്തിന്റെ തിളക്കമുള്ള ഒരദ്ധ്യായം അദ്ദേഹത്തിന്റെ ജയിൽ സന്ദർശനമാണ്, ജീവിതത്തിന്റെ ഒരു ദുർബല നിമിഷത്ത് ചെയ്തുപോയ തെറ്റിന്റെ പേരിൽ മനസ്താപിച്ചാൽപോലും മോചനം കിട്ടാത്ത അവസ്ഥയെക്കുറിച്ച് അദ്ദേഹത്തിന് ദുഃഖമുണ്ടായിരുന്നു. തൂക്കിലിടാൻ വിധിക്കുന്ന കുറ്റവാളികളോട് വളരെ സ്നേഹവും വാത്സല്യവും കാട്ടിയിരുന്നു. അവരുടെ മനസ്താപത്തിനും, മാനസാന്തരത്തിനുംവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. ജയലധികാരികൾക്കും അച്ചന്റെ സന്ദർശനം തൃപ്തികരമായിരുന്നു.

ഒരു കൊലപാതകത്തിന്റെ പേരിൽ തിരുവനന്തപുരം സെൻട്രൽ ജയിൽ കിടന്ന ഒരു കുറ്റവാളി അച്ചന്റെ മനസുഖം കുറച്ചൊന്നുമല്ല നഷ്ടപ്പെടുത്തിയത്. കൊലയ്ക്ക് വിധിച്ച വ്യക്തി യഥാർത്ഥത്തിൽ, കുറ്റവാളി അല്ലായിരുന്നു. ആ മനുഷ്യനോട് ക്ഷമിക്കാനും, സമാധാനത്തോടുകൂടെ മരിക്കാനും കൊലക്കുറ്റത്തിന് വിധിച്ച വ്യക്തി തയ്യാറായിരുന്നില്ല. എന്നാൽ ശിക്ഷ നടപ്പിലാക്കുന്നതിന്റെ മൂന്നു ദിവസം മുമ്പ് യഥാർത്ഥ കുറ്റവാളി ഒരു മൂർഖൻപാമ്പു കടിച്ചു മരിച്ചു. ആ സംഭവം ശിക്ഷയ്ക്കു വിധിച്ച വ്യക്തിയില്ഡ ശരിക്കും മാറ്റം വരുത്തി. "*ദൈവം നീതിമാനാണ്. തെറ്റു ചെയ്തവന് ദൈവം ശിക്ഷ കൊടുത്തു. എനിക്കിനി ദൈവഭയത്തോടെ മരിക്കാം*". അങ്ങനെ ആ നിരപരാധി സന്തോഷത്തോടെ ശിക്ഷ ഏറ്റു വാങ്ങി. വല്യച്ചനതു പറയുമ്പോൾ ഒത്തിരി വികാരഭരിതനാകുമായിരുന്നു.

വിസ്താരഭയം കാരണം പലതും ഒഴിവാക്കുകയാണ്. പഠനവും, പ്രാർത്ഥനയും, പ്രവർത്തനവുംകൊണ്ട് തന്റെ ജീവിതം ഒരു ബലിയായിട്ട് സമർപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. അക്ഷരാർത്ഥത്തിൽ, അദ്ദേഹം ഒരു മിഷനറി ആയിരുന്നു. വിശുദ്ധമായ ആ ജീവിതം മങ്ങലേല്ക്കാതെ തുടരട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബിഷപ്പ് ഹൗസ്, വെള്ളയമ്പലം
20.08.1992

## ഞങ്ങളുടെ വല്യച്ചൻ – ദൈവദത്തൻ

*റവ. ഫാദർ ജി. സ്റ്റീഫൻ*
അഞ്ചുതെങ്ങ് ഫെറോനാ വികാരി

ഫാദർ അദെയോദാത്തൂസിനെ ഞാൻ പരിചയപ്പെടുന്നത് 1959–ൽ മുതിയാവിളയിൽ ഈശാദ്വല പ്രദേശം കേന്ദ്രമാക്കിയാണ്. അദ്ദേഹം പ്രേഷിത ശുശ്രൂഷ നടത്തിവന്നത്. പ്രവർത്തനങ്ങൾ കണ്ടുപഠിക്കാനും, ശുശ്രൂഷയിൽ അദ്ദേഹത്തെ സഹായിക്കാനും ഞാൻ ചെന്നു; അതേ വസതിയിൽ താമസിച്ചു. ഇവിടെ വച്ചാണ് അദ്ദേഹത്തെ അടുത്തു കാണുക. ദീർഘകായൻ. ദൃഢമായ ശരീരം, ഗാംഭീര്യമുള്ള മുഖത്തിൽ തിളങ്ങുന്ന കണ്ണുകൾ അദ്ദേഹത്തിന്റെ വ്യക്തിവൈഭവത്തെ പ്രകാശിപ്പിച്ചു. നീണ്ടു വളർന്ന താടിരോമങ്ങൾ ആ പ്രതിഭാശാലിയെ പുളകം അണിയിച്ചുകൊണ്ടിരുന്നു. വെളുത്ത ശരീരത്തിൽ അദ്ദേഹത്തിന്റെ പ്രൗഢിയും കരുത്തും ഞാൻ കണ്ടു.

ലളിതമായ ജീവിതം അദ്ദേഹം നയിച്ചുവന്ന വിദേശീയനാണ് – ബെൽജിയംകാരൻ. എങ്കിലും ഇവിടെ മിഷനറി വൈദികനായി വന്നപ്പോൾ തനി ഇന്ത്യാക്കാരന്റെ പ്രകൃതം സ്വീകരിച്ചു. പ്രവർത്തനരീതിയിലും ഭക്ഷണക്രമത്തിലും കേരളീയരുചിയെ പൂർണ്ണമായും ഇഷ്ടപ്പെട്ടു. ചോറും കറിയും കപ്പയും മത്സ്യവും അദ്ദേഹത്തിനു ഇഷ്ടഭോജനങ്ങൾ! ഭക്ഷണം കഴിക്കുമ്പോൾ കാണുന്നവർക്ക് തോന്നും, ഇത് ആസ്വദിച്ചിരിക്കാൻ നേരമില്ല, ഇനിയും തിരുക്കത്തിൽ ഒത്തിരി ഒത്തിരി കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. ഭക്ഷണമേശയിൽ വച്ചുതന്നെ അദ്ദേഹത്തിന്റെ ശരീരാരോഗ്യത്തിന്റെയും കർമ്മശേഷയുടെയും ലഭണങ്ങൾ വ്യക്തമായി കാണാം.

കോപ്പയുടെയും തട്ടത്തിന്റെയും പുറം വെടിപ്പാക്കുന്നതിൽ അത്ര വ്യാപൃതനായില്ല; വെള്ളയടിച്ച കുഴിമാടംപോലെ കാണപ്പെടുവാനും അദ്ദേഹം ആഗ്രഹിച്ചില്ല. അകം ശുദ്ധിയാക്കുന്ന കാര്യത്തിൽ അദ്ദേഹം തീവ്രമായി പരിശ്രമിച്ചുകൊണ്ടിരുന്നു. സന്ധ്യ കഴിഞ്ഞാൽ ദിവസവും ഒന്നു രണ്ടു മണിക്കൂർ അദ്ദേഹം ധ്യാനനിമഗ്നനാകും. പ്രകാശം വീഴാത്ത സ്ഥലത്തിരുന്ന്, പ്രഭാതമാകുമ്പോൾ യാഗാർപ്പണത്തിനുമുമ്പ് പാപമോചകവേദിയിൽ അദ്ദേഹം ആസന്നസ്ഥനാകും.

അനുദിന ദിവ്യപൂജയ്ക്ക് ആകെ മുപ്പതിലധികം ആളുകൾ സംബന്ധിക്കും. അവരോട് എന്നും ദൈവവചനം പ്രഘോഷിക്കും. ദിവ്യസത്യങ്ങൾ മലയാളത്തിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിനു പ്രയാസം തോന്നിയില്ല. ദിവ്യബലി കഴിഞ്ഞാൽ 1.30 മണി വരെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾ അദ്ദേഹത്തെ സന്ദർശിച്ചുകൊണ്ടിരിക്കും. ആ പ്രവർത്തനങ്ങളും വർത്തമാനങ്ങളും ശ്രദ്ധിച്ചാൽ തോന്നും അദ്ദേഹം സദാ ദൈവസാന്നിദ്ധ്യ സ്മരണയിലായിരുന്നുവെന്ന് യേശുവിന്റെ പ്രവാചകദൗത്യം അദ്ദേഹം ജീവിതത്തിൽ പകർത്തി. "*ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു*" (ലൂക്കാ 14:18 –19). ഓരോരുത്തരുടെയും പ്രശ്നങ്ങൾ കേൾക്കാൻ അദ്ദേഹം സന്മനസ്സും സ്നേഹവും കാണിച്ചു. അവയ്ക്കെല്ലാം പരിഹാരം നേടിക്കൊടുക്കാൻ തങ്ങളുടെ പ്രിയപ്പെട്ട വല്യച്ചന് സാധിക്കുമെന്നാണ് അവരുടെ വിശ്വാസം. ചിലർ കടബാദ്ധ്യതയുടെ ബന്ധനത്തെക്കുറിച്ചാണ് പറയുക. അവർക്ക് അതിൽനിന്നും മോചനം കിട്ടണം. ദുഃസ്ഥിതിയിലമർന്നു കഴിയുന്നവരും അദ്ദേഹത്തെ സമീപിക്കാറുണ്ട്. ദുരഭിമാനം നീക്കി സ്വതന്ത്രരായി ജീവിക്കാൻ അവർക്കും അദ്ദേഹത്തിന്റെ സഹായം വേണം. ചിലർ ഓരോ ജോഡി വസ്ത്രത്തിനാവും അദ്ദേഹത്തെ ആശ്രയിക്കുക. ഔഷധങ്ങൾ, പുസ്തകം, നോട്ടുബുക്ക് അന്നത്തെ

ആഹാരത്തിനു വക ഇവ തേടി വരുന്നവരുമുണ്ട്. ആളും ആവശ്യവും അറിഞ്ഞ് അദ്ദേഹം ഒളിഞ്ഞും തെളിഞ്ഞും സഹായം വിതരണം ചെയ്യും. ഇടവകയിലെ ഓരോ വ്യക്തിയെയും കുടുംബത്തെയും അവരുടെ പശ്ചാത്തലത്തെയും അദ്ദേഹം പഠിച്ചിരിക്കും തന്റെ സഹായം ആവശ്യപ്പെട്ടു വരുന്ന വ്യക്തികളോട് ഉചിതമെന്നു കണ്ടാൽ മുഖം നോക്കാതെ ദൈവനീതിയെക്കുറിച്ചും, ജീവിതധർമ്മത്തെക്കുറിച്ചും ഉപദേശങ്ങളും താക്കീതുകളും നല്കുന്നതു കേൾക്കാം.

വ്യക്തിതലങ്ങളിൽ മാത്രമല്ല, സാമൂഹ്യമണ്ഡലത്തിലും പരോപകാരപ്രവർത്തനങ്ങൾ നടത്താൻ അദ്ദേഹം വിശാലഹൃദയനാണ്. ജാതിമതവർഗ്ഗീയചിന്തകൾക്കതീതമായി സേവനം കാഴ്ചവച്ച അദ്ദേഹത്തെ നീതിശാസ്ത്രലോകം ആദരീണീയനാക്കി ഒരു കൂട്ടം തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് മുതൽമുടക്കി സഹായിച്ചു. ഈറ്റക്കാടുകളിൽ ചെന്നു തങ്ങി, ഈറ്റവെട്ടി കൊണ്ടുവന്നു പായ നെയ്തു വിറ്റു ജീവിച്ച സഹോദരങ്ങൾക്ക് അദ്ദേഹം ഒരു കാരുണ്യനിധിയായിരുന്നു. അവരുടെ തൊഴിൽ സാദ്ധ്യതയെയും സാമ്പത്തികാഭിവൃദ്ധിയെയും വിപുലമാക്കാൻ ഒരു സ്കീം തന്നെ തയ്യാറാക്കി പ്രവർത്തിച്ചു. അവർക്കീ പദ്ധതി വലിയൊരു സഹായവും ആശ്വാസവുമായിരുന്നു.

വല്യച്ചൻ എന്നാണ് അദ്ദേഹം അറിയപ്പെടുക. ആളുകൾ അദ്ദേഹത്തെ പൈതൃക വാത്സല്യത്തിന്റെ നിറവിളക്കായി മാനിച്ചിരുന്നു. പാണ്ഡിത്യത്തിന്റെ തെളിമയും അനുഭവത്തിന്റെ സമ്പത്തും അദ്ദേഹത്തിൽ ഉള്ളതായി അനുമാനിച്ചതു ശരിയാണ്. അർത്ഥം വച്ചുള്ള ആ വിളി അദ്ദേഹത്തിനും യോജിച്ചതു തന്നെ. പ്രായവും പരിഗണിക്കാനുണ്ട്. കൊളവുപാറ, കള്ളിക്കാട്, മുകുന്ദറ, ചെട്ടിക്കുന്ന്, ചെമ്പനാംകോട്, തൂങ്ങാംപാറ എന്നീ പ്രദേശങ്ങളെ ഉൾക്കൊള്ളിച്ചുള്ള കേന്ദ്രഭരണത്തിൽ അദ്ദേഹത്തെ സഹായിക്കാൻ ഒരു യുവവൈദികനും കൂടെ കാണും. ആ സ്ഥിതിക്ക് വല്യച്ചൻ എന്ന വിളി നിരർത്ഥവുമല്ല.

മൂന്നു കൊച്ചച്ചന്മാരുടെ കാര്യം സന്ദർഭാനുസരണം പലപ്പോഴും പറയുമായിരുന്നു. എസ്. തോമസച്ചന്റെ ബൈബിൾ ക്ലാസ്സും, യുവജനങ്ങളെ സംഘടിപ്പിച്ച് അതിൽ ആകർഷിച്ച് പ്രബുദ്ധരാക്കിയ തീക്ഷ്ണതയും പരിജ്ഞാനവും എടുത്തു പറഞ്ഞപ്പോൾ എന്നിലും അപ്രകാരമൊരു പ്രേഷിതൻ വളർന്നു കാണാൻ അദ്ദേഹം കൊതിക്കുകയായിരുന്നു. മാർട്ടിനച്ചന്റെ പ്രാർത്ഥനാജീവിതവും അദ്ദേഹത്തിന് ഇഷ്ടപ്പെട്ടു. പ്രേഷിതജീവിതം പ്രശ്നസങ്കലനമാകാം, തളർന്നതാകാം, അതിന് പരിഹാരം കാണാൻ വചന വിചിന്തനത്തിലൂടെ, ദൈവാശ്രയബോധത്തിലൂടെ, പ്രാർത്ഥനാചൈതന്യത്തിലൂടെ പ്രേഷിതൻ സ്ഥിരോത്സാഹിയാകണമെന്നു വാദിച്ച അദ്ദേഹം ജയിച്ചു. ഭക്ഷണസമയത്ത് വാർത്തകൾ വിതരണം ചെയ്യുന്നതിനിടയിൽ അജപാലനത്തിന് ഉതകുംവിധം മൈക്കിളച്ചൻ അദ്ദേഹത്തെ ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളിൽ സഹായിച്ചുകൊണ്ടിരുന്നു. പൗരോഹിത്യത്തിലെ പ്രവർത്തനസാദ്ധ്യതയെയും, കഴിവുകളെയും പുകഴ്ത്താൻ അതൊരു കാരണമായി. അദ്ദേഹത്തിന്, ദൈവജനത്തിനുവേണ്ടി ജീവിതമർപ്പിക്കുന്ന പുരോഹിതൻ ഒരു പരിധിവരെയെങ്കിലും ഉചിതമായ സേവനം വീഥിയിൽ ജീവിതസ്പർശിയായ എല്ലാ കാര്യങ്ങളിലും നിപുണനും വിജ്ഞാനിയുമാകണമെന്നു അദ്ദേഹം ആധികാരികമായി പറഞ്ഞു.

ആർ. പോളിനെയും, ജെ. ജെറാൾഡിനെയും, ഡി. ഫ്രാൻസിസിനെയും അവരുടെ ഇളംപ്രായത്തിൽത്തന്നെ വലിയൊരു ഉന്നം വച്ചു വീക്ഷിച്ച വൈദികപഠനത്തിനു പ്രോത്സാഹിപ്പിച്ചു സഹായിച്ചു. ഈ മൂന്നു വൈദികരിൽ രണ്ടു പേർ തിരുവനന്തപുരം രൂപതയിലും ഒരാൾ മദ്രാസ്സിൽ സലേഷ്യൻ സന്യാസസഭ മിഷൻ രംഗത്തും പ്രവർത്തിക്കുകയാണ്.

തൂങ്ങാംപാറ അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ പ്രത്യേകം ശ്രദ്ധാർഹമായ വളരെ സുന്ദരമായൊരു ഭൂപ്രദേശമായി എനിക്കതു തോന്നി. രാജപാതയുടെ നിരപ്പിൽനിന്നു ഏറെ

പൊങ്ങി പരന്നു കിടക്കുന്നു. മരച്ചീനി വിളയും, തെങ്ങിൻ തോപ്പും, വിദ്യാലയവും ഇതിനെ മനോഹരമാക്കുകയാണ്. പതിവായി ഇവിടെ അദ്ദേഹം വൈദികശുശ്രൂഷ നടത്താറുണ്ട്. ആളുകളിൽ അധികംപേരും സാധുക്കൾ, പള്ളിക്കാര്യങ്ങളിൽ കൂടുതൽ താല്പര്യം കാണിച്ചു. വല്യച്ചനെ ഒരു ആശ്രയമായി അവർ കണ്ടു. അവിടെ വികസന പ്രവർത്തനങ്ങൾ നടത്താൻ അദ്ദേഹം ഒരുമ്പെട്ടു. വ്യക്തിപരമായി തൊഴിലില്ലായ്മ മാറ്റാനും, പട്ടിണി മാറ്റാനും ചെറിയതോതിൽ കിടപ്പാടം ഉണ്ടാക്കാൻ അവരെ സഹായിച്ചു.

ആളുകൾ വല്യച്ചനെ വളരെ സ്നേഹിച്ചു, ബഹുമാനിച്ചു. അദ്ദേഹം അവരെയും സ്നേഹിച്ചു വന്നു. 25-ാം ചരമവാർഷിക ദിനാഘോഷങ്ങളിലൂടെ അദ്ദേഹത്തോടു നന്ദിയും സ്നേഹവും അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഇതെഴുതുമ്പോൾ ഞാൻ മാനിക്കുന്നത് അദ്ദേഹത്തിന്റെ ദൂരെക്കാഴ്ചയെയാണ്. സുവിശേഷ വത്ക്കരണം 2000-ാമാണ്ടിൽ, വചന വിചിന്തനത്തിലൂടെ ജീവിതത്തെ ക്രൈസ്തവോചിതമാക്കുക, സുവിശേഷാദർശങ്ങളിലൂടെ സാംസ്ക്കാരിക വളർച്ചയും, സാമുദായിക പരിവർത്തനവും വരുത്തുക എന്നൊക്കെ ലോകം ശബ്ദമുഖരിതമാകുന്നത് ആശാവഹമാണ്. എങ്കിൽ വല്യച്ചനിൽ ഈ ചിന്താധാരകൾ 25 വർഷങ്ങൾക്കുമുമ്പേ തെളിഞ്ഞു വിളങ്ങിയിരുന്നത് പ്രശംസാർഹമല്ലേ?

## "എന്റെ ഉപദേശി ജീവിതത്തിലെ വിലപ്പെട്ട 21 വർഷം"

*ശ്രീ. കെ. ശബരിമുത്തൻ ഉപദേശി*

പെരിയ ബഹുമാനപ്പെട്ട വല്യച്ചനെക്കുറിച്ച് ഒരനുസ്മരണക്കുറിപ്പ് എഴുതാൻ എന്നോട് ആവശ്യപ്പെട്ടപ്പോൾ ഉണ്ടായ നന്ദിയും കൃതജ്ഞതയും ഞാനിവിടെ രേഖപ്പെടുത്തുന്നതോടൊപ്പം, ഇതിൽ പറയുന്ന കാര്യങ്ങൾ വല്യച്ചനോട് അടുത്ത് ഇടപഴകിയ 21 വർഷക്കാലത്തെ എന്റെ അനുഭവങ്ങളാണ് - ഇതിലെ ഉള്ളടക്കം.

സ്നേഹ ബഹുമാനപ്പെട്ട വല്യച്ചൻ ചാർജ്ജെടുക്കുന്നതിനുമുമ്പ് ഞാൻ ഉപദേശി ജോലി നോക്കിയിരുന്നു. ബഹുമാനപ്പെട്ട ഫാദർ ഡോമിനിക്ക് O.C.D. ആയിരുന്നു മുൻ വികാരി. ദീർഘകാല സേവനത്തിനുശേഷം ബെൽജിയംകാരനായ ഡോമിനിക്കച്ചൻ അന്നത്തെ രൂപതാ മെത്രാനായ കാലം ചെയ്ത അഭിവന്ദ്യ ഡെരേരാ തിരുമേനിയോട് നാട്ടിൽ പോകാൻ അനുവാദം വാങ്ങിയിരുന്നു. അച്ചൻ എന്നോട് ഒരു ദിവസം പറഞ്ഞു, "*ഞാൻ നാട്ടിലേയ്ക്കു മടങ്ങുകയാണ്.... ഇനി വരുന്നതും ബെൽജിയത്തുകാരനായ ഒരു കർമ്മെലീത്താ വൈദികനാണ്. അദ്ദേഹം ഭക്തനും മിടുക്കനുമായ ഒരു വൈദികനാണ്. ഇപ്പോൾ പാങ്ങോട് ആശ്രമത്തിൽ കഴിയുകയാണ്*".

അച്ചന്റെ നിർദ്ദേശപ്രകാരം സാധനങ്ങളെല്ലാം ഞങ്ങൾ പാങ്ങോട് ആശ്രമത്തിലെത്തിച്ചു. മടങ്ങിവന്നപ്പോൾ വല്യച്ചന്റെ സാധനങ്ങൾ കാളവണ്ടിയിൽ കയറ്റി. ആ സമയം ഡോമിനിക്കച്ചൻ എന്നെ വല്യച്ചന് പരിചയപ്പെടുത്തി. പൊക്കത്തിന് ഒത്ത വണ്ണം, തലയെടുപ്പുള്ള നടത്തം, നീണ്ട താടി, തിളങ്ങുന്ന കണ്ണുകൾ, പുഞ്ചിരിക്കുന്ന മുഖം.... ഡോമിനിക്കച്ചൻ പറഞ്ഞതുപോലെ ഈശ്വരഭക്തിയുള്ള ഒരു വൈദികൻ...! വല്യച്ചൻ അപ്പോൾ പറഞ്ഞ വാചകം ഞാനിന്നും ഓർക്കുന്നു. "*കൊള്ളാം.... എന്നെ സഹായിക്കുവാൻ ദൈവം ഒരു ഉപദേശിയെ എനിക്കു തന്നു. ദൈവത്തിനു നന്ദി*". വല്യച്ചൻ മുതിയാവിളയിൽ വന്ന പിറ്റേദിവസം ഒരു സത്യപ്രതിജ്ഞ ഒപ്പിട്ടു കൊടുക്കണമെന്ന് എന്നോടാവശ്യപ്പെട്ടു. "*ദൈവത്തിനുവേണ്ടി, ഇടവക ജനങ്ങൾക്കുവേണ്ടി നമുക്ക് വിശ്വസ്തരായി കഴിയാം*". വല്യച്ചന്റെ മരണം വരെ ആ പ്രതിജ്ഞ ഞാൻ നിറവേറ്റിയെന്നാണ് എന്റെ എളിയ വിശ്വാസം.

ഞാൻ തൂങ്ങാംപാറ ഇടവക അംഗവും, കൊളവുപാറ, കള്ളിക്കാട് എന്നീ ദൈവാലയങ്ങളിലെ ഉപദേശി ജോലിയും നോക്കിയിരുന്നു. വല്യച്ചന്റെ ജീവിതചിട്ടകളും, പ്രവർത്തനങ്ങളും പുതുമ നിറഞ്ഞതായിരുന്നുവെങ്കിലും വെയിലും, മഴയും, രാത്രിയും, പകലുമെല്ലാം ഒരുപോലെ ആയിരുന്നു. യാത്രാസൗകര്യം അച്ചന് ഒരു പ്രശ്നമല്ലായിരുന്നു. 20 –26 മൈൽ നടന്നാണ് പലപ്പോഴും മിഷനിൽപോയി ഭവനസന്ദർശനം, രോഗീസന്ദർശനം, ബലിയർപ്പണം ഇവ നടത്തിയിരുന്നത്. ചുരുക്കത്തിൽ, അച്ചന് ഒരു പ്രത്യേക "*കാന്ത ശക്തി*" ഉള്ളതുപോലെ എനിക്കനുഭവപ്പെട്ടിരുന്നു. അച്ചനെ കാണുന്നവർ പ്രായഭേദമില്ലാതെ, ജാതി മത വ്യത്യാസമില്ലാതെ ആദരിച്ചിരുന്നു, ബഹുമാനിച്ചിരുന്നു. വളരെ പെട്ടെന്ന് തന്നെ വല്യച്ചൻ ഒരു സംസാരവിഷയമായി. "*തവിട്ടുനിറത്തിലുള്ള ളോഹയും, ചുമലിൽ തവിട്ടു നിറത്തിലുള്ള ഒരു ഭാണ്ഡവും*" എപ്പോഴും ഉണ്ടായിരുന്നു. (ആ ഭാണ്ഡത്തിൽ സ്ഥലം പിടിക്കാത്ത യാതൊന്നും ഈ ലോകത്തിലുണ്ടാവില്ല). "*എത്ര തങ്കപ്പെട്ട സ്വഭാവം, എത്ര നല്ല പെരുമാറ്റം, യോഗ്യന്മാരോട് യോഗ്യമായ രീതി; മറിച്ചാണെങ്കിൽ അതിനും വല്യച്ചൻ മടിച്ചിട്ടില്ല*". ആൾക്കാരുടെ ഇടയിൽ അച്ചനുള്ള അംഗീകാരത്തിനും, ജനസമ്മതിക്കും മറ്റൊരു പ്രധാന കാരണം അച്ചന്റെ പ്രാർത്ഥനാശക്തിയാണ്. രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചാൽ സുഖം കിട്ടിയിരുന്നു. പ്രായവ്യത്യാസമുള്ള ഒത്തിരി ആൾക്കാർ തലയിൽ കൈവച്ച് പ്രാർത്ഥിക്കാൻ അച്ചന്റെ അടുത്തു വരുമായിരുന്നു. അച്ചന്റെ ജീവിതം വളരെ ലളിതമായിരുന്നു. ആഹാരത്തിന്റെ കാര്യത്തിൽ ഒരു നിഷ്ഠയുമില്ലായിരുന്നു. ഭവന സന്ദർശ

നവേളയിൽ വീട്ടുകാർ കൊടുക്കുന്നതെന്തും അച്ചൻ കഴിക്കുമായിരുന്നു. ആ വീട്ടുകാർ ആ സമയങ്ങളിൽ അനുഭവിക്കുന്ന സന്തോഷം കാണേണ്ടതു തന്നെ. മടങ്ങുമ്പോൾ ദൈവ ത്തിനും, ആ ഭവനത്തിനും ആഹാരം നല്കിയതിന് നന്ദി പറയുമായിരുന്നു. അത് ആ കുടുംബത്തിന് അനുഗ്രഹം തന്നെയായിരുന്നു. ഞാൻ അച്ചനുമായിട്ട് ചിലപ്പോൾ അല്പം മുഷിഞ്ഞു സംസാരിക്കേണ്ടിവന്നിട്ടുള്ളത് അച്ചന്റെ വിശ്രമമില്ലാത്ത പ്രവർത്തനത്തിന്റെ പേരിലാണ്. "*അച്ചാ, ആരോഗ്യം സൂക്ഷിക്കണം......*". "*ഓ.... സാരമില്ല മകനേ,..... ദൈവം നോക്കിക്കൊള്ളും*", അത് പറയുമ്പോഴും ആ കണ്ണുകളിൽ ഒരു തിളക്കമുണ്ടായിരിക്കും. ഞാൻ ചിലപ്പോൾ അച്ചന്റെ മേടയിൽനിന്ന് പോകുമ്പോൾ രാത്രി 9–10 മണിയാകും. പക്ഷെ, എനിക്കതിൽ സന്തോഷമേ ഉണ്ടായിരുന്നുള്ളു. അച്ചന് ഏഴെട്ട് ഭാഷ കൈവശമായിരു ന്നു. നമ്മുടെ നാട്ടിൽവന്ന് അദ്ദേഹം വളരെവേഗം മലയാളം പഠിച്ചു. അച്ചന്റെ മലയാളം കേൾക്കാനും ഒരു സുഖമുണ്ട്. അച്ചൻ ജീവിച്ചിരുന്നപ്പോൾ തന്നെ ഒരു "*പുണ്യാളച്ചൻ*" എന്ന് ആൾക്കാർ പറഞ്ഞിരുന്നു. (അതു കേൾക്കുമ്പോൾ ഇന്നല്ലെങ്കിൽ നാളെ ആ പറ ഞ്ഞത് ദൈവം നിറവേറ്റുമെന്ന് ഞാൻ വിശ്വസിച്ചിരുന്നു – ഇന്നും ഈയുള്ളവൻ തന്റേട മായിട്ടും വിശ്വസിക്കുന്നു.

**ഒറ്റപ്പെട്ട അനുഭവങ്ങളും ചില സംഭവങ്ങളും:**

ഭവനസന്ദർശനത്തിനു പോകുന്ന വേളകളിൽ അച്ചന്റെ നാടിനെക്കുറിച്ചും, വീടിനെ ക്കുറിച്ചും പറയുക പതിവായിരുന്നു. അച്ചന്റെ മാതാപിതാക്കളും, സഹോദരിയും, സഹോ ദരനും നല്ല ദൈവവിശ്വാസം ഉള്ളവരായിരുന്നു. ഒന്നാം ലോകമഹായുദ്ധകാലത്ത് അച്ചൻ ദീർഘകാലം പട്ടാളത്തിൽ സേവനം അനുഷ്ഠിച്ചിരുന്നു. ജീവനോടെ തിരിച്ചുവരും എന്നുള്ള പ്രതീക്ഷ വീട്ടുകാർക്ക് ഇല്ലായിരുന്നു. അമ്മ അച്ചന്റെ ജീവനുവേണ്ടി മുട്ടിപ്പായി പ്രാർത്ഥി ക്കുമായിരുന്നു. "മകൻ ജീവനോടെ വരുന്നപക്ഷം അവനെ ഒരു വൈദികനാക്കാമെന്ന് അമ്മ നേർന്നു". ചുരുക്കത്തിൽ അമ്മയുടെ പ്രാർത്ഥന അച്ചന്റെ ജീവിതാഭിലാഷമായി മാറി.

ഒരു ദിവസം കള്ളിക്കാട്ടുനിന്ന് സാധുവായ ഒരു വിധവ അച്ചനെ കാണാൻ വന്നു. അച്ചനോട് ഒരു രൂപാ അവർ ആവശ്യപ്പെട്ടു. അച്ചൻ അവർക്ക് കാശുകൊടുത്തപ്പോൾ നന്ദിസൂചകമായി "*അച്ചന് ഇതിന്റെ നൂറു മടങ്ങ് ദൈവം തരും*" എന്നു പറഞ്ഞ് അവർ പടിയിറങ്ങി. അന്നുതന്നെ വല്യച്ചൻ നേരിട്ടു പരിചയമില്ലാത്ത ഒരു മദാമ്മ 100 രൂപാ മണി യോഡർ അയച്ചുകൊടുത്തതായി അച്ചൻ എന്നോട് പറഞ്ഞു. സാധുക്കളുടെ പ്രാർത്ഥന ദൈവം കേൾക്കും എന്നുള്ളതിന്റെ തെളിവായിട്ട് പലപ്പോഴും അച്ചനതു പറയുമായിരു ന്നു.

അഭിവന്ദ്യ ഡെരേരാ തിരുമേനിയും കർമ്മെലീത്താസഭയിലെ വൈദികശ്രേഷ്ഠരു മായി വല്യച്ചന് ഗാഢമായ ബന്ധം ഉണ്ടായിരുന്നു. ഡെരേരാ തിരുമേനി ആ കാലഘട്ട ത്തിൽ വൈദികരുടെയും, ഇടവകജനങ്ങളുടെയും വികാരങ്ങളും, വിചാരങ്ങളും നേരിട്ടു മനസ്സിലാക്കുവാനും കാണുവാനും മുന്നറിയിപ്പു കൂടാതെ മിഷൻ പ്രദേശങ്ങളിൽ ചുറ്റി ക്കറങ്ങുക ഒരു പതിവായിരുന്നു. വൈദികർക്കും വിശ്വാസികൾക്കും അങ്ങനെയുള്ള സന്ദർശ നങ്ങളിലൂടെ കൈവന്ന നന്മയും, അനുഗ്രഹങ്ങളും ഞങ്ങൾ ഇപ്പോഴും ഓർക്കുന്നുണ്ട്.

ഒരു ദിവസം വസൂരി പിടിപെട്ട ഒരു രോഗിക്ക് അന്ത്യകൂദാശ കൊടുക്കുവാനായി വീട്ടുകാർ അച്ചനെ ക്ഷണിച്ചു. യാത്രാസൗകര്യമില്ലാത്ത – ദുർഘടം പിടിച്ച വഴി ആയതു കൊണ്ട് പകൽ പോയാൽമതി എന്ന് എന്റെ മനസ്സു പറയുമായിരുന്നു. എന്നാൽ അടുത്ത നിമിഷം അച്ചൻ പറഞ്ഞു, "*ആ രോഗി ഇന്നുതന്നെ മരിക്കും; നമുക്കുടനെ പുറപ്പെടണം*". ഞങ്ങൾ അന്ത്യകൂദാശ കൊടുത്ത് ഏതാണ്ട് ഒരു കിലോമീറ്ററോളം നടന്നപ്പോൾ ആ വീട്ടുകാരിലൊരാൾ രോഗി മരിച്ച വിവരം ഞങ്ങളെ അറിയിച്ചു. മുൻകൂട്ടി കാര്യങ്ങൾ

കാണാനുള്ള അച്ചന്റെ ദീർഘവീക്ഷണവും കഴിവും ഇതുപോലെയെത്രയെങ്കിലും തവണ ഞാൻ നേരിട്ടു മനസ്സിലാക്കിയിട്ടുണ്ട്.

എനിക്കും എന്റെ കുടുംബത്തിനും അച്ചനോടെന്നും കടപ്പാടുള്ള വ്യക്തിപരമായ ഒരു സംഭവം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ വിവാഹം കഴിച്ചത് കണ്ടല മുണ്ടൻചിറ പുത്തൻവീട്ടിലെ ശ്രീ നല്ലതമ്പിയുടെയും ശ്രീമതി ആലീസിന്റെയും മകൾ ത്രേസ്യായെയാണ്. അവർക്ക് ഏഴു മക്കളായിരുന്നു. ഏഴുപേരും പെൺകുട്ടികളായിരുന്നു. ദൈവം എനിക്കു ദാനമായി നാലു മക്കളെ തന്നു. നാലും പെൺകുഞ്ഞുങ്ങളായിരുന്നു. ഒരു ആൺകുട്ടിക്കുവേണ്ടി ഞങ്ങൾ വളരെയധികം ആഗ്രഹിച്ചു. ഞങ്ങളുടെ മനഃപ്രയാസം ഞങ്ങൾ അച്ചനെയും അറിയിച്ചു. അച്ചൻ ഞങ്ങൾക്കായി പ്രാർത്ഥിക്കാമെന്ന് പറഞ്ഞു. ഞങ്ങളോടും പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. അച്ചന്റെ പ്രാർത്ഥന ദൈവം ചെവിക്കൊണ്ടു എന്ന് ഞങ്ങളുടെ കുടുംബത്തിന് ബോദ്ധ്യമായി. മകന് ജ്ഞാനസ്നാനം കൊടുക്കാൻ മുതിയാവിള പള്ളിയിൽ കൊണ്ടുപോയപ്പോൾ അച്ചന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ പേരായ ആൽബർട്ട് എന്ന് അച്ചൻ തന്നെ പേരുവിളിച്ചു. എന്റെ മകന് ഞാൻ ആ പേരു തന്നെ ഇടുകയും ചെയ്തു. എന്റെ ഭാര്യയുടെ അനുജത്തിമാർക്കും ഇതേ ഭാഗ്യം തന്നെ. അച്ചന്റെ പ്രാർത്ഥനയിലൂടെ ലഭിച്ചു. ഈ സംഭവം പ്രാർത്ഥനയിലുള്ള അച്ചന്റെ ഉറച്ച ബോദ്ധ്യത്തെ വെളിപ്പെടുത്തുന്നതായിട്ട് ഞങ്ങൾ ഇന്നും മനസ്സിലാക്കുന്നു.

ആത്മാക്കൾക്ക് വേണ്ടിയുള്ള അദമ്യമായ ദാഹവും വിശ്വാസവും തീക്ഷ്ണതയും നോക്കിക്കണ്ട പലരും വൈദികരാകാനും സന്യാസീ-സന്യാസികളാകാനും ഇടയാക്കി എന്നു പറയുമ്പോൾ അച്ചനിൽ വിളങ്ങിക്കണ്ട ദൈവികതയുടെ ആഴം നമുക്ക് ഊഹിക്കാവുന്നതേയുള്ളു.

വല്യച്ചൻ ഒരു തികഞ്ഞ ധ്യാനഗുരുവും പല സന്യാസിനിമഠങ്ങളുടെയും കുമ്പസാരക്കാരനും, ആത്മീയപിതാവും ആയിരുന്നു. വളരെ ആഴമുള്ള ദൈവശാസ്ത്രചിന്തകൾ ലളിതമായി കൊച്ചുകൊച്ചു ഉപമകളിലൂടെ അച്ചൻ തരുമ്പോൾ ദൈവസ്നേഹത്തിന്റെ ആഴവും പരപ്പും ഞങ്ങൾക്ക് കൂടുതൽക്കൂടുതൽ പ്രവർത്തിക്കാനുള്ള ശക്തി പകർന്നുതരുമായിരുന്നു. "*മകനേ, നമ്മുടെ ആശയും ആശ്വാസവും സ്വർഗ്ഗം കണ്ടെത്തുന്നതിൽ ആയിരിക്കണം. എന്നാലും, നാം ജീവിക്കുന്ന ചുറ്റുപാട് പലപ്പോഴും നേരെമറിച്ചാണ്. നമ്മുടെ ജീവിതസാക്ഷ്യംകൊണ്ട് നാം ഈ ജനങ്ങൾക്കത് ബോദ്ധ്യപ്പെടുത്തിക്കൊടുക്കണം*". വിശ്വാസത്തെക്കുറിച്ച് മറ്റൊരിക്കൽ ധ്യാനിപ്പിച്ചപ്പോൾ "*മകനേ, നിങ്ങൾ വിശ്വസിക്കുക. ഏതു മുതൽ ഏതുവരെയെന്ന് ഞാൻ പറഞ്ഞുതരാം. നല്ല അറിവായതു മുതൽ മരണം വരെ. പിന്നീട് വിശ്വാസമില്ല*". ദൈവസ്നേഹത്തെക്കുറിച്ച് അച്ചൻ പറയുമ്പോൾ പലപ്പോഴും വാചാലമാകാറുണ്ട്. "*നിത്യവും ദൈവവുമായി നേരിൽക്കണ്ട് ആനന്ദിക്കുകയാണ് - ദൈവസ്നേഹം. ഈ ലോകത്തിലെ പരീക്ഷകൾ അതിജീവിക്കുന്നതാണ് സൗഭാഗ്യം*". പറയുന്ന കാര്യങ്ങൾ ഓർത്തിരിക്കുവാൻ അനുയോജ്യമായ നുറുങ്ങുകഥകളും സംഭവങ്ങളും കൂടെ പറയുമായിരുന്നു. അച്ചൻ എല്ലാദിവസവും രണ്ടു മണിക്കൂർ സമയം സക്രാരിയുടെ മുമ്പിൽ ചെലവഴിക്കുമായിരുന്നു. അച്ചന്റെ ജീവിതവിജയം അതുകൊണ്ടാണെന്ന് അച്ചൻ ആവർത്തിച്ചു പറയുമായിരുന്നു.

ഞാനിവിടെ പറഞ്ഞ വസ്തുതകളേക്കാൾ അടുക്കും ചിട്ടയോടും കൂടെ വല്യച്ചനെ കുറിച്ച് പറയാൻ വല്യച്ചന്റെ സേവനം ലഭിച്ചിട്ടുള്ള എത്രയെങ്കിലും ആൾക്കാർക്ക് കഴിയുമെന്ന് എനിക്കുറപ്പുണ്ട്. അതിനാൽ, വല്യച്ചന്റെ അവസാനനാളുകളിലെ ഒരു സംഭവം കൂടെ അനുസ്മരിച്ചുകൊണ്ട് ഞാനിവിടെ പൂർത്തിയാക്കാം. വല്യച്ചൻ മരിച്ചത് ഒരു മിഷൻ ഞായറാഴ്ച (20.10.1968) ആയിരുന്നു. അത് അദ്ദേഹം തന്റെ ജീവിതം കൊണ്ട് ക്രിസ്തുവിന്റെ ഒരു യഥാർത്ഥ മിഷനറിയാണെന്ന് തെളിയിക്കുന്നതുപോലെ അർത്ഥവത്തായിരു

ന്നു, ഒരു മിഷൻ ഞായറാഴ്ച തന്നെ ദൈവം അദ്ദേഹത്തെ തിരിച്ചു വിളിക്കാൻ തിരുമനസ്സായത്. മിഷൻ ഞായറാഴ്ചയുടെ തലേ ആഴ്ച കൊളവുപാറ പള്ളിയിൽ ദിവ്യപൂജ കഴിഞ്ഞു മടങ്ങിവരവേ അച്ചൻ പറഞ്ഞു, "*മകനേ, വരുന്ന ഞായറാഴ്ച ഞാൻ കൊളവുപാറ പള്ളിയിൽ നേരത്തെ വരും. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണം. ഞാൻ നിങ്ങൾക്കുവേണ്ടി എന്നും പ്രാർത്ഥിക്കും. പ്രാർത്ഥനവഴി നമുക്ക് എന്നു ആനന്ദിക്കാം, സന്തോഷിക്കാം*". ആ വാക്കുകൾ അച്ചന്റെ ജീവിതലക്ഷ്യവും ദൗത്യവുമാണെന്ന് അന്നു ഞാൻ മനസ്സിലാക്കിയിരുന്നില്ല. മിഷൻ ഞായറാഴ്ച രാവിലെ 8 മണിക്ക് കർത്താവ് തന്നെ ഏല്പിച്ച ദൗത്യം പൂർത്തീകരിച്ച സന്തോഷത്തോടുകൂടെ പിതാവിന്റെ പക്കലേയ്ക്ക് അദ്ദേഹത്തിന്റെ ആത്മാവ് പറന്നുയർന്ന് "*പ്രാർത്ഥനയിൽ നമുക്കു സന്തോഷിക്കാം*" എന്നുള്ള അച്ചന്റെ ആഹ്വാനം വിശുദ്ധരുടെ പട്ടികയിൽ പേരെടുത്തു പ്രാർത്ഥിക്കാൻ കഴിയുമെന്ന പ്രത്യാശയോടുകൂടെ വല്യച്ചന്റെ ഈശ്വരവിശ്വാസത്തിന്റെ മുമ്പിൽ ഞാൻ സ്രാഷ്ടാംഗ പ്രണാമം ചെയ്തുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കട്ടെ.

ലേഖകൻ:

[തൂങ്ങാംപാറ വിശുദ്ധ കൊച്ചുത്രേസ്യാ ദൈവാലയ അംഗവും, കൊളവുപാറ, കള്ളിക്കാട് എന്നീ ഇടവകകളിൽ 47 വർഷക്കാലം ഉപദേശിയായി സേവനമനുഷ്ഠിച്ച ശ്രീ. കെ. ശബരിമുത്തൻ തയ്യാറാക്കിയത്].

## ഞങ്ങളുടെ വല്യച്ചൻ

*ശ്രീ. എം. സത്യനേശൻ*
ഹോളിഫാമിലി

കാപ്പിപ്പൊടി നിറമുള്ള വൈദികവസ്ത്രം ധരിച്ചു, നരബാധിച്ചു, നീണ്ട താടിയും മീശയും കൂടി വെളുത്ത ദീർഘകായനായ ഒരു വിദേശമിഷനറിയെന്നു മാത്രമേ ബഹുമാനപ്പെട്ട അദെയോദാത്തൂസച്ചനെക്കുറിച്ച് കുട്ടിക്കാലത്ത് തോന്നിയിരുന്നുള്ളു. പിന്നീട് അദ്ദേഹത്തോടൊത്ത് സഭാപ്രവർത്തനങ്ങളിൽ സഹകരിക്കേണ്ടിവന്നപ്പോൾ ആ കാപ്പിപ്പൊടി കുപ്പായത്തിനുള്ളിൽ മഹാമനസ്ക്കതയിൽ അധിഷ്ഠിതമായ സുവിശേഷചൈതന്യമുള്ളതും, അദ്ധ്വാനിക്കുന്നവരും, കഷ്ടപ്പെടുന്നവരുമായ പാവപ്പെട്ടവരോട് അനുകമ്പയുള്ളതും, അവരിൽ സാക്ഷാൽ ക്രിസ്തുദേവനെ ദർശിക്കുന്ന ത്യാഗവര്യനുമായ ഒരു വിശുദ്ധനെയാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്.

ജീവിതത്തിൽ പ്രശ്നങ്ങളും, പ്രതിസന്ധികളും ആഴമായി വ്രണപ്പെടുത്തുമ്പോൾ ആ പുണ്യാത്മാവിനോട് ആത്മീയോപദേശം തേടാൻ എത്തുന്നവർക്ക് ആദ്യമായി "*സഹോദരാ, എന്തുവേണം*" എന്നുള്ള സ്നേഹമസ്രണമായ സംബോധന ശ്രവിക്കുന്ന മാത്രയിൽ തന്നെ മനസ്സിലുള്ള ദുഃഖത്തിന്റെ പകുതിയും വിട്ടു മാറിയിരിക്കും. അതു കഴിഞ്ഞുള്ള ആശ്വാസവചനങ്ങളും സ്നേഹാർദ്രമായ ഉപദേശങ്ങളും കൂടി കഴിയുമ്പോൾ ആത്മീയദർശനം നിറഞ്ഞ ഹൃദയങ്ങളുമായി തിരിച്ചുപോകാൻ സാധിക്കും.

ആദ്ധ്യാത്മീയ കാര്യങ്ങൾക്കും സഹായമാകും വിധത്തിലുള്ള സാമൂഹിക പ്രവർത്തനം അദ്ദേഹം എപ്പോഴും ആഗ്രഹിച്ചിരുന്നു. വല്യച്ചന്റെ കീഴിൽ അസിസ്റ്റൻഡ് വികാരിയായിരുന്ന ഇപ്പോഴത്തെ വികാരി ജനറാൾ എസ്. തോമസച്ചന്റെ കാലത്തു രൂപം കൊടുത്ത സാമൂഹ്യസേവാസമിതിയുടെ രക്ഷാധികാരിയായി പ്രവർത്തിച്ച ബഹുമാനപ്പെട്ട അദെയോദാത്തൂസച്ചൻ സംഭാവന ചെയ്ത വൻതുകകൾ കൊണ്ട് പാവപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനും, ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സാധിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ കാലത്ത് പള്ളിയും, പരിസരവും ആദ്ധ്യാത്മികത നിറഞ്ഞുനിന്നപ്പോൾ പള്ളിമേട ഒരു ചെറിയ ആരോഗ്യ പരിപാലനാകേന്ദ്രമായിരുന്നു. തന്റെ സാമീപ്യം മറ്റുള്ളവരിൽ ആദ്ധ്യാത്മികചൈതന്യം വളർത്തുന്നതായിരുന്നു. അച്ചനുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാവരിലും അദ്ദേഹത്തിന്റെ ഓർമ്മ ഇപ്പോഴും നിറഞ്ഞുനില്ക്കുന്നു. കൂടാതെ മുതിയാവിള പള്ളി പരിസരത്തുള്ള കോൺക്രീറ്റു കൊടിമരവും, കമ്മ്യൂണിറ്റിഹാളും, ആമച്ചലുള്ള നേഴ്സറിസ്കൂളും ബഹുമാനപ്പെട്ട അച്ചനെ എന്നും ഓർമ്മിപ്പിക്കുന്ന സ്മാരകങ്ങളായി നിലനില്ക്കുന്നു. മരണസമയത്ത് അദ്ദേഹം കിടന്നിരുന്ന കട്ടിലിനരികിൽ ഉണ്ടായിരുന്നവരിൽ ഒരാളെന്ന നിലയിൽ ഒരു വിശുദ്ധന്റെ ആത്മാവ് സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടതിന്റെ ദൃക്സാക്ഷിയാകാനുള്ള മഹാഭാഗ്യം സിദ്ധിച്ച അനുഭൂതി ഇപ്പോഴും മനസ്സിൽ നിറഞ്ഞുനില്ക്കുന്നു. ആ ഋഷിവര്യന്റെ ആത്മാവ് കർത്താവിന്റെ വലത്തുഭാഗത്ത് സ്വർഗ്ഗീയ സുഖം അനുഭവിക്കുമ്പോൾ പാപികളായ നമുക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു എന്ന് ഉറക്കെ വിശ്വസിച്ചുകൊണ്ട് ഈ ചെറു ലേഖനം ഉപസംഹരിക്കട്ടെ!

# ഞങ്ങളുടെ വല്യച്ചൻ

*ശ്രീ. എൻ. എൻ. തോമസ്*
കള്ളിക്കാട്

സ്നേഹ ബഹുമാനപ്പെട്ട അദെയോദാത്തൂസച്ചൻ എന്റെ വീട്ടിലെ എല്ലാപേരെയും, ഇടവക അംഗങ്ങളെയും ഒരുപോലെ സ്നേഹിച്ചിരുന്നു. എന്റെ അപ്പൻ ശ്രീ. നാണൻ പള്ളിയിലെ അന്നത്തെ പ്രധാനിയായിരുന്നു. മാസത്തിൽ ഒരു ദിവ്യപൂജ മാത്രം ഉണ്ടായിരുന്നു. തൂങ്ങാംപാറ ശ്രീ. ശബരിമുത്തിനായിരുന്നു കള്ളിക്കാട്, കൊളവുപാറ എന്നീ ദൈവാലയത്തിലെ ഉപദേശി. വല്യച്ചന്റെ ളോഹയുടെ പോക്കറ്റിൽ കാലണ, അരയണ, ഒരണ, രണ്ടണ, നാലണ, എട്ടണ, രൂപാ തുട്ടുകൾ (അന്നത്തെ നാണയങ്ങൾ) എന്നിവ ഉണ്ടായിരിക്കും. സാധുക്കൾക്ക് പോക്കറ്റിൽ കയ്യിട്ടാൽ കിട്ടുന്ന തുക ധർമ്മം കൊടുക്കും. ഞങ്ങളെയെല്ലാം "*കൊച്ചുമക്കളേ*" എന്നു വിളിച്ച്, അണച്ചു നിർത്തി മുത്തം തരുമായിരുന്നു. അപ്പോഴുണ്ടാകുന്ന ഒരു പ്രത്യേക നിർവൃതിയും, സുഗന്ധവും, ഇന്നും എന്റെ ഹൃദയത്തിൽ തങ്ങിനില്ക്കുന്നു. ആ മനുഷ്യസ്നേഹിയുടെ ത്യാഗോജ്ജ്വലമായ സേവനം ഇന്നത്തെ വൈദികർക്ക് ഒരു മാതൃകയാകേണ്ടതാണ്.

വല്യച്ചന്റെ ലാളനയിൽ മുതിയാവിള ഇടവകയിൽനിന്ന് വൈദികനായി ഇപ്പോൾ വ്ളാത്താങ്കര ഫൊറോനാ വികാരിയായി സേവനം അനുഷ്ഠിക്കുന്ന വെരി. റവ. ഫാദർ ആർ. പോളിന്റെ മനുഷ്യോപകാരപ്രദമായ പ്രവർത്തനശൈലി വല്യച്ചന്റെ സംഭാവനയാണ്. വല്യച്ചന്റെ ജീവിതമാതൃക ഓരോ കത്തോലിക്കാ വിശ്വാസികൾക്കും, വരുംതലമുറകൾക്കും പകർന്നുകൊടുക്കേണ്ടതാണ്. എന്നാൽ മാത്രമേ, സമൃദ്ധിയുടെ നാട്ടിൽനിന്ന് നമ്മെ ഉദ്ധരിക്കുവാൻ വന്ന ആ മനുഷ്യസ്നേഹിയുടെ ആത്മാവ് കൂടുതൽ കൂടുതൽ സന്തോഷിക്കുകയുള്ളു. ഞങ്ങളുടെ വല്യച്ചന്റെ സേവനത്തെക്കുറിച്ചു സ്മരണ പുതുക്കുവാൻ തൂങ്ങാംപാറ സെന്റ് ത്രേസ്യാസ് ദൈവാലയത്തിലെ അംഗങ്ങൾ മുന്നിട്ട് ഇറങ്ങിയതിൽ നന്ദിയും, സന്തോഷവും ഉണ്ട്. നമുക്ക് വല്യച്ചനോട് പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ നേടാം........

ലേഖകൻ:

[കള്ളിക്കാട് സെന്റ് അന്നാസ് ദൈവാലയത്തിലെ ഉപദേശി].

*ചെറിയ കാര്യങ്ങൾ അവഗണിക്കുന്നവൻ അല്പാല്പമായി നശിക്കും*

(പ്രഭാഷകൻ 19:1)

*മറ്റുള്ളവരെ എളുപ്പം വിശ്വസിക്കുന്നവന്റെ മനസ്സിന് ആഴമില്ല.*

(പ്രഭാഷകൻ 19:4)

## മറക്കാനാവാത്ത ഒരനുഭവം

*ഡോ. മാമൻ*
അമ്പൂരി ആശുപത്രി, അമ്പൂരി പി.ഒ.

ഞാൻ 1960 മുതൽ 1975 വരെ കള്ളിക്കാട്ടൊരു ഡിസ്പെൻസറി നടത്തിക്കൊണ്ടുവരികയായിരുന്നു. അന്ന് ആത്മീയകാര്യങ്ങൾക്കായി ഞാനും എന്റെ കുടുംബവും മുതിയാവിള പള്ളിയിൽ പോകുമായിരുന്നു. മായം, അമ്പൂരി എന്നീ ദൈവാലയങ്ങളിൽ ദിവ്യപൂജയ്ക്കു പോയിട്ട് തിരിച്ചുവരുന്ന അവസരങ്ങളിൽ പലപ്പോഴും ഒന്നു വിശ്രമിക്കുന്നത് എന്റെ ആശുപത്രിതിണ്ണയിലാണ്. ഇരിപ്പടം കൊടുത്താൽ സ്വീകരിക്കുകയില്ല. വെറും തറയിൽ ഇരിക്കും.

20.10.1968-ൽ ഞായറാഴ്ച ഞാൻ പതിവുപോലെ പള്ളിയിൽ ഉണ്ടായിരുന്നു. ആ ദിവസം ബഹുമാനപ്പെട്ട ജെയിംസച്ചനായിരുന്നു ദിവ്യബലി അർപ്പിച്ചത്. അവിടെവച്ച് അച്ചന് സുഖമില്ലെന്ന് അറിഞ്ഞു. ആബാലവൃദ്ധജനങ്ങളുടെ സ്നേഹബഹുമാനങ്ങൾക്ക് വിധേയനായ വയോധികനായ ആ ദൈവദാസൻ പുഞ്ചിരിച്ചുകൊണ്ട് കിടന്നിരുന്നു. ഞാൻ പൾസ് (pulse) നോക്കി, പൾസില്ല. "*ഞാൻ ഞെട്ടിപ്പോയി*". അദ്ദേഹത്തിന്റെ ആത്മാവു പോയി. ശരീരം നിശ്ചലമായി. വിവരം കാട്ടുതീപോലെ എല്ലായിടത്തും അറിഞ്ഞു. ജാതിമതഭേദമെന്യേ എല്ലാ ആളുകളും മുതിയാവിള പള്ളിയിലേയ്ക്ക് അദ്ദേഹത്തിന്റെ ചലനമറ്റ ശരീരം അവസാനമായി ഒരു നോക്കു കാണുവാൻ ഒഴുകുകയായിരുന്നു.

അന്ത്യനിമിഷംവരെയും കർത്താവിനുവേണ്ടി ജീവിച്ച ആ പുണ്യാത്മാവിന്റെ നിശ്ചലമായ ശരീരം സ്പർശിക്കുന്നതിനുള്ള മഹാഭാഗ്യം എനിക്ക് ലഭിച്ചു. എന്റെ ജീവിതത്തിൽ മറക്കാനാവാത്ത ഒരനുഭവമായി ഇന്നും എന്റെ സ്മരണയിൽ സൂക്ഷിക്കുന്നു.

ബഹുമാനപ്പെട്ട ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.യുടെ 25-ാം ചരമവാർഷിക ദിനാഘോഷവേളയിൽ അദ്ദേഹം നമുക്കു കാണിച്ചുതന്ന എളിമയുടെ ജീവിതം, നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ യത്നിക്കാം. ആ ധന്യജീവിതം നമുക്ക് മാതൃകയാകട്ടെ! അദ്ദേഹത്തിന്റെ പുണ്യാത്മാവ് സ്വർഗ്ഗീയപിതാവിന്റെ തെരഞ്ഞെടുക്കപ്പെട്ട മക്കളുടെ ഗണത്തിൽ നീതിയുടെ കിരീടം അണിഞ്ഞു നില്ക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കാം. ആ കർമ്മയോഗിയായ മിഷനറിയുടെ പ്രവർത്തനങ്ങൾ ഒരു ലഘുജീവിതചരിത്രമായി പ്രസിദ്ധീകരിക്കുവാൻ മുന്നിട്ടിറങ്ങിയ തൂങ്ങാംപാറ ഇടവക കമ്മിറ്റിയെ ഞാൻ അഭിനന്ദിക്കുന്നു!

10.08.1992
അമ്പൂരി

# മുതിയാവിള വല്യച്ചൻ

*ശ്രീ. മാത്യു പുത്തൂർ,* മായം

ഇരുണ്ട തവിട്ടുനിറമുള്ള കുപ്പായം, മുതുകിൽ ശയ്യോപകരണങ്ങളും, പുസ്തകങ്ങളും, പ്രഥമ ശുശ്രൂഷയ്ക്കുള്ള മരുന്നുകളും അടങ്ങിയ ഭാണ്ഡം, നീണ്ടതും നരച്ചതുമായ മീശയും താടിയും, നീളമുള്ള ഊന്നുവടി, "*കൊച്ചുമക്കളേ, ഈശോ. നല്ല സുഖം ഉണ്ടോ?*" എന്ന അഭിസംബോധനയോടെ മന്ദഹസിക്കുന്ന മുഖം!! അതാണ് പഴമക്കാരായ മലയോരനിവാസികളുടെ മനസ്സിൽ തെളിയുന്ന അദെയോദാത്തൂസച്ചൻ! മുതിയാവിള വല്യച്ചൻ എന്നറിയപ്പെട്ടിരുന്ന ആ സ്നേഹധനനെ ദിവ്യനായിട്ടാണ് നാനാജാതി മതസ്ഥരായ ജനങ്ങൾ കരുതിയിരുന്നത്. അദ്ദേഹത്തിന്റെ ചലനമറ്റ പൂമേനിയിൽ ചുംബിച്ച ധന്യ നിമിഷം എന്നും എന്റെ സ്മരണയിൽ നിലകൊള്ളുന്നു.

അദ്ദേഹം മായം ഇടവകയുടെ കീഴിൽ അമ്പൂരിയിൽ സ്ഥാപിച്ച കുരിശുപള്ളി ഫെറോനാപള്ളിയായും, ഈ പ്രദേശത്തെ വിദ്യാഭ്യാസാവശ്യങ്ങൾക്കായി മാറ്റി സ്ഥാപിച്ച കുടിപ്പള്ളിക്കൂടം യു. പി. സ്കൂളായും ഉയർന്നത് അഭിമാനത്തോടെ സ്മരിക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ സേവനങ്ങളെ സ്മരിക്കുന്നതിനായി 30.01.1954–ൽ മായം ഇടവക ജനങ്ങൾ നല്കിയ സ്മാരകോപഹാരത്തിന്റെ കോപ്പി ഞാൻ ഒരു അമൂല്യനിധിയായി സൂക്ഷിക്കുന്നു.... അത് അതേപടി ചേർക്കുന്നു.

വെരി റവ. ഫാ. അദെയോദാത്തൂസ് ഒ.സി.ഡി. അവർകൾക്ക്

മായം ഇടവകയിലെ ജനങ്ങൾ

**ഭക്ത്യാദരപുരസ്സരം സമർപ്പിക്കുന്ന**

**സ്മാരകോപഹാരം**

വന്യപിതാവേ,

മായം ഇടവകയുടെ പ്രാഭവം മുതൽ ഇന്നോളം അതിന്റെ ആദ്ധ്യാത്മിക പരിരക്ഷകൻ എന്ന നിലയിൽ അങ്ങ് നിർവ്വഹിച്ചിട്ടുള്ള മഹനീയ സേവനങ്ങൾ, ഞങ്ങളെ എന്നെന്നും കൃതജ്ഞതാനിർഭരരാക്കുന്നതാണ്. മലമ്പനി മഹാമാരിയുടെ അനുസ്യൂതമായ ആക്രമണങ്ങൾക്ക് വിധേയരായും പൗരജീവിതത്തിന്റെ പ്രാഥമിക സൗകര്യങ്ങൾ പോലും ലഭിക്കാത്തവരായും കഴിഞ്ഞുകൂടേണ്ടിവന്ന ഇന്നാട്ടിലെ ജനങ്ങൾക്ക് ആശ്വാസവും തുണയും നല്കുവാനും ആദ്ധ്യാത്മിക ചൈതന്യവും ദൈവാശ്രയത്തിനായുള്ള ഉത്തേജനവും വിതറുവാനും തുനിഞ്ഞിറങ്ങിയ അങ്ങയുടെ ത്യാഗമോഹനമായ സേവനങ്ങളെ എല്ലാ തലമുറകളും അനുസ്മരിക്കുക തന്നെ ചെയ്യും.

സഞ്ചാരസൗകര്യങ്ങൾ ഒട്ടും തന്നെ ലഭ്യമല്ലാതിരുന്ന അക്കാലത്ത് കാടും മലയും മുള്ളും നിറഞ്ഞ ഈ പ്രദേശങ്ങളിലേയ്ക്ക്, അനേക മൈൽ ദൂരത്തുനിന്ന് കാൽനടയായി വന്നെത്തുകയും, ജനങ്ങളുടെ ആത്മീകാവശ്യങ്ങൾ നിർവ്വഹിച്ചു തരികയും ചെയ്ത ക്രിസ്തുവിന്റെ ധർമ്മഭടനാണ് അങ്ങ്.

മനുഷ്യശക്തിയിലും ശാസ്ത്രത്തിന്റെ വർദ്ധിതമായ കഴിവുകളിലും അമരാതെ ദീർഘകാലം ഘോരനൃത്തം ചെയ്തിരുന്ന മലമ്പനിബാധയിൽ നിന്ന് ഇന്നാട്ടിലെ ജനങ്ങൾ മോചിതരായിത്തീരാൻ തുടങ്ങിയത് ഈ താപസശ്രേഷ്ഠന്റെ സാന്നിദ്ധ്യത്തോടുകൂടിയാണെന്നും അതിശയോക്തി ലേശം കൂടാതെ പറയാവുന്ന പരമാർത്ഥങ്ങളാണ്. രോഗാതുരർക്ക് ആശ്വാസം നല്കിപ്പോന്നിരുന്ന ഒരു ദിവ്യജ്യോതിസ്സായിട്ടാണ് അങ്ങയെ ഞങ്ങൾ അക്കാലത്ത് ദർശിച്ചിരുന്നത്. മനുഷ്യസേവനനിഷ്ഠനായി ഞങ്ങളുടെയിടയിൽ സഞ്ചരിക്കുകയും, ഞങ്ങളോടൊപ്പം വിനീതമായി ജീവിക്കുകയും ചെയ്ത ആ ദിനങ്ങൾ ഒരിക്കലും മറക്കാൻ സാധിക്കുന്നതല്ല.

സ്നേഹരൂപനായ ക്രിസ്തുവിന്റെ യഥാർത്ഥപടയാളികളിൽ മാത്രമേ ഇപ്രകാര മുള്ള ത്യാഗസന്നദ്ധതയും, ജീവകാരുണ്യവും ദൃശ്യമാകുകയുള്ളു. ജന്മനാട്ടിലെ പരി ഷ്കൃതപശ്ചാത്തലങ്ങളും, സുഖസൗകര്യങ്ങളുമെല്ലാം സന്ത്യതിച്ചുകൊണ്ട് വിദൂരസ്ഥിത ങ്ങളായ ഈ പ്രദേശങ്ങളിലെ സാധുസഹോദരന്മാരുടെയിടയിൽ ജീവകാരുണ്യപ്രവർത്തിക്ക് ഉഴിഞ്ഞിറങ്ങിയിരിക്കുന്ന പരിത്യാഗികളായ ഈ മിഷനറിമാരെ അപലപിക്കുന്നവരുടെ ഹൃദയകാഠിനൃതയിൽ ദുഃഖിക്കുകയും അവരുടെ സംസ്ക്കാരശൂന്യതയിൽ സഹതപി ക്കുകയും ചെയ്യുകയല്ലാതെ നിവൃത്തിയില്ല. പക്ഷെ, ഈ കർമ്മയോഗികൾ എല്ലാ വൈഷ മ്യങ്ങളെയും പ്രതിബന്ധങ്ങളെയും മധുരതരമായി കരുതുന്നവരാണ്. അവർ പ്രശസ്തി കളോ ഭൗതികമേന്മകളോ കാംക്ഷിക്കുന്നില്ല. പ്രത്യുത, മനുഷ്യസഹോദരങ്ങളെ ആദ്ധ്യാ ത്മികമണ്ഡലങ്ങളിലേയ്ക്ക് ഉയർത്തണമെന്നുള്ള ധാർമ്മികപ്രചോദനമാണ് അവരെ ഈ ത്യാഗവേദികളിലേയ്ക്കു നയിക്കുന്നത്. അങ്ങനെയുള്ള യോഗീശ്വരന്മാരിൽ ഒരാളാണ് വെരി. റവ. ഫാ. അദേയോദാത്തൂസ്. ദൈവത്തിന്റെ വിശ്വസ്തദാസനായ അങ്ങ് നട്ടുവ ളർത്തിയിട്ടുള്ള ഈ ഇടവക ഉത്തരോത്തരം അഭിവൃദ്ധിപ്പെടാനും നല്ല ഫലങ്ങൾ ക്രിസ്തു വിൽ പ്രദാനം ചെയ്യത്തക്കവണ്ണം ആദ്ധ്യാത്മിക പ്രഭാപ്രസരം വീശുവാനും ഞങ്ങൾ യത്നി ക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമെന്ന് ഉറപ്പു നല്കിക്കൊള്ളുന്നു.

എന്ന്,

പുളിച്ചക്കോണം — പ്രശ്രയപൂർവ്വം,

30.01.1954 — മായം ഇടവക ജനങ്ങൾ

*നേരായ മാർഗ്ഗത്തിൽ ചരിക്കുന്നവന് ദൈവത്തിന്റെ രക്ഷ ഞാൻ കാണിച്ചു കൊടുക്കും.*

(സങ്കീർത്തനം 50:23)

# വല്യച്ചൻ

*ശ്രീ. കെ. വി. ദാസൻ*

ഞാൻ ആമച്ചൽ ഇടവകാംഗമാണ്. ചെറുപ്പം മുതൽ എനിക്കു ബഹു. അദെയോദാത്തൂസച്ചനെ നന്നായി അറിയാം. അദ്ദേഹം എന്നെ 08.01.1961-ൽ തൂങ്ങാംപാറ സെന്റ് ത്രേസ്യാസ് എൽ. പി. സ്കൂളിൽ അദ്ധ്യാപകനായി നിയമിച്ചു. ഇപ്പോൾ (1992) അതേ സ്കൂളിൽ ഹെഡ്മാസ്റ്ററായി ജോലി ചെയ്യുവാനുള്ള ഭാഗ്യം വല്യച്ചൻ തന്നു. അദ്ദേഹം 16.10.1964-ൽ എനിക്ക് അയച്ചതും വല്യച്ചന്റെ പൂർണ്ണമായ ഓപ്പോടുകൂടിയതുമായ ഒരു കത്ത് ഇതോടൊപ്പം ചേർക്കുന്നു. ഈ കത്ത് ഞാൻ ഇന്നും അമൂല്യമായ നിധിയായി സൂക്ഷിക്കുന്നു. വല്യച്ചൻ ഒരു വിശുദ്ധൻ തന്നെ എന്നതിൽ തർക്കമില്ല. വേഗം വിശുദ്ധൻ എന്ന് നാമകരണം ചെയ്യുവാൻ നമുക്കു പ്രാർത്ഥിക്കാം.

തൂങ്ങാംപാറ
27.08.1992

കെ. വി. ദാസൻ
ഹെഡ്മാസ്റ്റർ, സെന്റ് ത്രേസ്യാസ്
എൽ. പി. സ്കൂൾ, തൂങ്ങാംപാറ

*ശക്തനോട് മത്സരിക്കരുത്, നീ അവന്റെ പിടിയിൽപ്പെടും; ധനവാനുമായി കലഹിക്കരുത്; അവൻ നിന്നെ നശിപ്പിക്കും സ്വർണ്ണം അനേകരെ നശിപ്പിച്ചിട്ടുണ്ട്; രാജാക്കന്മാരെ വഴിതെറ്റിച്ചിട്ടുണ്ട്. വായാടിയോട് വാദിച്ച് അവന്റെ അഗ്നിയിൽ വിറകിട്ടു കൊടുക്കരുത്; സംസ്കാരശൂന്യനോട് അധികം അടുക്കരുത്.*

(പ്രഭാഷകൻ 8:14)

# തീക്ഷ്ണമതിയായ മിഷനറി
# റവ. ഫാദർ അദെയോദാത്തൂസ് O.C.D.

*ശ്രീ. എ. ലൂയിസ്, തൂങ്ങാംപാറ*

കേരളത്തിൽ അവശ സമുദായങ്ങൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന കാലത്ത് അവർക്ക് പ്രത്യാശയുടെ പൊൻകിരണം വിതറി അറിവ് പകർന്ന് അനുഗ്രഹിച്ച കൂട്ടത്തിൽ കർമ്മെലീത്താ മിഷനറിമാരുടെ സേവനം എല്ലാക്കാലവും മുൻപന്തിയിലായിരുന്നു. ധാരാളം ദൈവാലയങ്ങളും അവയോടനുബന്ധിച്ച് പാഠശാലകളും ഈ മിഷനറിമാർ സ്ഥാപിച്ചിട്ടുണ്ട്. കർമ്മെലീത്താ മിഷനറിയും ത്യാഗീവര്യനുമായ അദെയോദാത്തൂസച്ചൻ മലയാളമണ്ണിൽ കാലുകുത്തി അധികനാൾ കഴിയുന്നതിനുമുമ്പ് മലയാളഭാഷയിൽ നൈപുണ്യം നേടി. മലയാളത്തിൽ വിശുദ്ധഗ്രന്ഥത്തിന്റെ ആശയങ്ങൾ ഉൾക്കാഴ്ചയോടുകൂടെ പ്രസംഗിക്കുവാനും, സന്യാസിനി-സന്യാസ ആശ്രമങ്ങൾക്ക് ധ്യാനവിഷയങ്ങൾ എഴുതുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

ബലിയർപ്പണവും, ഭവനസന്ദർശനവും, പ്രാർത്ഥനയും മാത്രമായി ജീവിതം ഒതുക്കിനിർത്താതെ അയയ്ക്കപ്പെട്ടവന്റെ ദൗത്യം ഏറ്റെടുത്തുകൊണ്ട് സഹ്യാദ്രിയുടെ മടിത്തട്ടായ മായം, അമ്പൂരി, കൂട്ടപ്പൂ എന്നീ പ്രദേശങ്ങളിൽ കുടിയേറിപ്പാർത്തിരുന്ന പാവപ്പെട്ട കർഷകർക്ക് ദിവ്യനാഥന്റെ ചൈതന്യം പകരുവാൻ പകലന്തിയോളം അവരോടൊപ്പം വസിച്ച ഈ നല്ല സമരിയാക്കാരൻ പ്രാർത്ഥനയ്ക്കൊരുമിച്ചു കൂടാനും പങ്കുവയ്ക്കാനും വേണ്ടി ദൈവാലയങ്ങൾ സ്ഥാപിച്ചു. യാത്രാമദ്ധ്യേ വഴിയരികിൽ കാണുന്ന കുഞ്ഞുങ്ങളെ വാരിയെടുത്തുമ്മവച്ച് നടന്നു നീങ്ങുന്ന ആ തീക്ഷ്ണമതി - അഗതികൾക്കും രോഗികൾക്കും ആശാകേന്ദ്രമായിരുന്നു.

അദ്ദേഹത്തെ ഞാൻ പരിചയപ്പെടുന്നത് ഞങ്ങളുടെ ദൈവാലയത്തിൽ അൾത്താര ബാലകനായി ശുശ്രൂഷ ചെയ്യുമ്പോഴാണ്. എന്റെ വിവാഹാശീർവ്വാദകർമ്മവും, ആദ്ധ്യാത്മികവും, ഭൗതികവുമായ ഇന്നത്തെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും അനുഗ്രഹിച്ചു എന്ന കാര്യം നന്ദിപൂർവ്വം സ്മരിച്ചുകൊള്ളുന്നു.

മലയാളമണ്ണിനെ പാവനവും സുവിശേഷചൈതന്യവുംകൊണ്ട് ധന്യമാക്കിയ തോമ്മാശ്ലീഹായുടെയും, ഫ്രാൻസിസ് സേവ്യറിന്റെയും കാലടികൾ അനുവദിച്ച് ആയിരമായിരം ആത്മാക്കളെ ദിവ്യനാഥന് നേടിക്കൊടുത്ത തീക്ഷ്ണമതിയും ത്യാഗസമ്പന്നനുമായ ഈ പുണ്യാത്മാവ് വിശുദ്ധരുടെ പട്ടികയിൽ കടന്നുവരുമെന്നു നമുക്കു പ്രത്യാശിക്കാം, പ്രാർത്ഥിക്കാം, അവിടുത്തെ പ്രവർത്തനങ്ങളുടെ മുമ്പിൽ ഈ എളിയ ദാസന്റെ കൂപ്പുകൈ!

തൂങ്ങാംപാറ
02.09.1992

*ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു*

(ലൂക്കാ 1:49)

## ഫാദർ അദെയോദാത്തൂസ് മെമ്മോറിയൽ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്, തൂങ്ങാംപാറ

*ശ്രീ. ഡോമിനിക് സേവ്യർ V. A.*

പ്രസ്തുത ക്ലബിലെ അംഗമായ ഞാൻ 1990-ലെ കേരളാ യൂണിവേഴ്സിറ്റി അത്‌ലറ്റിക് മത്സരത്തിൽ 400 മീറ്റർ ഓട്ടത്തിന് ഗോൾഡ് മെഡലും, സൗത്ത്സോൺ ഇന്റർ യൂണിവേഴ്സിറ്റി അത്‌ലറ്റിക്സ് മത്സരത്തിൽ രണ്ടെ വെങ്കല മെഡലും, ആൾ ഇന്ത്യാ ഇന്റർ യൂണിവേഴ്സിറ്റി അത്‌ലറ്റിക് മത്സരത്തിൽ ഒരു ഗോൾഡ് മെഡലും - ഒരു വെങ്കല മെഡലും, കേരളാ സ്റ്റേറ്റ് അമച്ചർ മത്സരത്തിലും കേരള സ്റ്റേറ്റ് യുവജനമേളകളിലും മെഡലുകൾ കരസ്ഥമാക്കി 21-ാമത്തെ വയസ്സിൽ കേരളാ പോലീസിലെ സ്പോർട്സ് ടീമിൽ ഹെഡ് കോൺസ്റ്റബിളായി ജോലി ലഭിച്ചു. ഈ ഭാഗ്യം തീർച്ചയായും നമ്മുടെ വല്യച്ചന്റെ നാമധേയത്തിലുള്ള ക്ലബ്ബിലെ അംഗമെന്ന നിലയിൽ കിട്ടിയ ഭാഗ്യമെന്ന് ഞാൻ വിശ്വസിക്കുന്നു. ആ ത്യാഗമയിയായ പുണ്യാത്മാവിന്റെ മുമ്പിൽ ഞാൻ കൂപ്പുകൈയോടെ പ്രാർത്ഥിക്കുന്നു.

20.08.1992
തൂങ്ങാംപാറ

**ഒറ്റപ്പെട്ട സംഭവം**

നമ്മുടെ ഇടവകയുടെ പുരോഗതിയ്ക്കുവേണ്ടി പ്രവർത്തിച്ച പരേതനായ ഒടുക്കത്തു വിളാകത്തു ദേവസഹായം പ്രധാനി അവർകൾ തന്റെ മരണാനന്തര ചിലവുകൾ നടത്തുന്നതിലേയ്ക്ക് വേണ്ടി 500 രൂപാ വല്യച്ചനെ ഏല്പിച്ചിരുന്നു. എന്നാൽ വല്യച്ചൻ 1968-ൽ "*സ്നേഹിതാ നിങ്ങൾ ഏല്പിച്ച 500 രൂപാ ഞാൻ സ്നേഹിതനെ തിരിച്ചേല്പിക്കുന്നു.... ഞാൻ ആദ്യം മരിക്കും....*". വല്യച്ചൻ പറഞ്ഞ ഈ വാക്ക് അതുപോലെതന്നെ നിറവേറിയെന്നു ബഹു. ദേവസഹായം പ്രധാനി 20.01.1981-ൽ മരിക്കുന്നതുവരെ പറയുന്നത് ഞങ്ങൾ ഇപ്പോഴും ഓർക്കുന്നു. ഇതുപോലെ എത്രയെത്ര ഒറ്റപ്പെട്ട സംഭവങ്ങൾ ഇടവകാംഗങ്ങൾക്ക് പറയുവാനുണ്ട്.... (അവ ആവർത്തന വിരസത ഒഴിവാക്കുവാൻ ബോധപൂർവ്വം ഒഴിവാക്കുന്നു.

# ജീവിച്ചിരുന്ന വിശുദ്ധൻ
# ഫാദർ അദെയോദാത്തൂസ് ഒ.സി.ഡി.

*ശ്രീ. സി. ജെ. ദേവസ്യ*

മുതിയാവിള സെന്റ് ആൽബർട്ട് ദൈവാലയം കേന്ദ്രമാക്കി പല പള്ളികളും ഉണ്ടായിരുന്നു. പള്ളികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പള്ളികൾ സ്ഥാപിച്ചു. അവിടെ ആദ്ധ്യാത്മിക ആവശ്യങ്ങളെല്ലാം നടത്തുന്നതിൽ വിശ്രമമില്ലാതെ ഈ വൈദിക ശ്രേഷ്ഠൻ സേവനം ചെയ്ത കാര്യങ്ങൾ ഞങ്ങൾക്ക് ഒരിക്കലും മറക്കാനാവുന്നതല്ല. കാടും, മേടും നിറഞ്ഞ സഞ്ചാരയോഗ്യമല്ലാത്ത വഴികളിൽ രാപകൽ ഭേദമില്ലാതെ, നനഞ്ഞു വിയർത്തൊലിച്ചും, ആരോഗ്യം തൃണവത്ക്കരിച്ചും, എത്ര ബുദ്ധിമുട്ടിയാലും തന്റെ അജഗണങ്ങളെ സേവിക്കുന്നതിൽ ലവലേശം മടുപ്പില്ല എന്നതാണ് അദെയോദാത്തൂസച്ചന്റെ സവിശേഷത. ഏതാണ്ട് 40 കിലോ തൂക്കം വരുന്ന ഒരു ഭാണ്ഡം ചുമലിൽ എടുത്താണ് ഈ സഞ്ചാരം. അത് മറ്റൊരു മനുഷ്യരെകൊണ്ടും എടുപ്പിക്കുകയില്ലായിരുന്നു. നിരവധി കുടുംബങ്ങളിലെ അംഗങ്ങൾ മലമ്പനി ബാധിച്ച് കൂട്ടമായി മരിച്ചിരുന്നു. അച്ചന്റെ പ്രത്യേക പ്രാർത്ഥനയാൽ അതിനു മാറ്റം ഉണ്ടായി. പിന്നീട് ഇങ്ങനെയുള്ള മരണം ഉണ്ടായിട്ടില്ല.

അമ്പൂരി കേന്ദ്രമാക്കി പുല്ലുമേഞ്ഞ ഒരു ഷെഡും, മായം, കരുമംകുളം, പന്ത ഈ പ്രദേശത്തുള്ളവർക്കും മായം കേന്ദ്രമാക്കി ഒരു ഷെഡും പണിത്, അവിടെ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ദിവ്യബലി, വിവാഹം, മാമ്മോദീസാ തുടങ്ങിയ കൂദാശകൾ ആവശ്യാനുസരണം നടത്തുകയും ചെയ്തു വന്നിരുന്നു.

എന്റെ കുടുംബത്തിൽ തന്നെ ആദ്യത്തെ മകനും രണ്ടാമത്തെ മകളുമായിട്ടാണ് നാട്ടിൽ നിന്നും ഇവിടെ വന്നത്. തുടർന്നുള്ള മൂന്നു പെൺമക്കളും തുടർച്ചയായി ഇവിടെ വച്ചു മരിച്ചുപോയി. ഈ കാര്യം സങ്കടപൂർവ്വം ഞങ്ങൾ അച്ചനോട് പറഞ്ഞു. അപ്പോൾ അദ്ദേഹം ഞങ്ങളോട് അല്പം ഗൗരവത്തിൽ പറഞ്ഞ മറുപടി ഇതായിരുന്നു. "*മൂന്നു പെൺമക്കൾ ജീവിച്ചുവെങ്കിൽ ഒരു പക്ഷെ കുടുംബത്തിന് അപമാനവും കഷ്ടനഷ്ടവുമാകാം. ദൈവത്തിന്റെ പദ്ധതിയും ലക്ഷ്യവും അവർ മരിക്കണമെന്ന്. നിങ്ങൾക്ക് മൂന്നു ആൺമക്കൾ തരണമെന്നായിരിക്കാം ദൈവനിശ്ചയം. അതുകൊണ്ട് ഒട്ടും വിഷമിക്കേണ്ട കൂടുതൽ ദൈവത്തെ ആശ്രയിക്കുക*". ഈ സാന്ത്വനവാക്ക് എത്ര അന്വർത്ഥമായിയെന്ന് അറിയിക്കട്ടെ! പിന്നീട് മൂന്ന് ആൺമക്കൾ ജനിച്ചു. അവർ മൂവരും സസുഖം ജീവിച്ചിരിക്കുന്നു.

മായം എന്ന സ്ഥലത്ത് കലയത്തിനാൽ ആഗസ്തി എന്നയാളിന്റെയും കമ്പിച്ചൽ ഞങ്ങൾ ആദ്യം താമസിച്ച വീട്ടിലുമാണ് അച്ചൻ വരുമ്പോഴൊക്കെ താമസിച്ചിരുന്നത്. ആ കാലത്തെ കട്ടിൽ മുള അടിച്ചു പരത്തി പലകപോലെ ആക്കി കട്ടിൽ പൊക്കം തൂണ് നിർത്തി വയ്ക്കോൽ നിരത്തി അതിനു മുകളിൽ പായ വിരിച്ച് അച്ചൻ രാത്രി ഉറങ്ങിയിരുന്നത്. ഞങ്ങൾ കൊടുക്കുന്ന ആഹാരം കഴിക്കും. ഒരു ദിവസം കാലത്ത് എന്റെ വീട്ടിൽ നിന്നും ദിവ്യബലിയർപ്പണത്തിന് മായം പള്ളിയിലേയ്ക്കു പോകുംവഴി ആ സ്ത്രീ വഴിയരുകിൽ അവശയായി കിടക്കുന്നതു കണ്ടു. ആ സ്ഥലത്ത് കുറെ കാപ്പി മരങ്ങൾ ഉണ്ടായിരുന്നു. ഉടനെതന്നെ അച്ചൻ ആ സ്ത്രീയുടെ സമീപം മുട്ടുകുത്തി പ്രാർത്ഥിച്ചു. മരണത്തോടു മല്ലിടുന്ന അവർക്ക് അന്ത്യശുശ്രൂഷ നല്കി. അവർ മരിച്ചു ആ സ്ത്രീയുടെ ശരീരം ഞങ്ങൾ പള്ളിസെമിത്തേരിയിൽ സംസ്ക്കരിച്ചു.

ഞങ്ങൾ വീട്ടിൽ താമസിച്ചുകൊണ്ട് ഇടവകക്കാരുടെ വീടുകൾ സന്ദർശിച്ചുപോന്ന ഒരവസരം ഓർമ്മയിൽ വരുന്നു. വീടുകൾ എല്ലാം സന്ദർശനം പൂർത്തിയായി വീട്ടിലെത്തി കളി - പ്രാർത്ഥന - ധ്യാനം - ഭക്ഷണം ഇവ കഴിഞ്ഞു കിടന്നു. അർദ്ധരാത്രിയായപ്പോ

ഴേയ്ക്കും ഭയങ്കരമായ ഒരു കൊടുങ്കാറ്റ് ഉണ്ടായി. വൃക്ഷങ്ങൾ ഒടിഞ്ഞും, പിഴുതും, വലിയ താണ്ഡവത്തോടെ അലറിയടിച്ച കാറ്റുകണ്ട് അദ്ദേഹം ഞങ്ങളെ വിളിച്ചു. "*മക്കളേ, സമാധാനിക്കൂ.... സർവ്വശക്തൻ ഇനി ഒരാപത്തും വരുത്തുകയില്ലാ*"യെന്നു പറഞ്ഞ് *പ്രാർത്ഥിച്ചു.* കാറ്റു പെട്ടെന്നു ശമിച്ചു. അത് മലമ്പനിപ്രദേശത്തെ രോഗത്തെ തുടച്ചുമാറ്റിയ കാറ്റായിരുന്നു. പിന്നീട് ആർക്കും മലമ്പനി ഉണ്ടായിട്ടില്ല.

അമ്പൂരിയിലെ പുല്ലു മേഞ്ഞ ഷെഡിൽ പ്രഥമ ദിവ്യബലി നടന്ന ദിവസം കുർബ്ബാന പകുതിയായപ്പോൾ ഈ വിധം ശക്തമായ കൊടുങ്കാറ്റ് ഉണ്ടായി. പള്ളിയിൽ കൂടിയിരുന്ന ആളുകൾ ഭയവിഹ്വലരായി. "*പിതാവേ കനിയണമേ*" എന്ന് അദ്ദേഹം ഉച്ചത്തിൽ പ്രാർത്ഥിച്ചു. ഉടനെ കാറ്റു ശമിച്ചു. ഒരപകടവും ഉണ്ടായില്ല. ഈ ദിവ്യബലിയാൽ അച്ചൻ അമ്പൂരിയെ ധന്യമാക്കി.

മായം ഷെഡ് പണിതിരുന്നത് കാട്ടാനയുടെ സഞ്ചാരമുള്ള ഒരു ആനതാരയിലായിരുന്നു. ഒരു ദിവസം രാത്രി കാട്ടാന ആ വഴി വന്നു. അതിന്റെ മൺചുവരും പരമ്പുമറകളും തള്ളിമറിച്ചുകളഞ്ഞു. മേൽക്കൂരമാത്രം അവശേഷിച്ചു ഈ വിവരം അറിഞ്ഞു അച്ചൻ ജനങ്ങളെ ആശ്വസിപ്പിച്ചു. ഇനി മേലിൽ ആന ആ വഴി വരുകയോ ശല്യമുണ്ടാക്കുകയോ ഇല്ലായെന്നു പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയായി അനുഭവപ്പെട്ടു. പിന്നീട് ആന ശല്യം ഉണ്ടായിട്ടില്ല. അതുപോലെ കൃഷിക്കാരുടെ വിളവുകൾ, വീട് എന്നിവയും ആന ശല്യം ഒരു ഭീഷണിയായിരുന്ന അവസരങ്ങളിൽ അച്ചന്റെ പ്രാർത്ഥനകൊണ്ട് അതിൽ നിന്നും ശാശ്വതമായ മോചനം കിട്ടി. പൂർണ്ണമായും അതൊഴിവായതും പ്രത്യേക അതിശയമാണ്. അച്ചൻ ഇവിടെ വന്നപ്പോൾ പല ഭാഗങ്ങളിലായി ചിതറിക്കഴിഞ്ഞിരുന്ന കർഷകരുടെ (പള്ളിഷെഡ് ഉണ്ടാകുംമുമ്പ്) ഒരേ ഭവനങ്ങൾ തെരഞ്ഞെടുത്ത് അവിടെ താല്ക്കാലിക ബലിപീഠം ഉണ്ടാക്കി പൂജ നടത്തുക, കിടക്കുന്ന കട്ടിൽ പൊക്കിനിർത്തി കുമ്പസാരക്കൂടാക്കി പാപസങ്കീർത്തനത്തിന് സൗകര്യം ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ഇന്നും ഓർമ്മയിൽ നില്ക്കുന്നു. സേവനം മാത്രം ലക്ഷ്യമാക്കിയ ഈ സന്യാസശ്രേഷ്ഠൻ ഇപ്പോൾ സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. വിശുദ്ധരുടെ പട്ടികയിൽ അദെയോദാത്തൂസച്ചനെ സ്ഥിരപ്രതിഷ്ഠയുണ്ടാകുമെന്ന് തന്നെ പ്രത്യാശിക്കാം. അതിനായി പ്രാർത്ഥിക്കാം. അച്ചന്റെ മാദ്ധ്യസ്ഥം യാചിച്ച് ഞങ്ങൾക്ക് എല്ലാ പ്രതിസന്ധികളിലും പല കാര്യങ്ങളിലും അത്ഭുതഫലം കിട്ടിയിട്ടുണ്ടെന്നം അറിയിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു....

അമ്പൂരി
10.08.1992

ശ്രീ. സി.ജെ. ദേവസ്യ
ചിറക്കത്തൊട്ടിയിൽ ഹൗസ്
അമ്പൂരി പി. ഒ., വെള്ളറട
തിരുവനന്തപുരം - 695 505

*പരമാർത്ഥഹൃദയന് അന്ധകാരത്തിൽ പ്രകാശമുദിക്കുന്നു*

(സങ്കീർത്തനം 112:4)

## ഒറ്റപ്പെട്ട അനുഭവങ്ങളും ചില സംഭവങ്ങളും

*ശ്രീ. വെട്ടുകല്ലേൽ ചാക്കോ - അമ്പൂരി പി. ഒ.*

1. ഞാൻ തൊടുപുഴയിൽനിന്നും വന്നതാണ്. ഞങ്ങളുടെ വീട് വെഞ്ചരിക്കുവാൻ, വെട്ടുകല്ലേൽ കുഞ്ഞേപ്പുചേട്ടന്റെ നിർദ്ദേശപ്രകാരം കൊച്ചു ഉപദേശിയുമായി അദെയോദാത്തൂസച്ചൻ വന്ന് വീടു വെഞ്ചരിച്ചു. കൃഷിയ്ക്കു പുല്ലു ശല്യമുണ്ടായി, അതിനായി പ്രാർത്ഥിച്ചു. എല്ലാ വർഷത്തെക്കാളും കൂടുതൽ വിളവു ലഭിച്ചു. വേറെ ഒരു വീട്ടിൽ നിന്നപ്പോൾ ഒരു വീട് വെഞ്ചരിക്കുവാൻ അച്ചനെ വിളിച്ചു. സമയക്കുറവുകൊണ്ട് നിന്നിരുന്ന വീടിന്റെ മുറ്റത്തു ഇറങ്ങി. "*ഏതു ഭാഗത്താണ് മകനേ വീട്?*" എന്നു ചോദിച്ചു. ആ ഭാഗത്തു തിരിഞ്ഞു നിന്നു പ്രാർത്ഥിച്ചു.... "*ഞാൻ ആ വീട് വെഞ്ചരിച്ചിരിക്കുന്നു*" എന്നു പറഞ്ഞു. ആ വീടിന് എല്ലാ ഐശ്വര്യങ്ങളുമുണ്ടായി. വല്യച്ചൻ ജീവിച്ചിരുന്ന ഒരു പുണ്യവാളൻ ആയിരുന്നു.... ഞാൻ ഇപ്പോഴും വല്യച്ചനോട് പ്രാർത്ഥിക്കുന്നു.

*ശ്രീ. ജോൺ, പാലക്കാട് വീട്, അമ്പൂരി പി. ഒ.*

2. വനഭൂമി കൃഷിക്കാർക്ക് പതിച്ചുകൊടുക്കുന്ന പത്രവാർത്ത കേട്ടാണ് തൊടുപുഴയിൽനിന്നും മായത്തു താമസമായത്. അവിടെനിന്ന് ഇപ്പോൾ അമ്പൂരിയിൽ താമസിക്കുന്നു. അപ്പോൾ റോഡില്ല, വഴിയില്ല, ബസ്സില്ല, പെരുങ്കാട്, കാട്ടുമൃഗങ്ങൾ, ഇഴജന്തുക്കൾ, പേമാരി, മഹാരോഗങ്ങൾ, കൂട്ടമരണം, കൊടിയ യാതന - ഇവ കൊണ്ട് തിരിച്ചു നാട്ടിൽ പോകുവാൻ ശ്രമിച്ചപ്പോഴാണ് ഒരു ദൈവദൂതനെപ്പോലെ അദെയോദാത്തൂസച്ചൻ ഞങ്ങളുടെ ഇടയിൽ കടന്നുവന്നത്. ഞാൻ മായം പള്ളിയിൽ 3 വർഷം മെലിഞ്ചിയായി സേവനം അനുഷ്ഠിച്ചിരുന്നു. ഒരു ഉപദേശി സുഖമില്ലാതെ വീട്ടിൽ കിടക്കുകയായിരുന്നു. വിശുദ്ധ കുർബ്ബാന കൊടുക്കാൻവേണ്ടി അച്ചൻ എന്നെക്കൂടെ കൊണ്ടുപോയി. ഒരു മരപ്പാലം കടന്നു പോകണമായിരുന്നു. അത് ഒടിഞ്ഞുകിടക്കുകയായിരുന്നു. ആരും ആ വഴിയെ പോകുകയില്ലായിരുന്നു. വെള്ളം കര കവിഞ്ഞ് കിടക്കുകയായിരുന്നു. "*വരൂ മകനേ*" എന്ന് അച്ചൻ പറഞ്ഞു. ഞാൻ അച്ചന്റെ പുറകെ പോയി. യാതൊരു കുഴപ്പമില്ലാതെ ഉപദേശിക്കു വിശുദ്ധ കുർബ്ബാന കൊടുത്തു "*സമാധാനമായി ഇരിക്കൂ മകനേ*" എന്നു പറഞ്ഞ് യാത്ര തിരിച്ചു. അച്ചന്റെ ദിവ്യപൂജ ഞാൻ വളരെ സങ്കടത്തോടെയാണ് കാണുന്നത്. കാരണം, അച്ചന്റെ കഷ്ടതകളോർത്താണ്. തീർച്ചയായും ജീവിച്ചിരുന്ന ഒരു പുണ്യവാളനായിരുന്നു അദ്ദേഹം. ഞാൻ ഇപ്പോഴും പ്രാർത്ഥിക്കുന്നു.

*ശ്രീ. സി. സക്കറിയാ, വാലുപറമ്പിൽ, തേക്കുപാറ പി. ഒ.*

3. ഞാൻ ചങ്ങനാശ്ശേരിയിൽനിന്ന് അമ്പൂരിയിൽ താമസിക്കുന്നു. കുടപ്പനമൂട്ടിൽ നിന്നും ഒരു വടികൊണ്ട് വഴി തെളിച്ചു കാട്ടിനകത്തുകൂടെ - വന്യമൃഗങ്ങളുടെ ഇടയിലൂടെ നടന്നാണ് അമ്പൂരിയിൽ അദെയോദാത്തൂസച്ചൻ വരുന്നത്. തേക്കുപ്പാറ പള്ളിയിൽ ആദ്യബലിയർപ്പിച്ചത് അച്ചൻ ആയിരുന്നു. ഇന്നും ആ അൾത്താരയിൽ നോക്കി പ്രാർത്ഥിക്കുമ്പോൾ എന്റെ മനസ്സിൽ ആ പുണ്യസന്യാസിവര്യന്റെ ഓർമ്മ പച്ചയിടുന്നു. എന്റെ ഇടത്തെ കണ്ണിന് സുഖമില്ലായിരുന്നു. അച്ചന്റെ ദിവ്യമായ പ്രാർത്ഥനകൊണ്ടു പരിപൂർണ്ണ സുഖമായി. അമ്മണിയെന്ന ഒരു കുട്ടി പുളിയുടെ മൂട്ടിൽ നിന്നപ്പോൾ പേടിച്ചു മാനസികരോഗിയായി. അച്ചന്റെ പ്രാർത്ഥനയിലൂടെ സുഖം കിട്ടി. ഞാൻ ഇപ്പോഴും അച്ചനോടു പ്രാർത്ഥിക്കുന്നു.

*ശ്രീ. അഞ്ചുപങ്കിൽ വർഗ്ഗീസ്, അമ്പൂരി പി. ഒ.*

4. ഞാൻ 1949-ൽ ചങ്ങനാശ്ശേരിയിൽനിന്നും അമ്പൂരിയിൽ വന്നു. അദെയോദാത്തൂസച്ചൻ ഞങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും ഒരു നെടുതൂണുപോലെ പ്രവർത്തിച്ചിരുന്നു. എന്റെ

ഉപജീവനമാർഗ്ഗം മാടുകളെ വളർത്തുകയാണ്. ഒരു ദിവസം മാടുകളെ കറന്നുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് രണ്ടു മാടുകൾ എന്നെയോ, കറവക്കാരനെയോ കറക്കുവാനോ അടുത്തുവരാനോ അനുവദിച്ചില്ല. ഈ വിവരം അച്ചനെ അറിയിച്ചു. എന്നോടുകൂടി അച്ചൻ വന്നു. പശുക്കളെ എല്ലാം ഒന്നുനോക്കി. കറക്കുവാൻ അനുവദിക്കാത്ത മാടുകൾ ഏത് എന്നു ചോദിച്ചു. പിണങ്ങി നിന്നിരുന്ന മാടുകളെ കാണിച്ചുകൊടുത്തു. അച്ചൻ കൊണ്ടു നടക്കുന്ന വടികൊണ്ടു പശുക്കളെ മെല്ലെയെന്നു അടിച്ചു. അച്ചൻ ഉടൻ കറക്കുവാൻ പറഞ്ഞു. യാതൊരു കുഴപ്പവുമില്ലാതെ പശുക്കളെ കറന്നു. ധാരാളം പാൽ കുടിച്ചു. പോയപ്പോൾ അല്പം പാൽ കൊണ്ടുപോയി. അതിനുശേഷം ഇതേവരെ എന്റെ മാടുകൾക്ക് യാതൊരു രോഗവും വന്നിട്ടില്ല. ഞാൻ മാടു വളർത്തി സുഖമായി ജീവിക്കുന്നു. ഞാൻ അച്ചനോട് ഇന്നും പ്രാർത്ഥിക്കുന്നു.

*ശ്രീ. വർഗ്ഗീസ് കൊളവുപാറ, പന്നിയോട് പി. ഒ.*

5. ഞാൻ കൊളുപാറ ഇടവകാംഗമാണ്. ബഹുമാനപ്പെട്ട അദെയോദാത്തൂസച്ചന്റെ കാലത്ത് ദിവ്യപൂജയ്ക്ക് അൾത്താരശുശ്രൂഷകനായിരുന്നു. ആ സമയത്തു തൂങ്ങാംപാറ ശ്രീ. കെ. ശബരിമുത്തനായിരുന്നു ഞങ്ങളുടെ ഉപദേശി. ആദ്യത്തെ പള്ളി വല്യച്ചന്റെ ഓർമ്മ നിലനിർത്താൻവേണ്ടി "*ഫാദർ അദെയോദാത്തൂസ് മെമ്മോറിയൽ നേഴ്സറി സ്കൂൾ*" എന്ന പേരിൽ ഒരു നേഴ്സറി സ്കൂൾ നടത്തുന്നു. ഇപ്പോൾ പുതിയ ദൈവാലയത്തിലാണ് തിരുക്കർമ്മൾ നടത്തന്നത്. ഞങ്ങളുടെ ഇടവകയുടെയും പ്രത്യേകിച്ചും എന്റെ കുടുംബത്തിനെയും വല്യച്ചൻ വളരെയധികം സഹായങ്ങൾ ചെയ്തിട്ടുണ്ട്. ഞാൻ അദ്ദേഹത്തോട് ഇന്നും പ്രാർത്ഥിക്കുന്നു....

*വിവേകം ലഭിച്ചവന് അത് ജീവന്റെ ഉറവയാണ്; ഭോഷണം ഭോഷനുള്ള ശിക്ഷയത്രേ*

(സുഭാഷിതങ്ങൾ 16:22)

## സന്യാസജീവിതം എന്താകുന്നു?

*റവ. ഫാദർ അദെയോദാത്തൂസ് OCD*

സന്യാസ ജീവിതം എന്നാൽ ദൈവസ്നേഹത്താൽ കണ്ടെത്തിയ ജീവിതരീതിയാണ്. എത്ര എരിവായ നന്ദിയോടുകൂടെ നാം ദൈവത്തിന് ആ ഉപകാരം നിമിത്തം സ്തോത്രം ചെയ്യേണ്ടതാണ്. നാം തന്നെ ദൈവത്തെ സ്നേഹിക്കന്നതിനേക്കാൾ വേറെ മനുഷ്യർ ദൈവത്തെ പക്ഷെ അധികം സ്നേഹിക്കുകയും അധികം കൃത്യമായി സേവിക്കുകയും ചെയ്തു. അവർ അവിടുത്തെ ദോഷവഴിയായി അത്ര കഠിനമായി അപമാനിച്ചിട്ടില്ല. എങ്കിലും അശ്ശേഷം സൗജന്യമായി ദൈവം നമ്മെ തന്റെ ശുശ്രൂഷയിലേയ്ക്കു വിളിച്ചു. അതു നിമിത്തം നാം സന്യാസജീവിതം നശിപ്പിക്കാവുന്ന അപകടങ്ങൾ എല്ലാം നാം വളരെ സൂക്ഷ്മമായി വിട്ടുപേക്ഷിക്കുകയും നിലനില്പിനുവേണ്ടി നാം ആകർഷത്തോടു അപേക്ഷിക്കുകയും ചെയ്യണം. നാം കൂടെക്കൂടെ ബുദ്ധിയില്ലാത്ത ചെറിയ കുട്ടികളെന്നപോലെ നടക്കുന്നുണ്ട്. ദൈവത്തിന്റെ ഏറ്റവും വിലയേറിയ ദാനങ്ങൾ നാം ഗ്രഹിക്കുന്നില്ല. കുറഞ്ഞ പക്ഷം നാം അവ വേണ്ടുന്നേടത്തോളം വിലമതിക്കുന്നതല്ല!

സന്യാസജീവിതം എന്നാൽ

1. ഒരു റൂളിൻ കീഴിൽ
2. കൂട്ടമായി ജീവിക്കുന്ന മാതിരി ആണ്
3. ആ ജീവിതത്തിൽ പരിപൂർണ്ണതയിൽ ചെന്നെത്താനായി ഉദ്ദേശ്യം ഉണ്ട്.
4. മാതാവായ പരിശുദ്ധ തിരുസഭയ്ക്ക് ജീവിതരീതി അംഗീകരിച്ചു.
5. ഒടുക്കം = ദാരിദ്ര്യം, വിരക്തി, അനുസരണം എന്ന മൂന്നു വ്രതങ്ങൾ ആത്മീയതയിൽ നാം കഴിക്കുകയും അവ കൃത്യമായി അനുഷ്ഠിക്കുകയും (കാത്തുകൊള്ളുകയും) ചെയ്യും

ഇതെല്ലാം കുറെ വാക്കിൽ വിവരിക്കാം.

1. സന്യാസജീവിതത്തിൽ നാം കൂട്ടമായി, കൂട്ടത്തിൽ ജീവിക്കുന്നു. എല്ലാവരും കൂടെ നാം പ്രാർത്ഥിക്കുന്നു, ഉല്ലസിക്കുന്നു, തിന്നുന്നു! മറ്റും.... അതിൽ പ്രധാനമായ കാര്യം ഇതാണ്: നാം കൂട്ടമായി ചെയ്യുന്ന പ്രവൃത്തികൾ ദൈവത്തിന്റെ സ്പഷ്ടമായ തെളിവായ തിരുമനസ്സാകുന്നു. ആകയാൽ, നാം അനുസരണത്തിന്റെ അരൂപിയിൽ അവയിൽ ചേരുന്നുവെങ്കിൽ നാം നിശ്ചയമായിട്ട് ദൈവത്തിന്റെ തിരുമനസ്സിനെ നിവർത്തിക്കുന്നതാണ്... അപ്രകാരവും കൂടെ നാം ദൈവത്തെ വളരെ സ്തുതിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന ഒരു കാര്യം ചെയ്യുന്നു. അതു നിമിത്തം നാം നമ്മാൽ കഴിയുന്നത്ര സന്യാസജീവിതത്തിലെ പൊതുവായ അഭ്യാസങ്ങളിൽ ഹാജർ ആയിരിക്കാൻ താല്പര്യപ്പെടണം.... പുണ്യവാളന്മാർ അതിനെപ്പറ്റി വളരെ സൂക്ഷിച്ചു... ആ കൂട്ടമായി ചെയ്യേണ്ട പ്രവൃത്തികൾ ദൈവത്തിന്റെ തെളിവായ തിരുമനസ്സാകുന്നു.
2. സന്യാസജീവിതത്തിൽ നാം ഒരു റൂളിൻകീഴിൽ ജീവിക്കുന്നു. അത്: വി. നിയമങ്ങൾ അല്ലെങ്കിൽ വി. ചട്ടങ്ങൾ ആകുന്നു. ഒരു സഭയുടെ ചട്ടങ്ങൾ ആ സഭയെ ഭരിക്കുന്നതാണ്. അവയും ദൈവത്തിന്റെ തെളിവായ തിരുമനസ്സാണ്! ന്യായമായ മേലധികാരികളുടെ മനസ്സും കൂടെ ദൈവത്തിന്റെ തിരുമനസ്സിന്റെ പ്രസ്താവം ആകുന്നു. അതെല്ലാം വെറും സ്വാഭാവിക വെളിച്ചത്തിൽ നോക്കിയാൽ, ആ ചട്ടങ്ങളും കല്പനകളുമെല്ലാം നമ്മെ കൂടെക്കൂടെ ഉപദ്രവിക്കുന്ന കാര്യങ്ങളാണെന്ന് നാം ഏറ്റുപറയേണ്ടതാണെന്നല്ലേ? എന്നുവരികിലും, സ്വഭാവത്തിന്മേല്പെട്ട വിധത്തിൽ, വിധത്തിൽ ആ നിയമങ്ങളെയും

മേലധികാരികളുടെ കല്പനകളെയും കുറിച്ച് ആലോചിച്ചാൽ, അപ്പോൾ അവ എത്രയും വിലയേറിയ ഉപകാരങ്ങൾ ആയി കാണപ്പെടുന്നുണ്ട്... ദൈവത്തെ സ്നേഹിപ്പാനായി നാം മഠത്തിൽ ചേർന്നിട്ടുണ്ട്. ദൈവത്തെ സ്നേഹിപ്പാനും സേവിപ്പാനും നാം ദൈവത്തിന്റെ തിരുമനസ്സ് കൃത്യമായിട്ട നിവർത്തിക്കണം. എന്നാൽ 'ന്': നിയമങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും വഴിയായി ദൈവത്തിന്റെ തിരുമനസ്സ് എന്താണെന്ന് നമുക്ക് ഒരു മാതിരി ഇടവിടാതെ അറിയാം.... ആകയാൽ, ദൈവത്തെ പരമാർത്ഥമായി സ്നേഹിപ്പാൻ നമുക്ക് സാധിക്കുന്നു. അതു കാരണത്താൽ നാം 'ന്': വി. റൂളും ശേഷ മുള്ള സകല നിയമങ്ങളും വളരെ കൃത്യമായി കാത്തുകൊള്ളണം. പുണ്യവതിയായ ഒരു കർമ്മെലീത്താ കന്യാസ്ത്രീ പറഞ്ഞതായത് ദൈവം നമ്മോടു കല്പിക്കുന്ന പരി ശുദ്ധതയുടെ രൂപം (മാതിരി) 'ന്': വി. ചട്ടങ്ങൾ ആകുന്നു..... ആ ചട്ടങ്ങൾ ദൈവ ത്തിന്റെ തിരുമനസ്സിന്റെ പ്രസ്താവം (സൂചനം) ആകകൊണ്ട് നാം അവയെ കൃത്യമാ യിട്ട് കാത്തുകൊള്ളുന്നുവെങ്കിൽ, നാം ദൈവത്തോടു വളരെ സ്നേഹം കാണിക്കും. അപ്രകാരം ഏറ്റവും വലിയ പരിപൂർണ്ണതയിൽ ചെന്നെത്തുകയും ചെയ്യും. അതു നിമിത്തം നിങ്ങൾ നിങ്ങളുടെ വി. നിയമങ്ങൾ വളരെ താല്പര്യത്തോടെ പഠിക്കുകയും, അവ കൂടെക്കൂടെ വായ്ക്കുകയും ചെയ്യണം. പ്രത്യേകിച്ചും, അവയുടെ അരൂപി പ്രാപി ക്കാൻ ശ്രമിക്കേണ്ടതാണ്. അത്ര എളുപ്പമായി നാം വിചാരിക്കുന്നു: ഇത് ചെറിയ കാര്യം അത്രേ. അത് നിസ്സാരമായ പ്രവൃത്തിയാണ്. ഇവിടെ കുറച്ചു സംസാരിച്ചാൽ, അവിടെ അനാവശ്യമായി ചിരിച്ചാൽ, അത്ര സാരമില്ല! എങ്കിലും, പുണ്യവാളന്മാർ അപ്രകാരം ചെയ്തിട്ടില്ല. അവർ അവരാൽ കഴിയുന്നിടത്തോളം കൃത്യമായി, പരിപൂർണ്ണമായി തങ്ങ ളുടെ ചട്ടങ്ങൾ കാത്തുകൊണ്ടിട്ടുണ്ട്. നാമും അപ്രകാരം ചെയ്യണം. കാരണം 'ന്': നിയമങ്ങൾ തെളിവായി അറിയപ്പെട്ട ദിവ്യമനസ്സു തന്നെയാണ് പിന്നെ ദൈവത്തെ യഥാർത്ഥത്തിൽ സ്നേഹിക്കാൻവേണ്ടി അവിടുത്തെ തിരുമനസ്സ് നിവർത്തിക്കണം. വിശേഷിച്ച്, നാം എത്രയധികം ദൈവത്തെ സ്നേഹിപ്പാൻ ആഗ്രഹിക്കുന്നുവോ, അത്രയും കൃത്യമായി നാം ദൈവത്തിന്റെ തിരുമനസ്സ് നിവർത്തിക്കണം. ആകയാൽ, അത്രയ്ക്കു പരിപൂർണ്ണമായി, നാം 'ന്': വി. റൂളും ചട്ടങ്ങളും കാത്തുകൊള്ളേണ്ടതാ ണ്.

3. സന്യാസജീവിതത്തിൽ നാം പുണ്യപൂർണ്ണതയിൽ ചെന്നെത്താൻ ശ്രമിക്കണം. സാധാ രണ വാക്കിൽ പറഞ്ഞാൽ, യഥാർത്ഥ പുണ്യവാന്മാർ ആയി തീരുവാൻ വേണ്ടിയാണ്, നാം മഠത്തിൽ വന്നിരിക്കുന്നത്. പുണ്യപൂർണ്ണതയിലേയ്ക്കുള്ള ആ പ്രയത്നം (താ ല്പര്യം) സന്യാസജീവിതത്തിന്റെ അത്യാവശ്യമായ കാര്യം (സാരാംശം) ആകുന്നു. ആ താല്പര്യം ഇല്ലാഞ്ഞാൽ, യഥാർത്ഥ സന്യാസജീവിതം ഇല്ല, ഉണ്ടായിരിപ്പാൻ സാധി ക്കുകയുമില്ല. അതോ ആ ശ്രമം കൂടാതെ, സന്യാസജീവിതം ഉണ്ടായിരിപ്പാൻ ആവശ്യ മൊട്ടുമില്ല. അതു നിമിത്തം, പ്ര. സ. ഞാൻ ഒരു നല്ല കന്യാസ്ത്രി ആയി തീരുവാൻ ശ്രമിക്കും എന്ന് പറഞ്ഞാൽ പോരാ, അല്ലെങ്കിൽ ഞാൻ യഥാർത്ഥമായ ഒരു പുണ്യവ തിയായിത്തീരണം എന്നു മാത്രം മതിയാകും. അത് നിങ്ങളുടെ ഗൗരവമായ കടമ ആകുന്നു. അപ്രകാരമുള്ള ഒരു സ്ഥിരമായ പ്രതിജ്ഞ കഴിക്കണം. ഉത്തമനായ ദൈവത്തെ നിങ്ങളുടെ മുഴുഹൃദയത്തോടുകൂടെ സ്നേഹിപ്പാനായി ആണല്ലോ നിങ്ങൾ മഠത്തിൽ ചേർന്നിട്ടുള്ളത്. എന്നാൽ, ആ പരിപൂർണ്ണമായ ദൈവസ്നേഹത്തിൽ തന്നെ യാണ് സകല പുണ്യപൂർണ്ണതയും, പരിശുദ്ധതയും അടങ്ങിയിരിക്കുന്നത് എന്ന് എല്ലാ യ്പോഴും ഓർമ്മിക്കണം.

ഈ പ്രതിജ്ഞ കൂടെക്കൂടെ ഓർമ്മിക്കേണ്ടതാണ്. ഞാൻ യഥാർത്ഥതയിൽ, ഒരു പുണ്യ വതിയായി തീരണം. അതു നിമിത്തം, ഞാൻ ദൈവത്തിന്റെ തിരുമനസ്സിനെ എന്നാൽ കഴിയുന്നത്ര പരിപൂർണ്ണമായി നിവർത്തിക്കുകയും, ദൈവത്തെ എന്റെ മുഴുഹൃദയ

ത്തോടെ സ്നേഹിക്കുകയും ചെയ്യണം. അപ്രകാരം എന്റെ സ്വദേശത്തിൽ ഒരു യുവാവ് ആശ്രമത്തിൽ ചേരുന്ന സമയത്ത് പറഞ്ഞു, "*ഞാൻ ഒരു പുണ്യവാളൻ - വലിയ ഒരു* പുണ്യവാളനായി - വളരെ വേഗത്തിൽ തീരണം". അദ്ദേഹം തന്റെ വാക്കിന് വിശ്വസ്ത നായി നിലനിന്ന്, അദ്ദേഹം ഇപ്പോൾ വിശുദ്ധൻ ആകുന്നു. നാമും പ്ര. സ., അപ്രകാരം പറയണം, "*ഞാൻ ഒരു പുണ്യവാളൻ, - വലിയ ഒരു പുണ്യവാളൻ ആയി വളരെ വേഗ ത്തിൽ തീരണം*". പിന്നെ നാമും 'ന്'; വാക്കിന് 'ന്'; പ്രതിജ്ഞയ്ക്ക് വിശ്വസ്തരായി നിലനില്ക്കേണ്ടതായിരിക്കും.

4. സന്യാസജീവിതം: 'ന്': മാതാവായ 'ന്': തിരുസ്സഭയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അപ്രകാരം ദൈവംതന്നെ അവിടത്തെ തിരുസ്സഭ വഴിയായി നിങ്ങളുടെ ജീവിതരീതി നല്ലതും പുണ്യമുള്ളതും ആണെന്ന് തെളിയിക്കുന്നു. സാക്ഷീകരിച്ച് അതിന്നു ഒത്ത വണ്ണം ജീവിക്കുന്നതിലേയ്ക്കും നിങ്ങളെ സകലതരം പ്രത്യേകാവകാശങ്ങൾ വഴിയായി പ്രോത്സാഹിപ്പിക്കയും, നിങ്ങളെ ഉപദ്രവിക്കാൻ ശ്രമിക്കുന്ന ശത്രുക്കൾക്കും വിരോധ മായി നിങ്ങളെ സംരക്ഷിക്കയും ചെയ്യുന്നു. തിരുസഭ ഉത്തമമായ ഒരു മാതാവെന്ന പോലെ തന്റെ അധിവാത്സല്യ മക്കളായ സന്യാസികളെയും കന്യാസ്ത്രികളെയും പ്രത്യേക വിധത്തിൽ സംരക്ഷിക്കുന്നുണ്ട്. അതു നിമിത്തം നാമും 'ന്': മാതാവായ തിരുസ്സഭയെ സകലതരം പോംവഴികൾ മൂലം സഹായിക്കണം. പ്രത്യേകിച്ചോ എന്നാൽ 'ന്': പ്രാർത്ഥനകളാലും സപസ്സുപ്രവൃത്തികളാലും ഒരു വാക്കിൽ പറഞ്ഞാൽ: നമ്മുടെ പുണ്യമാകും സന്യാസജീവിതത്തിൽ, എങ്കിലും ഇന്ത്യയിൽ ഒരു പ്രത്യേകകാര്യം പറ യേണ്ടതാണ്, അതായത് - നിങ്ങളുടെ സ്വദ്ദേശത്തിന്റെ നേരെയുള്ള സ്നേഹവും വി. തോമ്മാശ്ലീഹായുടെ നേരെയുള്ള ബഹുമാനവും സ്നേഹവും നിങ്ങൾക്ക് ധാരാളം ഉണ്ടായിരുന്നാലും ഇതെല്ലായ്പോഴും ഓർമ്മിച്ചുകൊൾക: വി. പത്രോസിന്റെ അനു കാരി റോമാ മാർപ്പാപ്പായ്ക്കു സകല കത്തോലിക്കക്കാരുടെ പിതാവും മേലധികാ രിയും ആകക്കൊണ്ട്, നാം അവിടുത്തേയ്ക്കുവേണ്ടി പ്രത്യേക വിധത്തിൽ പ്രാർത്ഥി ക്കണം. ഒടുക്കം കത്തോലിക്കാ തിരുസ്സഭയ്ക്ക് പുറത്തു രക്ഷയില്ല. ആകയാൽ, റോമാ മാർപ്പാപ്പയോട് എല്ലായ്പോഴും ഒന്നിച്ചു ജീവിക്കേണ്ടതാണ്.

5. സന്യാസജീവിതത്തിൽ നാം ദാരിദ്ര്യം, വിരക്തി, അനുസരണം എന്ന മൂന്നു വ്രതങ്ങൾ അനുഷ്ഠിക്കുന്നു; ഈ വ്രതങ്ങൾ പരിശുദ്ധതയിൽ ചെന്നെത്താനായി മുഖ്യമായ പോംവ ഴികൾ ആകുന്നു അവ. നമ്മെ പരിശുദ്ധതയ്ക്കു വിരോധമായ മൂന്നു പ്രധാന തടസ്സങ്ങ ളിൽ നിന്ന് നമ്മെ വിമോചിക്കുന്നു. ആ വ്രതങ്ങൾ കാത്തുകൊള്ളാൻ നമ്മെ 'ന്': മൂന്ന് മുഖ്യമായ വിരോധികളുടെ അക്രമങ്ങളിൽനിന്ന് പരിപാലിക്കുന്നു (ഭദ്രമാക്കിത്തീർക്കു ന്നു), ഈ മൂന്നു ശത്രുക്കൾ, ലോകവും പിശാചും മാംസവും ആണ്. ആ വ്രതങ്ങൾ വഴിയായി നമ്മുടെ ആത്മാവ് യഥാർത്ഥതയിൽ ഈശോയുടെ മണവാട്ടിയായിത്തീ രുന്നു; അതുമെന്യേ, ആ മൂന്ന് പറഞ്ഞൊപ്പുകൾ മൂലം അവയ്ക്കു സംബന്ധമായ അവയുടെ പരസ്പര എ.പ്ര.സ.: നാം പരിപൂർണ്ണമായ വിധത്തിൽ 'ന്': വി. ചട്ടങ്ങൾ കാത്തുകൊള്ളുന്നുവെങ്കിൽ 'ന്': ആത്മാക്കൾ സാക്ഷാൽ "*ദൈവസ്നേഹത്തിന്റെ മണ വാട്ടികൾ*" ആയിരിക്കും. ആ ചട്ടങ്ങൾ നമുക്ക് ഏറ്റവും അഗാധമായ സഹനങ്ങൾ, ഏറ്റവും ദുഃഖകരമായ സ്വയംപരിത്യാഗങ്ങൾ ഉണ്ടാക്കുന്നു. അതാണ് നിശ്ചയം - നമു ക്കെല്ലാവർക്കും അതിനെപ്പറ്റി നല്ല പരിചയം ഉണ്ട് എന്നുവരികിലും ആ വ്രതങ്ങൾ ദൈവത്തിന് 'ന്': നേരെയുള്ള സ്നേഹത്തിന്റെ ഏറ്റവും സ്പഷ്ടമായ അടയാളമാകു ന്നു. അവ നമ്മെ ദൈവശുശ്രൂഷയിൽ വളരെ സ്ഥിരപ്പെടുത്തുന്നു. അവ കണക്കില്ലാത്ത അപകടങ്ങളിൽ നിന്ന് നമ്മെ വിമോചിക്കുന്നുണ്ട്; അവ വഴിയായിട്ട് 'ന്': ഹൃദയം സ്വത ന്ത്രമായി ദൈവത്തിങ്കലേയ്ക്ക് ഉയരുന്നു. ഉ: നാം ലോകത്തിന്റെ കാര്യങ്ങളെക്കുറിച്ചും, വിചാരിക്കണ്ടാ, അത് ദാരിദ്ര്യം എന്ന പറഞ്ഞൊപ്പിന്റെ ഫലം ആകുന്നു; നാം വിരക്തി

എന്ന വ്രതം കഴിച്ചതുകൊണ്ട് ദൈവത്തെക്കുറിച്ച് മാത്രം ആലോചിക്കണം 'ന്': ഹൃദയം 'ന്': സ്നേഹം ദൈവത്തിനുവേണ്ടി മാത്രമാണ്. കല്യാണം കഴിച്ച സ്ത്രീ എപ്രകാരം തന്റെ ഭർത്താവിനെ പ്രസാദിപ്പിക്കണമെന്നതിനെപ്പറ്റി ആലോചിക്കേണ്ടതാകുന്നു. നമുക്കോ എന്നാൽ 'ന്': സ്നേഹം. 'ന്': ഉപവി മുഴുവനും ദൈവത്തിന് സമർപ്പിക്കാം! അനുസരണം എന്ന പറഞ്ഞൊപ്പു വഴിയായി നാം എല്ലാ പ്രവൃത്തികളിലും ദൈവ ത്തിന്റെ തിരുമനസ്സ് ആണ് നിറവേറ്റി വരുന്നത്. ദൈവത്തിന്റെ തിരുമനസ്സ് എന്താണെന്ന് നമുക്ക് ആ പറഞ്ഞൊപ്പിനാൽ അറിയാം. ആകയാൽ, നാം അപ്രകാരം ദൈവത്തെ ഇട വിടാതെ സ്നേഹിക്കുകയും പരിപൂർണ്ണതയിലേയ്ക്ക് വളരെ അഭിവൃദ്ധി ചെയ്കയും ചെയ്യുന്നു.

വിശേഷിച്ചും, പ്ര. സ: ഇത് അറിഞ്ഞിരിക്കണം; ശുദ്ധീകരണവരപ്രസാദത്തിലെ ഏറ്റവും ലഘുവായ വർദ്ധന നമുക്ക് സ്വർഗ്ഗത്തിൽ കണക്കില്ലാത്ത എല്ലാ സന്തോഷങ്ങളും മഹി മയും തരുന്നു. എന്നാൽ, ആ പറഞ്ഞൊപ്പുകൾ വഴിയായി, പ്രത്യേകിച്ച്, അനുസരണം മൂലം നമുക്ക് ഏറ്റവും എളുപ്പമായി ദിവസേന വരപ്രസാദത്തിലും ദൈവസ്നേഹത്തിലും വളരെ അഭിവൃദ്ധി ചെയ്യാം. ആകയാൽ ആ വ്രതങ്ങൾ, നമുക്കുവേണ്ടി എത്രയും വലിയ ഉപകാരങ്ങൾ, എത്രയും വിലയേറിയ ദാനങ്ങൾ ആകുന്നു. അവ വഴിയായി നമുക്ക് ഊഹി ക്കാൻ പാടില്ലാത്ത പ്രതിഫലങ്ങൾ ഏറ്റവും എളുപ്പമായി സിദ്ധിക്കാം എന്നതിനെപ്പറ്റി വിചാരിച്ചാൽ, നിങ്ങൾ എത്ര സൂക്ഷിച്ചു. എത്രയും കൃത്യമായി നിങ്ങളുടെ വ്രതങ്ങൾ കാത്തുകൊള്ളണം. ദൈവവരപ്രസാദത്താൽ നാം യഥാർത്ഥമായി ദൈവത്തിന്റെ മക്കൾ ആണ്. ദൈവം അപ്പോൾ സാക്ഷാൽ 'ന്': പിതാവാകുന്നു, 'ന്': കഴിച്ചിട്ടുള്ള വ്രതങ്ങൾ 'ന്': ആത്മാവ് – സാക്ഷാൽ ദൈവത്തിന്റെ മണവാട്ടി. ഈശോമിശിഹായുടെ മണവാട്ടി യാകുന്നു. ദൈവത്തിന്റെ തിരുഹൃദയത്തിൽനിന്ന് അറുതിയില്ലാത്ത സ്നേഹം നമ്മിലേയ്ക്ക് ബലത്തോടെ പുറപ്പെടുന്നു. ദൈവം തന്റെ സ്വന്ത യഥാർത്ഥ മക്കളായി നമ്മെ മുഴുവനും സൗഭാഗ്യരാക്കിത്തീർക്കാൻ ദൈവം ശ്രമിക്കുന്നു. വിശേഷിച്ചും, സന്യാസ പറഞ്ഞൊപ്പു കൾ മൂലം ദൈവം നമ്മെ അവിടുത്തെ സാക്ഷാലുള്ള, അവിടത്തെ വാത്സല്യ മണവാട്ടിക ളെന്നപോലെ സ്നേഹിക്കയും, നമുക്ക് ആ സ്ഥിതിക്കൊത്തവണ്ണമുള്ള പ്രത്യേക ദാന ങ്ങളും തന്റെ ദിവ്യസ്നേഹം അടയാളങ്ങളും നല്കുവാൻ ആഗ്രഹിക്കുകയും ശ്രമിക്കു കയും ചെയ്യുന്നു. എന്നാൽ, ഇതാണ് കഷ്ടം. നാം ആ ഉന്നതമായ (ശ്രേഷ്ഠമായ) സത്യ ങ്ങൾ വിശേഷിച്ചും, പ്ര. സ: ഇത് അറിഞ്ഞിരിക്കണം; ശുദ്ധീകരണവരപ്രസാദത്തിലെ ഏറ്റവും ലഘുവായ വർദ്ധന നമുക്ക് സ്വർഗ്ഗത്തിൽ കണക്കില്ലാത്ത എല്ലാ സന്തോഷ ങ്ങളും മഹിമയും തരുന്നു. എന്നാൽ, ആ പറഞ്ഞൊപ്പുകൾ വഴിയായി, പ്രത്യേകിച്ച്, അനുസരണം മൂലം നമുക്ക് ഏറ്റവും എളുപ്പമായി ദിവസേന വരപ്രസാദത്തിലും ദൈവ സ്നേഹത്തിലും വളരെ അഭിവൃദ്ധി ചെയ്യാം. ആകയാൽ ആ വ്രതങ്ങൾ, നമുക്കുവേണ്ടി എത്രയും വലിയ ഉപകാരങ്ങൾ, എത്രയും വിലയേറിയ ദാനങ്ങൾ ആകുന്നു. അവ വഴി യായി നമുക്ക് ഊഹിക്കാൻ പാടില്ലാത്ത പ്രതിഫലങ്ങൾ ഏറ്റവും എളുപ്പമായി സിദ്ധി ക്കാം എന്നതിനെപ്പറ്റി വിചാരിച്ചാൽ, നിങ്ങൾ എത്ര സൂക്ഷിച്ചു. എത്രയും കൃത്യമായി നിങ്ങളുടെ വ്രതങ്ങൾ കാത്തുകൊള്ളണം. ദൈവവരപ്രസാദത്താൽ നാം യഥാർത്ഥമായി ദൈവത്തിന്റെ മക്കൾ ആണ്. ദൈവം അപ്പോൾ സാക്ഷാൽ 'ന്': പിതാവാകുന്നു, 'ന്': കഴിച്ചിട്ടുള്ള വ്രതങ്ങൾ 'ന്': ആത്മാവ് – സാക്ഷാൽ ദൈവത്തിന്റെ മണവാട്ടി. ഈശോ യുടെ മണവാട്ടിയാകുന്നു. ദൈവത്തിന്റെ തിരുഹൃദയത്തിൽനിന്ന് അറുതിയില്ലാത്ത സ്നേഹം നമ്മിലേയ്ക്ക് ബലത്തോടെ പുറപ്പെടുന്നു. ദൈവം തന്റെ സ്വന്ത യഥാർത്ഥ മക്കളായി നമ്മെ മുഴുവനും സൗഭാഗ്യരാക്കിത്തീർക്കാൻ ദൈവം ശ്രമിക്കുന്നു. വിശേഷി ച്ചും, സന്യാസ പറഞ്ഞൊപ്പുകൾ മൂലം ദൈവം നമ്മെ അവിടുത്തെ സാക്ഷാലുള്ള, അവി ടത്തെ വാത്സല്യ മണവാട്ടികളെന്നപോലെ സ്നേഹിക്കയും, നമുക്ക് ആ സ്ഥിതിക്കൊത്ത

വണ്ണമുള്ള പ്രത്യേക ദാനങ്ങളും തന്റെ ദിവ്യസ്നേഹം അടയാളങ്ങളും നല്കുവാൻ ശാരീരിക കണ്ണുകൊണ്ടു കാണുന്നില്ല. നാം അവ ഇന്ദ്രീയ ഗോചരമായവിധത്തിൽ അനുഭവിക്കുന്നില്ല. നമുക്ക് ഒന്നും തോന്നുന്നില്ല. പിന്നെ നമുക്ക് വേണ്ടുന്ന വിശ്വാസത്തിന്റെ അരൂപി കൂടെക്കൂടെ ഇല്ല. അതു നിമിത്തമാണ് നാം ഏറ്റവും ആശ്വാസകരവും സന്തോഷകരവുമായ ആ സത്യങ്ങൾക്കൊത്തവണ്ണം ജീവിക്കാത്തത്. എങ്കിലും ഇന്നു മുതൽ തുടങ്ങാം. അഭിമാനമായിട്ട പറയാം. എ. പ്രസ. ന്; സന്യാസജീവിതം നാം സ്നേഹിക്കണം! സന്യാസാന്തസ്സിന് ഒത്തപോലെ ജീവിതം നാം സ്നേഹിക്കണം. സന്യാസാന്തസ്സിന് ഒത്തപോലെ ജീവിക്ക! ദൈവം നമ്മോടു കല്പിക്കുന്ന പുണ്യപൂർണ്ണതയുടെ രൂപം അത് ആകുന്നു. നാം സന്യാസാരൂപിയുള്ള മനുഷ്യർ ആയിരിക്ക! നാം നമ്മിൽ സന്യാസാരൂപിയെ വളർത്തണം. അതായത്, സദാ അവസങ്ങളിലും എല്ലാ സ്ഥലങ്ങളിലും - മഠത്തിലോ, വെളിയിലോ, യാത്രയിലോ നാം സന്യാസാന്തസ്സിന്റെ യോഗ്യത അനുസരിച്ചു നാം നടക്കണം; എന്നാൽ അത് ചെയ്യാൻവേണ്ടി നിങ്ങൾ ദൈവതിരുസന്നിധിയിൽ ജീവിക്കേണ്ടതാണ്. ഈശോമിശിഹായോട് വളരെ അഗാധമായ ഒന്നിപ്പിൽ ജീവിക്കേണ്ടതുമാണ്. നിങ്ങളുടെ സ്വന്തസഭയെ സ്നേഹിക്ക, അത് നിങ്ങളുടെ മുഴുഹൃദയത്തോടെ സ്നേഹിപ്പിൻ, തന്റെ ചട്ടങ്ങൾ പഠിക്ക, ആ ചട്ടങ്ങളുടെ ഏറ്റവും ലഘുവായ കല്പനകൾ കഴിയുന്നത്ര കൃത്യമായിട്ട് കാത്തുകൊൾക, അപ്രകാരം ചെയ്തുകൊണ്ട് നിങ്ങൾ വേഗം എത്രയും ഉയർന്ന പരിശുദ്ധതയിൽ ചെല്ലുകയും, യഥാർത്ഥത്തിൽ ഈശോമിശിഹായുടെ യോഗ്യമായ മണവാട്ടികളുമായിത്തീരുകയും ചെയ്യും. ആമ്മേൻ (ഒപ്പ്).

ലേഖകൻ:

[ബഹുമാനപ്പെട്ട അദെയോദാത്തൂസച്ചൻ സന്യാസജീവിതത്തെക്കുറിച്ച് മലയാളത്തിൽ എഴുതിയ ലേഖനം].

## ധ്യാനത്തിനുമുമ്പ് അല്പം ഉപദേശം

*റവ. ഫാദർ അദെയോദാത്തൂസ് OCD*

വിശേഷിച്ചും ഈ ദിവസങ്ങളിൽ നിങ്ങൾ വളരെ സമാധാനത്തോടെ ആയിരിക്കണം. പക്ഷെ, പിശാച് നിങ്ങളെ ഉപദ്രവിക്കാം, വന്നേക്കാം, നിങ്ങളുടെ മനസ്സിൽ സകലതരം അനർത്ഥങ്ങളെയും ഉപദ്രവങ്ങളെയും ബുദ്ധിമുട്ടുകളെയും ഉണ്ടാക്കാൻ ആ ദുഷ്ടൻ ശ്രമിക്കും. എങ്കിലും അതെല്ലാം ഒന്നും വകവയ്ക്കണ്ട, സമാധാനത്തിൽ ഇരിക്കണം. പിന്നെ, നിങ്ങൾക്ക് നിങ്ങളുടെ ഇഷ്ടംപോലെ ഏതെങ്കിലും സമയത്തും കുമ്പസാരക്കൂട്ടിൽ വരാം. ഞാൻ എല്ലാവർക്കും ആവശ്യമായ സമയം തരും. എപ്പോഴോ എത്ര പ്രാവശ്യമോ വന്നാൽ സാരമില്ല. നിങ്ങളുടെ ഇഷ്ടംപോലെ വരാം. ആകയാൽ, കൂടുതലായി താമസിക്കരുത്. നിങ്ങളെ കേൾപ്പാനും സഹായിപ്പാനും ഉപദേശിക്കാനും ഞാൻ എല്ലാപ്പോഴും തയ്യാറായിരിക്കുന്നു. ഈ ദിവസങ്ങളിൽ ഞാൻ നിങ്ങളുടെ ശുശ്രൂഷിയത്ര! അതു നിമിത്തമാണ് ഞാൻ വന്നിരിക്കുന്നത്. അത് എന്റെ ചുമതലയത്രേ! ആയതുകൊണ്ട് നിങ്ങളുടെ ഹൃദയത്തിൽ സംശയമോ ഉപദ്രവമോ വന്നാൽ യാതൊരു ഭയമോ ലജ്ജയോ കൂടാതെ കുമ്പസാരക്കൂട്ടിൽ തന്നെ കാണ്മാൻ വരണം. ഞാൻ നിങ്ങളെ എന്നാൽ കഴിയുന്നിടത്തോളം സന്തോഷത്തോടെ സഹായിക്കാൻ ശ്രമിക്കും. നിങ്ങൾ ഇംഗ്ലീഷിൽ സംസാരിച്ചാൽ എനിക്ക് അധികം എളുപ്പം ആയിരിക്കും. എങ്കിലും, നിങ്ങൾ ഇംഗ്ലീഷ് നല്ലപോലെ അറിയുന്നില്ലെങ്കിൽ അപ്പോൾ സമാധാനത്തിൽ മലയാളം സംസാരിച്ചാൽകൊള്ളാം. കൂടാതെയും ഞാൻ പ്രസംഗിക്കയോ സംസാരിക്കയോ ചെയ്യുന്നത് നിങ്ങൾക്ക് നല്ലപോലെ മനസ്സിലാകുന്നില്ലെങ്കിൽ നിങ്ങൾക്ക് യാതൊരു നാണം (ലജ്ജ) കൂടാതെ എന്നോട് ആവശ്യമായ വിവരം ചോദിക്കാം. ആകയാൽ, ഒന്നും പേടിക്കരുത്. ഞാൻ നിങ്ങളുടെ അച്ചനും, സഹോദരനും, നിങ്ങൾ എന്റെ മക്കളും, സഹോദരികളും ആയിരിക്കുന്നു.... ആകയാൽ ആ അരൂപിയിൽ ആണ് നിങ്ങൾ എന്നോടുകൂടി അടുക്കേണ്ടത് (പെരുമാറേണ്ടത്). പ്ര:സ: ഈ ധ്യാനസമയത്ത് നിങ്ങൾ പതിവിലധികം ദൈവതിരുസന്നിധിയിൽ ഇരിക്കണം. ദൈവം നിങ്ങളുടെ ഹൃദയത്തിൽ പ്രത്യേകവിധത്തിൽ വസിക്കുന്നില്ലയോ? അവിടുത്തെ പക്കൽ സ്നേഹമായി ഇരിക്കാൻ താല്പര്യപ്പെട്ടാൽ മതി. അപ്രകാരംതന്നെ പ്രസംഗസമയത്ത്, നിങ്ങളുടെ ഹൃദയത്തിൽ വസിക്കുന്നു. ദൈവത്തെ നിരന്തരമായി നോക്കിക്കൊണ്ട്, നിങ്ങൾ ദൈവത്തിന്റെ ശബ്ദം അതായത്, ദൈവവരപ്രസാദങ്ങളുടെ പ്രേരണകളെ കേൾക്കാം. ആ വിധത്തിൽ ദൈവം നിങ്ങളോട് സംസാരിക്കുകയും പഠിപ്പിക്കുകയം ചെയ്യാം. അപ്പോൾ ദൈവത്തിന്റെ, ദൈവവരപ്രസാദത്തിന്റെ പ്രേരണകൾക്കനുസരണമായി നിങ്ങളുടെ സന്യാസജീവിതം നടത്തേണ്ടതായിരിക്കും. അപ്രകാരം ചെയ്താൽ ധ്യാനം നിശ്ചലമായി വളരെ പ്രയോജനകരം ആയിരിക്കും. കൂടാതെ, യാതൊരു കാര്യത്തെയുംകുറിച്ച് ബുദ്ധിമുട്ടരുത്. അത് തീരെ മോശമാണ്. ഉദാഹരണമായി ഞാൻ ആ പുസ്തകം വായിക്കണം. അല്ലെങ്കിൽ ആ ജോലി തീർക്കേണ്ടതാണ്. ഇല്ല. അപ്രകാരമുള്ള ഉദ്ദേശങ്ങൾ ഇപ്പോൾ നല്ലതല്ല. അതെല്ലാം ദൈവം നിങ്ങളിൽ കഴിക്കുന്ന ആത്മീയ ജോലിയെ തടസ്സം ചെയ്യുന്നു. അതെ, അത് ദൈവത്തിന്റെ വെളിച്ചവും പ്രേരണങ്ങളും ഇല്ലാത്തതാക്കിത്തീർക്കുന്നു, നശിപ്പിക്കുന്നു.

പ്ര:സ. ഇതു എല്ലായ്പോഴും വളരെ സൂക്ഷിച്ചും ഓർമ്മിക്കേണ്ടതാണ്. അതായത്, 'ന്': പുണ്യപൂർണ്ണത ആദ്യം തന്നെയും മുഖ്യമായിട്ട് ദൈവത്തിന്റെ പ്രവൃത്തി ആണ്. ദൈവം അവിടുത്തെ നല്ല നിരൂപണങ്ങളെയും പ്രേരണകളെയും കൊണ്ട് 'ന്': ബുദ്ധിയെ തെളിയിക്കയും 'ന്': ഹൃദയം ഉജ്ജ്വലിപ്പിക്കയും ചെയ്യുന്നു. നാമോ എന്നാൽ ദൈവത്തോടുകൂടി സഹകരിക്കണം; അതു നിമിത്തമാണ് നാം അത്ര സൂക്ഷിച്ചു. ദൈവത്തിന്റെ തിരുസന്നിധിയിൽ നടക്കയും ദൈവത്തിന്റെ വെളിച്ചവും പ്രേരണങ്ങളും സ്വീകരിക്കയും

അവയ്ക്കനുസരണമായി ജീവിക്കയും ചെയ്യേണ്ടത് - നിങ്ങൾ എല്ലായ്പോഴും അപ്ര കാരം ജീവിക്കണം എന്നു വരികിലും ധ്യാനസമയത്ത് അത് വളരെ ശുഷ്ക്കാന്തിയോടെ കഴിയേണ്ടതാണ്; അപ്രകാരം ചെയ്യുന്നവർ വളരെ, വളരെ വേഗത്തിൽ പരിപൂർണ്ണത യിൽ ധാരാളം അഭിവൃദ്ധി ചെയ്യുന്നുണ്ട് എന്ന് പുണ്യവാളന്മാരും ആത്മീയ ജീവിത ത്തിന്റെ ഗുരുക്കന്മാരുമെല്ലാവരും എഴുതുകയും; പഠിപ്പിക്കുകയും ചെയ്യുന്നു. അതു നിമിത്തം ഈ ധ്യാനദിവസങ്ങൾക്ക് ദൈവ തിരുസാന്നിദ്ധ്യത്തിൽ വളരെ ഉത്സാഹത്തോടെ നടക്ക ണം.

**ധ്യാനം എന്നാൽ എന്ത്?**

ധ്യാനം എന്നാൽ നാം ചിലപ്പോൾ അകമേയുള്ള, അഥവാ മനസ്സുകൊണ്ടുള്ള പ്രാർത്ഥന ആണ് സൂചിപ്പിക്കുന്നത്. ഇപ്പോഴോ, എന്നാൽ നാം പ്രത്യേകിച്ച് "*ധ്യാനം കയിക്ക*" എന്ന വാക്ക് വേറൊരു സാരാംശത്തിൽ ഉപയോഗിക്കുന്നു. ധ്യാനം എന്ന വാക്ക് ലത്തീൻ ഭാഷ യിൽ "*പിന്തിരിവും പിവാങ്ങൾ*" ആണ്. അത് സൂചിപ്പിക്കുന്നത് - ആകയാൽ ധ്യാന ത്തിൽ പോയാൽ നിങ്ങൾ പുറമേയുള്ള സാധനങ്ങളിൽ നിന്ന് പിന്തിരിയണം. പിവാ ങ്ങണം അതിന്റെ ലാക്കെന്താണ്? അതിന്റെ ഉദ്ദേശ്യം ദൈവത്തോടു കൂടി മാത്രം ജീവി ക്കേണ്ടതിലേയ്ക്കത്രേ. നാം ഈ ദിവസങ്ങളിൽ കാര്യങ്ങളെല്ലാം. അതേ, മനുഷ്യരെയും എല്ലവരെയും മറന്നുവയ്ക്കാം. ഇപ്പോൾ നാം ദൈവത്തോട് കൂടി മാത്രം സംസാരിക്കയും നമ്മുടെ സ്വന്ത ആത്മീകഗുണത്തിനു വേണ്ടി സൂക്ഷിക്കയും ചെയ്യേണ്ടതാണ്, അതു നിമിത്തം. ഈ ധ്യാനത്തിൽ നിങ്ങളുടെ ജോലിയെക്കുറിച്ച് ആലോചിക്കണം. ഈ ദിവസ ങ്ങളിൽത്തന്നെ. വല്ലതും ചെയ്യേണ്ടതാണെങ്കിൽ, അത് വളരെ സമാധാനത്തിലും ഏകാ ഗ്രതയിലും നിവർത്തിക്ക; അതിന്മണ്ണംത്തന്നെ. ഈ ദിവസങ്ങളിൽ നിങ്ങളുടെ അപ്പനമ്മ മാരെയോ ശേഷമുള്ള ബന്ധുക്കളെയോ, നിങ്ങളുടെ വാത്സല്യമുള്ളവരെയോക്കുറിച്ച് ധാരാളം വിചാരിക്കാൻ ഒട്ടും നല്ലതല്ല. അതെ, അവർക്കുവേണ്ടി കൂടുതൽ പ്രത്യേകവിധ ത്തിൽ അതായത്, ഒരു മാതിരി ബദ്ധപ്പാടോടുകൂടെ പ്രാർത്ഥിച്ചാൽ! തീരെ നല്ലതല്ല, ഒരു പൊതുവായ വിധത്തിൽ അവർക്കുവേണ്ടി പ്രാർത്ഥിച്ചാൽ ഉത്തമം. ഈ ദിവസങ്ങളിൽ നിങ്ങൾ സകലരെയും സകലകാര്യങ്ങളെയും ദൈവത്തിനു കല്പിച്ചുകൊടുക്കണം. അപ്ര കാരം ദൈവത്തിൽ മുഴുവനും ആശ്രയിച്ചുകൊണ്ടു നിങ്ങൾ ഒന്നുകിൽ ആ മനുഷ്യർക്കു വേണ്ടി വളരെ അധികം ആശീർവ്വാദങ്ങൾ പ്രാപിക്കുകയും അല്ലെങ്കിൽ നിങ്ങൾ അപ്പോൾ ദൈവം നിങ്ങളിൽ കഴിയുന്ന ജോലിയെ അസമാധാനക്കേടും ബദ്ധപ്പാടും മൂലം നശിപ്പി ക്കയില്ല.

ഞാൻ പല വർഷങ്ങൾക്കു മുമ്പ് ഒരു സ്ഥലത്ത് ഒരു ധ്യാനം പ്രസംഗിക്കാൻ പോയി രുന്നു. ധ്യാനത്തിൽ 3-4 ദിവസം കഴിഞ്ഞശേഷം ഒരാൾ എന്നോട് പറഞ്ഞതായത് ഫാദർ നിങ്ങളുടെ പ്രസംഗങ്ങൾ എനിക്ക് ഗുണം ഒന്നും ചെയ്യുന്നില്ല. ഞാൻ മുഴുവനും ആത്മീയ തണുപ്പിൽ തളർച്ചയിൽ ഇരിക്കുന്നു. നിങ്ങളുടെ പ്രസംഗങ്ങളെയോ ദൈവത്തെയോപ്പറ്റി വിചാരിക്കാൻപോലും എനിക്ക് തീരെ സാധിക്കുന്നില്ല. അതിന് ഉത്തരമായി ഞാൻ അത് അത്ര സാരമല്ല. ഞാൻ എന്നാൽ കഴിയുന്നത്ര നല്ലപോലെ കേൾക്കണം. ദൈവത്തോട് സമാധാനത്തോടെ പ്രാർത്ഥിക്ക. നിങ്ങൾ അപ്പോൾ നിശ്ചയമായി ഒരു നല്ല അതെ, ഒരു വളരെ നല്ല ധ്യാനം കഴിക്കും. അതെല്ലാം വകവയ്ക്കരുത്. ദൈവം തന്നെ അത് ശരിയാ ക്കും. അപ്രകാരം ആ മനുഷ്യനെ ആശ്വസിപ്പിക്കാനും, ധൈര്യപ്പെടുത്തുവാനുംവേണ്ടി ഞാൻ പല വാക്ക് പറഞ്ഞു ഒടുക്കം അവർ എന്നോടു പറഞ്ഞതായത് ഫാദർ ദയവു ചെയ്തു നിങ്ങൾ ഒരു പ്രത്യേക പട്ടക്കാരനുവേണ്ടി പ്രാർത്ഥിക്കണം. അദ്ദേഹം വളരെ പ്രയാസപ്പെടുന്നു. ഞാൻ അദ്ദേഹത്തിനുവേണ്ടി ദിവസന്തോറം വളരെ പ്രാർത്ഥിക്കുന്നു. ഇങ്ങനെ ഞാൻ മറുപടിയായി പറഞ്ഞു, "*അതാണ് നിങ്ങളുടെ തളർച്ചയുടെയും പലവി*

*ചാരങ്ങളുടെയും കാരണം. ആകയാൽ അപ്രകാരം മേലാൽ ചെയ്യരുത്. നിങ്ങൾ ഇപ്പോൾ ത്തന്നെ ആ പട്ടക്കാരനെ ദൈവത്തിന് ഏല്പിച്ചുകൊടുക്കയും അദ്ദേഹത്തെ മറന്നുപോകുകയും ചെയ്യണം. ദൈവത്തോട് ഇപ്രകാരം സംസാരിക്ക! ഓ! ദൈവമേ, ഞാൻ അങ്ങയിൽ ആശ്രയിക്കുന്നു. ആ അച്ചൻ ഞാൻ അങ്ങയുടെ തിരുഹൃദയത്തിന് ഏല്പിച്ചു തരുന്നു. അങ്ങുന്നു തന്നെ അദ്ദേഹത്തിനുവേണ്ടി സൂക്ഷിക്കയും, അദ്ദേഹത്തെ കാത്തുകൊള്ളുകയും, പുണ്യവാനാക്കിത്തീർക്കുകയും ചെയ്യണം. ഞാൻ മേലാൽ ഈ ദിവസങ്ങളിൽ, അങ്ങയെപ്പറ്റി മാത്രം ആലോചിക്കും!"*

ആ മനുഷ്യൻ അപ്രകാരം വളരെ താല്പര്യത്തോടെ ചെയ്തിട്ടുണ്ട്. കുറെദിവസം കഴിഞ്ഞു. അയാൾ വീണ്ടും എന്റെ പക്കൽ വന്ന് വളരെ സന്തോഷത്തോടെ പറഞ്ഞു: *"ഫാദർ, ഞാൻ ഇതുവരെ അത്ര നല്ല ധ്യാനം ഒരിക്കലും കഴിച്ചിട്ടില്ല. ഇപ്പോൾ എന്താണ് ചെയ്യേണ്ടത് എനിക്കറിയാം. ഞാൻ മേലാൽ - ദൈവത്തോടുകൂടി മാത്രം ജീവിക്കും. അവിടുത്തെക്കുറിച്ചു മാത്രം വിചാരിക്കയും, അവിടത്തെ മാത്രം സേവിക്കയും എന്റെ മുഴുഹൃദയത്തോടുകൂടെ സ്നേഹിക്കയും ചെയ്യും. അപ്പോൾ ദൈവംത്തന്നെ ഞാൻ സ്നേഹിക്കുന്ന മനുഷ്യരെയും കാര്യങ്ങളെയും അത്ര അധികം നല്ലപോലെ സൂക്ഷിക്കും".*

അയാൾ ഇപ്പോൾ അപ്രകാരം ചെയ്യുന്നു - ആ ധ്യാനത്തിനുശേഷം അയാൾ പുണ്യത്തിലും ദൈവസ്നേഹത്തിലും, പരിപൂർണ്ണതയിലും വളരെ അഭിവൃദ്ധി ചെയ്തു. ആകയാൽ, പ്ര: സ. ഒരു നല്ല ധ്യാനം കഴിക്കാനായി നിങ്ങൾ ഒരു മാതിരി സകല മനുഷ്യരെയും, സകല കാര്യങ്ങളെയും മറന്നുപോകണം - എങ്കിലും അത് തീരെ പോരാ! വേറൊരു മനുഷ്യനെ ത്യജിക്കേണ്ടതാണ്! ആരെ? നിങ്ങളെത്തന്നെ!! നിങ്ങളുടെ സ്വയവിധിയും, സ്വന്തമനസ്സും അതിന്റെ കാരണം എന്ത്? അതിന്റെ കാരണം ഇതത്രേ: നമ്മുടെ ബുദ്ധിയിൽ അന്ധകാരങ്ങൾ നമ്മുടെ മനസ്സിൽ ധാരാളം സ്വസ്നേഹം ഉണ്ട്! പരിശുദ്ധതയെക്കുറിച്ച് യഥാർത്ഥ പരിപൂർണ്ണതയെക്കുറിച്ച് നമുക്ക് കൂടെക്കൂടെ ശരിയല്ലാത്ത; അബദ്ധമായ വിചാരങ്ങൾ ഉണ്ടായിരിക്കുന്നു. ദൈവത്തിങ്കലേയ്ക്കുള്ള വഴികൾ നല്ലപോലെ അറിയുന്നതിനുവേണ്ടി ധാരാളം സ്വന്ത പരശ്രയവും പഠനവും അത്യാവശ്യമാണ്. അതു നിമിത്തം ഞാൻ ഇപ്പോൾ പഠിപ്പാനിരിക്കുന്ന പരിപൂർണ്ണതയെപ്പറ്റിയുള്ള വാക്കുകൾ നിങ്ങൾ വളരെ ചെറിയ കുട്ടികളെന്നപോലെ വിശ്വസിക്കുകയും അവയെ ഉറപ്പായി നിങ്ങളുടെ ബുദ്ധിയിൽ പതിക്കയും ചെയ്യേണ്ടതാണ്. വിശേഷിച്ചു, നമുക്ക് സ്വതന്ത്രമായ മനസ്സുണ്ടല്ലോ. 'ന്': മനസ്സും ഉത്ഭവദോഷത്താൽ തിന്മയിലേയ്ക്ക് ചാഞ്ഞിരിക്കുന്നു. 'ന്': മനസ്സ് മിക്കവാറും ദൈവത്തിന്റെ തിരുമനസ്സിനും വിരോധമായ കാര്യങ്ങൾ ആഗ്രഹിക്കുന്നു. അതെ, പുണ്യത്തിലും, പരിപൂർണ്ണതയിലുംപോലും നാം നമ്മെത്തന്നെ അന്വേഷിക്കുന്നു. അതായത്, ആ ദിവ്യകാര്യങ്ങളിൽപ്പോലും നാം ദൈവത്തിന്റെ മനസ്സിനെയും മഹിമയെയുംകാൾ നമ്മുടെ സ്വന്ത ഗുണവും, മഹിമയും, സൗഭാഗ്യവും, ആശ്വാസവും ആണ് അന്വേഷിക്കന്നത്; അത് 'ന്': സ്വസ്നേഹം അത്രേ. അത് മുഖ്യമായിട്ടു അതും പരിത്യജിക്കേണ്ടതാണ്. ആകയാൽ, ആ ധ്യാനത്തിൽ ഒരു കാര്യം മാത്രം നേടണം. അതായത്: പരിപൂർണ്ണതയിൽ, ദൈവത്തിൽ ചെന്നെത്തുവാൻവേണ്ടി ആവശ്യമായ പോംവഴികൾ ഏവയാണ് - എപ്രകാരം ആണ് ഞാൻ പോംവഴികൾ ഉപയോഗിക്കേണ്ടത്. പിന്നെ എൻ്റെ സ്വന്ത അഭിപ്രായവും, ഇഷ്ടവും, മനസ്സും വിട്ടുപേക്ഷിച്ച്, ഞാൻ കേൾക്കുന്ന സത്യങ്ങൾ വളരെ നിഷ്പക്ഷമായി വിശ്വസിക്കുകയും അവയ്ക്കൊത്തവണ്ണം എന്റെ സന്യാസജീവിതം നടത്തുകയും ചെയ്യും.

പ്ര:സ: എന്തുകൊണ്ടാണ്, എന്തു കാരണത്താൽ ആണ് നിങ്ങൾ മഠത്തിൽ ചേർന്നിട്ടുള്ളത്? മഠത്തിൽ ചേരുന്നതിന്റെ (ലാക്ക്) ഉദ്ദേശ്യം എന്തായിരിക്കണം? എളുപ്പമായ

ജീവിതം കഴിക്കേണ്ടതിലേയ്ക്കോ? അല്ല, ദൈവത്തെ നിങ്ങളുടെ മുഴുഹൃദയത്തോടെ സ്നേഹിച്ച്, അവിടുത്തേയ്ക്ക് പരിപൂർണ്ണമായ ശുശ്രൂഷ ചെയ്യുന്നതിലേയ്ക്കും ആണല്ലോ നിങ്ങൾ മഠത്തിൽ കൂടിയത്. അത് നിങ്ങളുടെ ഉദ്ദേശ്യം ആയിരുന്നു. കുറഞ്ഞപക്ഷം അത് നിങ്ങളുടെ ഉദ്ദേശ്യം ആയിരിക്കേണ്ടതായിരുന്നു. തന്റെ സ്വരാജ്യത്തിൽ ഒരിക്കൽ ഒരു യുവാവായിരുന്നു; അദ്ദേഹം ആശ്രമത്തിൽ വന്നശേഷം പറഞ്ഞു, ഞാൻ ഒരു പുണ്യ വാളനായി തീരുവാൻവേണ്ടി വന്ന്, അതെ, വലിയ പുണ്യവാളനായി പിന്നെ അത് അല്പം സമയം കഴിഞ്ഞിട്ടു വലിയ പുണ്യവാളനായി തീരുവാൻ വേണ്ടി വന്നിരിക്കുന്നു എന്ന് പരസ്യമായി പറഞ്ഞു. അപ്രകാരം സംഭവിച്ചു. അദ്ദേഹം അസാധാരണ കാര്യങ്ങൾ പ്രവൃ ത്തിച്ചിട്ടില്ല. എന്നാൽ, ഏറ്റവും സാധാരണ ചുമതലകളും പ്രവൃത്തികളും അദ്ദേഹം സാധാ രണയല്ലാത്ത സ്നേഹത്തോടും കൃത്യതയോടും കൂടെ കഴിച്ചിട്ടുണ്ട്. ആ പുണ്യവന്റെ പേര് വി. ജോൺ എന്നാണ്. അപ്രകാരം എല്ലാവർക്കും സംസാരിക്കാം. അപ്രകാരം എല്ലാ സന്യാസികളും കന്യാസ്ത്രികളും സംസാരിക്കണം. പരിപൂർണ്ണത, പരിശുദ്ധത – ദൈവ ത്തിന്റെ പരിപൂർണ്ണമായ സ്നേഹത്തിൽ അടങ്ങിയിരിക്കുന്നൊള്ളു. ആകയാൽ, ഞാൻ ദൈവത്തെ എന്റെ മുഴുഹൃദയത്തോടെ സ്നേഹിപ്പാൻ വന്നിരിക്കുന്നു എന്ന് ഒരാൾ പറ ഞ്ഞാൽ, അല്ലെങ്കിൽ, ഞാൻ ഒരു പുണ്യവാൻ, ഒരു പുണ്യവതിയായി തീരുവാൻ ആഗ്ര ഹിക്കുന്നു എന്ന് പറഞ്ഞാൽ ഈ രണ്ടു കാര്യങ്ങൾ ഒന്നു തന്നെയാണ്.

കൂടാതെയും, നവകന്യാസ്ത്രികളുടെ എഴുത്തുകൾ വായ്ക്കുന്നുവെങ്കിൽ, അവരോ ടുകൂടെ സംസാരിക്കുന്നുവെങ്കിൽ അവർ എല്ലായ്പോഴും ആ വിഷയത്തെപ്പറ്റി വല്ലതും പറയും. അതായത്, മേല്ക്കുമേല്ഢ ദൈവത്തെ സ്നേഹിക്കയും സേവിക്കയും ചെയ്യു ന്നത് എന്നതാണ് അവരുടെ ഏറ്റവും വലിയ ആഗ്രഹം (അതികാംക്ഷ) വിശേഷിച്ചും അത് നല്ലതാണ്. പരിപൂർണ്ണതയിൽ ചെന്നെത്താനായി ശ്രമിക്കുന്നത്. എല്ലാ സന്യാസിക ളുടെയും, കന്യാസ്ത്രികളുടെയും ചുമതല ആണ്. എന്നാൽ, യഥാർത്ഥ പുണ്യവാളന്മാർ ആയിതീരുന്ന കന്യാസ്ത്രികൾ വളരെ കുറച്ചുപേരേയുള്ളു. പ്രയാസം ആണ് സത്യം. എന്നാൽ ദൈവവരപ്രസാദത്തോടും നമ്മുടെ സ്വന്ത നല്ല മനസ്സോടുംകൂടെ നമുക്കു സാധി ക്കുന്നു. യഥാർത്ഥ പുണ്യപൂർണ്ണതയ്ക്ക് വിരോധമായ തടസ്സം മുഖ്യമായിട്ട് 'ന്': സ്വസ്നേഹം ആണ്. നാം നമ്മെത്തന്നെ വളരെ കൂടുതൽ സ്നേഹിക്കുന്നുണ്ട് അഥവാ നാം ദൈവത്തിന്റെ തിരുമനസ്സിനു പകരം 'ന്': സ്വന്തം മനസ്സിനെ ഇഷ്ടപ്പെടുകയും കഴി ക്കയും ചെയ്യുന്നു. അതു നിമിത്തം ആണ് ഞാൻ ആദ്യം പറഞ്ഞത്. ഈ ധ്യാന ദിവസങ്ങ ളിൽ നിങ്ങൾ സകല സൃഷ്ടികളെയും വിട്ടു ഉപേക്ഷിക്കയും മുഖ്യമായിട്ടോ എന്നാൽ, നിങ്ങളുടെ സ്വന്ത അഭിപ്രായവും 'ന്': സ്വന്ത മനസ്സും പരിത്യജിക്കയും ചെയ്യേണ്ടത്, അപ്രകാരം നിങ്ങൾ ദൈവത്തെയും ദൈവത്തിന്റെ തിരുമനസ്സിനെയും മാത്രം അന്വേഷി യ്ക്കും.

എന്നു വരികിലും, പുണ്യപൂർണ്ണമായ ജീവിതം കഴിക്കുന്നത് എത്ര പ്രയാസമായിരു ന്നാലും, അത് നമുക്ക് കഴിക്കാൻ നമുക്ക് അറിയാം. അതിന്റെ കാരണം ഇതാണ്. ദൈവം നമ്മെ അറുതിയില്ലാത്ത വിധത്തിൽ സ്നേഹിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ, അവി ടുന്നു നമ്മെ സഹായിപ്പാൻ എല്ലായ്പോഴും തയ്യാറാകുന്നു. പിന്നെ ദൈവം സർവ്വശക്ത നാകകൊണ്ട് നമ്മെ സഹായിപ്പാനായി അവിടുത്തേയ്ക്കു കഴിയും. ഒടുക്കം ദൈവം സർവ്വ ജ്ഞൻ ആണ്. അതായത് അവിടുന്ന് എല്ലാം പരിപൂർണ്ണമായിട്ട് അറിയുന്നു. എന്നിരി ക്കെ, നമ്മെ രക്ഷിപ്പാനും, നമ്മെ പുണ്യവാളന്മാരാക്കിത്തീർക്കാനുമായി അവിടുന്ന് ആവ ശ്യവും പ്രയോജനകരവുമായ പോംവഴികൾ അറിയുന്നു – ആകയാൽ ദൈവം നമ്മെ നിശ്ചയമായിട്ട് ഏറ്റവും ഉയർന്ന പരിപൂർണ്ണതയിൽ ചെന്നെത്തിക്കാൻ വേണ്ടി ഇടവിടാ തെയും കണക്കില്ലാത്ത പോംവഴികൾമൂലം നമ്മെ ഇടവിടാതെ സഹായിക്കയും ചെയ്യു ന്നു. എന്നാൽ, നാമും വല്ലതും ചെയ്യണം. നാം ദൈവത്തിന്റെ പ്രവൃത്തികളോടും പ്രയ

ത്നങ്ങളോടും കൂടി സഹകരിക്കണം. നിർഭാഗ്യവശാൽ, എന്താണ് സംഭവിക്കുന്നത് പലർക്കും ആദ്യംതന്നെ അത്ര എരിവായ ഉത്സാഹം ഉണ്ടായിരുന്നുവെങ്കിലും അവർ അല്പാല്പമായി ആ ഉത്സാഹം നഷ്ടപ്പെടുത്തി. ആദ്യം അവർ ഏറ്റവും ചെറിയ കാര്യങ്ങളിൽ അവിശ്വസ്തരായി തീർന്നു, പിന്നെ മേല്ക്കുമേൽ അവർ അധികം വലിയ ചുമതലകളെ ശ്രദ്ധവയ്ക്കാതിരിക്കുന്നു. ഒടുക്കം അവർ സന്യാസികളുടെ ഉടുപ്പു ധരിക്കുന്നുവെങ്കിലും അവർക്ക് സന്യാസികളുടെ അരൂപിയോ, പെരുമാറ്റമോ ഇല്ല. അവർ യഥാർത്ഥത്തിൽ സന്യാസികളോ കന്യാസ്ത്രികളോ അല്ല...... എന്നു മാത്രമല്ല, വിശേഷിച്ചു അപ്രകാരം അവരുടെ സൗഭാഗ്യം കൂടെ നശിച്ചുപോകുകയും ചെയ്തു. എ. പ്ര. സ. ഈ നിർഭാഗ്യസ്ഥിതി തന്റെ പരിപൂർണ്ണതയിൽ അത്രത്തോളം സംഭവിക്കുന്നില്ല. എന്നുവരികിലും അത് സംഭവിക്കാം അതായത് സംഭവിക്കുന്നു. എന്നാൽ, നാം എല്ലാവരും 'ന്': പിഴ അടിക്കണം. എന്തുകൊണ്ടെന്നാൽ, നാം ഇതുവരെ ദൈവത്തെ നമ്മാൽ കഴിയുന്നത്ര എരിവോടെ സ്നേഹിക്കയും, സേവിക്കയും ചെയ്തിട്ടില്ല. എങ്കിലും നമക്ക് ഒഴികഴിവു ഒട്ടുമില്ല, പുണ്യവാളന്മാർക്കും ഏറ്റവും ദുഷ്ടരായ പാപികൾക്കും അതേ സ്വഭാവവും തന്നെ ദൈവമാതാവല്ലാതെ മനുഷ്യർക്കെല്ലാവർക്കും അതേ സ്വഭാവം ഉണ്ട്. പുണ്യവാളന്മാർ നമ്മെപ്പോലെ ബലഹീനർ ആണ്. അവരുടെ ചാച്ചിൽ നമ്മെപ്പോലെ ബലഹീനർ ആണ്. അവരുടെ ചാച്ചിൽ നമ്മുടേതുപോലെ തിന്മയിലേയ്ക്കു ചാഞ്ഞിരിക്കുന്നു, നമുക്കുള്ളതിനേക്കാൾ അവർക്ക് വളരെ അധികം കഠിനമായ പരീക്ഷകൾ, ഭയങ്കരമായ അപകടങ്ങൾ, ഉപദ്രവങ്ങൾ ഉണ്ടായിരുന്നു, എന്നാൽ അവർ പ്രാർത്ഥിച്ചു. അവർ ദൈവത്തിൽ ആശ്രയിച്ചു. അവർ തങ്ങളാൽ കഴിയുന്നത്ര പരിപൂർണ്ണമായി സകല കാര്യങ്ങളെ നിവർത്തിക്കാൻ ശ്രമിച്ചു. അപ്പോൾ ദൈവവരപ്രസാദം അവർക്കു ഉണ്ടായി. ആ വരപ്രസാദം അവരെ ശക്തിപ്പെടുത്തി അവരും തെറ്റിപ്പോയി. എന്നാൽ, ഓരോ തെറ്റിൽ വീണുപോയശേഷം അവർ അധികം എളിമയോടും ദൈവത്തിലുള്ള അധികം ശരണത്തോടുംകൂടെ വീണ്ടും, വീണ്ടും തുടങ്ങിയിട്ടുണ്ട്. അപ്രകാരം അവർ അല്മാല്പമായി വലിയ പുണ്യവാളന്മാർ ആയിത്തീർന്നു. അപ്രകാരം, അവർ കുറേശ്ശേക്കുറേശ്ശേ ഏറ്റവും ഉയർന്ന പരിപൂർണ്ണതയിൽ ചെന്നെത്തുകയും ചെയ്തിട്ടുണ്ട്. അതും നമുക്കെല്ലാവർക്കും കഴിയും. നിശ്ചയമായിട്ടും പുണ്യവാളന്മാർ വച്ച് ചിലർ എല്ലായ്പോഴും നിർദ്ദോഷികൾ ആയിരുന്നു. എന്നാൽ, ചിലർ ആദ്യം ഏറ്റവും ദുഷ്ടരായി ദോഷക്കാരായിരുന്നു. അവർ സകലതരം അക്രമങ്ങളെയും, കഠിനമായ ചാവുദോഷങ്ങളെയും, പിഴച്ചിട്ടുണ്ട് എന്നു വരികിലും ദൈവവരപ്രസാദത്താലും തങ്ങളുടെ സ്വന്ത നല്ല മനസ്സോടുകൂടിയും അവർ മനസ്സു തിരിഞ്ഞ് അല്പാല്പമായി ദൈവസ്നേഹത്തിൽ അഭിവൃദ്ധി ചെയ്ത് ഒടുക്കം ഏറ്റവും വലിയ പുണ്യവാളന്മാരായിതീർന്നു. അപ്രകാരമുള്ളവർ വി. അഗസ്റ്റ്യൻ, വി. മറിയമഗ്ദലേന, വി. ജോൺ, വി. കമ്മിലൂസ്, മറ്റും. ധാരാളംപേർ അതു നിമിത്തം ആണ്. വി. അഗസ്റ്റിൻ പറഞ്ഞത് പോലെ നിങ്ങളും ഇപ്പോൾ പറയേണ്ടത്. ഇവർക്കും അവർക്കും ഈ പുരുഷന്മാർക്കും സ്ത്രീകൾക്കും ചെയ്യാവുന്നത് എന്തു കാരണത്താൽ ആണ് എനിക്ക് അത് നിവർത്തിക്കാൻ സാധിക്കാത്തത്? നല്ല മനസ്സുണ്ടെങ്കിൽ വഴിയും ഉണ്ട്.

ഒടുക്കം, ഈ ധ്യാനദിവസങ്ങളിൽ അധികം പ്രാർത്ഥിക്കേണ്ടതാണ്. പുണ്യവാളന്മാരുടെ സഹായം അപേക്ഷിക്ക, അവർ ദൈവത്തിന്റെ പക്കൽ എത്രയും ശക്തിയുള്ള മദ്ധ്യസ്ഥന്മാർ ആകുന്നു. അവർ നമ്മെ വളരെ സ്നേഹിക്കുന്നു, നമ്മെ സഹായിപ്പാനായി എല്ലായ്പോഴും തയ്യാറായിരിക്കയും ചെയ്യുന്നു. അവരുടെ മാതൃക അനുകരിക്കാൻവേണ്ടി ആവശ്യമായ വെളിച്ചവും ശക്തിയും അപേക്ഷിക്കുക. അപ്രകാരം നിങ്ങളുടെ ദൈവത്തിൽ ആശ്രയിച്ചും, ദൈവത്തോടും പുണ്യവാളന്മാരോടും പ്രാർത്ഥിച്ച്, നിങ്ങളുടെ സ്വന്തം നല്ല മനസ്സിന്റെ പ്രയത്നങ്ങൾ വഴിയായി ദൈവവരപ്രസാദത്തോടുകൂടി സഹകരിച്ചുംകൊണ്ട് വി. ബർണാർഡിൽ പണ്ടുപറഞ്ഞതുപോലെ നിങ്ങളും പറയണം. ഞാൻ മഠ

ത്തിൽ വന്നിരിക്കുന്നതിന്റെ ഉദ്ദേശ്യം ഇതാണ്: *ഞാൻ ഒരു പുണ്യവതിയായി തീരണം. ഞാൻ ഒരു വലിയ പുണ്യവതിയായി തീരണം. ഞാൻ ഒരു വലിയ പുണ്യവതിയായി വളരെ അല്പമായ സമയത്തിനകം തീരണം. പിന്നെ ഇന്നു തന്നെ ഞാൻ തുടങ്ങുന്നു. ആമ്മേൻ*

ലേഖകൻ:

[ബഹുമാനപ്പെട്ട അദെയോദാത്തൂസച്ചൻ ധ്യാനത്തെക്കുറിച്ച് മലയാളത്തിൽ എഴുതിയ ലേഖനം].

*അങ്ങയുടെ തിരുവിഷ്ടംപോലെ എന്നിൽ സംഭവിക്കട്ടെ*

(വി. ലൂക്കാ 1:38)

*സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ*
*നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ*

(വി. മത്താ. 5:48)

*എന്നിരിക്കിലും ഞാൻ ജീവിക്കുന്നു; എന്നാൽ ഞാനല്ല.*
*ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്.*

(ഗലാ. 2:20)

*നിന്റെ ദൈവമായ കർത്താവായ ദൈവത്തെ പൂർണ്ണഹൃദയത്തോടും*
*പൂർണ്ണ ആത്മാവോടും, പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കുക.*

(നിയമാ. 6:5)

ഭൂമി മുഴുവനും ദൈവത്തിന്റെ നന്മകൊണ്ടു നിറഞ്ഞിരിക്കുന്നു.

(സങ്കീർത്തനം 33:5)

*ആത്മനാദാരിദ്ര്യമുള്ളവർ ഭാഗ്യവാന്മാർ;*
*എന്തുകൊണ്ടെന്നാൽ, ദൈവരാജ്യം അവരുടേതത്രേ.*

(മത്താ. 5:8)

*നാമിപ്പോൾ സഹിക്കുന്നുവെങ്കിൽ, അവനോടുകൂടി നമുക്ക് ഭരിക്കാം.*

(2 തിമോ. 2:21)

*കണ്ടാലും, ഞാൻ ലോകത്തിന്റെ അവസാനം വരെ നിങ്ങളോടുകൂടി ഉണ്ടായിരിക്കും.*

(മത്താ. 28:20)

*എപ്പോഴും നിങ്ങൾ ദൈവത്തിൽ ആനന്ദിക്കുക,*
*ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ.*

(ഫിലി. 4:4)

*എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ നല്കുന്നു.*

(യോഹ. 14:27)

## വിശുദ്ധ കൊച്ചുത്രേസ്യാ ദൈവാലയം
## തൂങ്ങാംപാറ

**രൂപരേഖ:**

കേരള സംസ്ഥാനത്തിൽ തിരുവനന്തപുരം ലത്തീൻ രൂപതയുടെ അധികാര പരിധിയിൽ കട്ടയ്ക്കോട് ഫൊറോനായിലെ ഒരു മിഷൻ കേന്ദ്രമാണ് തൂങ്ങാംപാറ.

**ചരിത്രം:**

തിരുവനന്തപുരത്തുനിന്നും തൂങ്ങാംപാറയ്ക്കു 21 കിലോമീറ്ററും, നെയ്യാറ്റിൻകരയിൽ നിന്നും തൂങ്ങാംപാറയ്ക്കു 12.9 കിലോമിറ്ററും, കാട്ടാക്കട നിന്നും 2.7 കിലോമീറ്ററും മദ്ധ്യേ സ്ഥിതിചെയ്യുന്ന ഒരു ഉൾനാടൻ പ്രദേശമാണ്. നാനാജാതി മതസ്ഥർ ഇടതിങ്ങി പാർക്കുന്നു. ആദ്യം ഒരു ഓലപ്പുരയിൽ ആയിരുന്നു ആരാധനയും തിരുക്കർമ്മങ്ങളും നടത്തിയിരുന്നത്. 1923-ൽ റവ. ഫാദർ ഇൻഡാഫോൺസ് O.C.D. നെയ്യാറ്റിൻകര താലൂക്കിൽ മിഷൻ പ്രവർത്തനമാരംഭിച്ചു. അദ്ദേഹം 1923-ൽ ഓലപ്പുരയിൽ നിന്നും ഇപ്പോൾ നിലനില്ക്കുന്ന ദൈവാലയത്തിന്റെ പണികൾ ആരംഭിച്ചു. 1924 മേയ് 12-ാം തിയതി നമ്മുടെ ദൈവാലയത്തെ കൊല്ലം ആർച്ചു ബിഷപ്പ് ബെൻസിഗർ തിരുമേനി ആശീർവ്വദിച്ചു. ഈ കാലയളവിൽ 500 അംഗങ്ങൾ ജ്ഞാനസ്നാനം സ്വീകരിച്ചു. ഇടവക അംഗങ്ങളായി, ഈ അവസരം തിരുസഭയെ നയിച്ചിരുന്നത്. 11-ാം പീയൂസ് മാർപ്പാപ്പയും രൂപതയെ നയിച്ചിരുന്നത് ആർച്ചുബിഷപ്പ് ബെൻസിഗർ തിരുമേനിയുമായിരുന്നു. 1925 ജൂണിൽ അദ്ദേഹം സ്വദേശമായ ബെൽജിയത്തു പോകുകയും, 1926 ജൂലൈയിൽ തിരിച്ചു വരുകയും ചെയ്തു. അദ്ദേഹം മുതിയാവിള കേന്ദ്രമാക്കി പ്രവർത്തിച്ചു. അദ്ദേഹത്തോടൊപ്പം പല വിദേശ മിഷനറിമാർ ഉണ്ടായിരുന്നു. എന്നാൽ, റവ. ഫാദർ ജറാർഡ് O.C.D. നമ്മുടെ ദേവാലയത്തിൽ സ്ഥിരമായി താമസിച്ചുകൊണ്ട് പ്രവർത്തിച്ചിരുന്നു. അതിനുശേഷം റവ. ഫാദർ ഡോമിനിക് O.C.D. സേവനം അനുഷ്ഠിച്ചു. അന്നു ഇടവകയ്ക്ക് ഒരു ഏക്കർ വസ്തുവും, ഒരു ചന്തയും, 2-ാം സ്റ്റാൻന്റേഡ് വരെയുള്ള സ്കൂളുമുണ്ടായിരുന്നു. കാലം ചെയ്ത റൈറ്റ് റവ. ഡോ. വിൻസെന്റ് വി. ഡെരേരാ O.C.D. തിരുമേനിയുടെ കാലത്ത് ബഹുമാനപ്പെട്ട അദെയോദാത്തൂസച്ചൻ 1947-ൽ മുതിയാവിളയിൽ ചാർജ്ജ് എടുത്തു.

ബഹുമാനപ്പെട്ട ഫാദർ അദെയോദാത്തൂസ് O.C.D. 1896 ജനുവരി 27-ാം തിയതി കെൽഡ്രിച്ച് എന്ന ഗ്രാമത്തിൽ ഭൂജാതനായി. പിതാവിന്റെ പേര് യോഹന്നാനും, മാതാവിന്റെ പേര് ലുദ്‌വിക് ഒഗാനയും ആയിരുന്നു. ചെറുപ്പത്തിൽ പട്ടാളത്തിൽ സേവനം അനുഷ്ഠിച്ചിരുന്നു. 1919-ൽ വിരമിച്ചു. (23-ാമത്തെ വയസ്സിൽ) 1923 ഒക്ടോബർ 10-ാം തിയതി വ്രതവാഗ്ദാനം ചെയ്തു. 1927 ജൂലൈ 31-ാം തിയതി വൈദീകാഭിഷിക്തനായിത്തീർന്നു.

1927 സെപ്തംബർ 27-ാം തിയതി ഒരു മിഷനറിയായി ഇന്ത്യയിലേയ്ക്ക് യാത്രതിരിച്ചു. കരയും, കടലും താണ്ടി തിരുവനന്തപുരത്തെ പാങ്ങോട് ആശ്രമത്തിൽ എത്തിച്ചേർന്നു. അദ്ദേഹം ലത്തീൻ, ഗ്രീക്കു ഭാഷയും ഫിലോസഫി, തിയോളജി മുതലായ വിഷയങ്ങൾ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുകയും; 1931 മുതൽ 1934 വരെ കുഷ്ഠരോഗികളുടെ ആത്മീകപരിപാലനായും; അതേ അവസരത്തിൽ തന്നെ (1931 മുതൽ 1934 വരെ) തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാരുടെ ആദ്ധ്യാത്മിക പാലകനായും; 1947 മുതൽ മുതിയാവിള കേന്ദ്രമാക്കി മിഷൻ പ്രവർത്തനത്തിനു വരുകയും ചെയ്തു. എന്നാൽ, അദ്ദേഹത്തെ 1954 മുതൽ മലബാർ സെമി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലിലെ ഒരംഗമായി തിരഞ്ഞെടുക്കുകയും ചെയ്തു. (വിസ്താരഭയം നിമിത്തവും ആവർത്തന വിരസത ഒഴിവാക്കാനും ബോധപൂർവ്വം വസ്തുതകൾ ക്രമപ്പെടുത്തുന്നു). ചുരുങ്ങിയ

കാലം കൊണ്ട് ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമയായ വല്യച്ചൻ അൾത്താരയിൽനിന്നു നേടിയെടുത്ത ചൈതന്യവും ശക്തിയും ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളിലേയ്ക്കു തിരിച്ചുവിട്ടു. ആവശ്യത്തിലിരിക്കുന്നവരെ അച്ചൻ വഴിയിൽവച്ചു കണ്ടുമുട്ടൻ ഈ കാഴ്ച പ്പാട് ഇടയാക്കി. മരത്തിന്റെയും, മൃഗത്തിന്റെയും ഇടയിൽനിന്നും മനുഷ്യനെ വേർതിരി ച്ചെടുക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇന്നു കാണുന്ന വസ്തുക്കൾ വിലയ്ക്കു വാങ്ങി. സ്കൂളിനെ വിപുലമാക്കി V സ്റ്റാൻന്റേർഡ് വരെ ഉയർത്തി ജ്ഞാനത്തിലും പ്രായത്തിലും, ദൈവത്തിനും, മനുഷ്യനും, സമൂഹത്തിൽ വളരാനും, വളർത്താനുമുള്ള വല്യച്ചന്റെ ദീർഘ വീക്ഷണമുള്ള പ്രവർത്തനങ്ങൾ ഉപകരിച്ചു എന്നു നന്ദിയോടെ ഈ സമൂഹം അനുസ്മ രിക്കുന്നു.

ചരിത്ര പ്രസിദ്ധമായ 38-ാമത് അഖില ലോക ദിവ്യകാരുണ്യ കോൺഗ്രസ്സിനോട് അനുബന്ധിച്ച് 02.12.1964-ൽ ഗുരുപ്പട്ടം സ്വീകരിച്ച ഫാദർ ഡി. ഫ്രാൻസിസ് വല്യച്ചന്റെ പ്രേഷിത ജീവിതത്തിന്റെ വലിയൊരു സംഭാവനയാണ്.

**ഉണ്ണി ഈശോയുടെ വിശുദ്ധ കൊച്ചുത്രേസ്യാ ഞങ്ങളുടെ ഇടവക മദ്ധ്യസ്ഥ:**

1923 ഏപ്രിൽ 23-ാം തിയതി ബഹുമാനപ്പെട്ട റവ. ഫാദർ ഇൻഡാഫോൺസ് O.C.D. യുടെ കാലത്ത് 11-ാം പീയൂസ് മാർപ്പാപ്പാ വിശുദ്ധ കൊച്ചുത്രേസ്യായെ '*വാഴ്ത്തപ്പെട്ട വൾ*' എന്നു നാമകരണം ചെയ്തു. ബഹു. റവ. ഫാദർ ഇൽഡാഫോൺസ് O.C.D. രൂപത യുടെ പിതാവായ ആർച്ച് ബിഷപ്പ് ബെൻസിഗർ തിരുമേനിയിൽനിന്നും പ്രത്യേക അനു വാദം വാങ്ങിയിരുന്നു. അങ്ങനെ ലോകത്തിൽ ആദ്യത്തെ കൊച്ചുത്രേസ്യായുടെ ദൈവാ ലയം എന്ന ബഹുമതി ഞങ്ങളുടെ ഇടവകയ്ക്ക് കൈവന്നു.

1924 May 12th: The blessing of a new church for neophytes in Thungambharam - in honour of Our Blessed Sister Therese of the Infant Jesus. This is, perhaps, the very First church which has ever been dedicated to her.

The Pope granted this wish. Bishop Benziger then added, "*The First church in the world was dedicated to the Little Fower in my Diocese and ever since then I have had ten thousand converiosns a year*". ഞങ്ങളുടെ ഇടവക മദ്ധ്യസ്ഥതയിലൂടെ കൈവന്ന ഈശ്വരകൃപയ്ക്കും, അനുഗ്ര ഹത്തിനും, ദൈവത്തിന് നന്ദി പറയട്ടെ! ഉണ്ണി ഈശോയുടെ കൈയിലെ കളിപന്ത് ആകാൻ ധ്യാനോപാസനയിലൂടെ, കൊച്ചുകൊച്ചു പുണ്യപ്രവർത്തികളിലൂടെ, എരിവുള്ള ദൈവമ നുഷ്യസ്നേഹത്തിലൂടെ, ലാളിത്യമാർന്ന പ്രാർത്ഥനയിലൂടെ വിശുദ്ധി കൈമുതലാക്കിയ ആ പുണ്യവതിയുടെ ജീവിതസമർപ്പണത്തിന് മുമ്പിൽ ഞങ്ങൾ നന്ദിയുള്ളവരാണ്.

ബഹുമാനപ്പെട്ട അദെയോദാത്തൂസച്ചന്റെ കാലത്ത് അദ്ദേഹത്തിന്റെ അസിസ്റ്റന്റ് വികാരിമാരായി സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ഫാദർ എസ്. തോമസ് (ഇപ്പോഴത്തെ വികാരി ജനറാൾ), ബഹുമാനപ്പെട്ട ഫാദർ മാർട്ടിൻ (രൂപതാ പ്രൊക്യുറേറ്റർ), പരേതനാ യ ബഹുമാനപ്പെട്ട ഫാദർ സി. മൈക്കിൾ, ബഹുമാനപ്പെട്ട ഫാദർ ജി. സ്റ്റീഫൻ (അഞ്ചു തെങ്ങു ഫെറോനാ വികാരി), ബഹുമാനപ്പെട്ട ഫാദർ റ്റി. ജെയിംസ് (അരുവിക്കര ഇടവക വികാരി) ഇവരിലൂടെ ഞങ്ങൾക്കു ലഭ്യമായ വിശ്വാസവും, വളർച്ചയും നന്ദിയോടെ ഞങ്ങൾ അനുസ്മരിക്കുന്നു.

**സ്വതന്ത്ര ഇടവക:**

30.10.1970-ൽ കാലം ചെയ്ത റൈറ്റ് റവ. ഡോ. പീറ്റർ ബർണ്ണാർഡ് പെരേരാ തിരു മേനി, വർദ്ധിച്ചു വരുന്ന വിശ്വാസികളെയും, വികസന സാദ്ധ്യതകളെയും മുന്നിൽ കണ്ടു കൊണ്ട് കാര്യക്ഷമമായ ഒരു സമൂഹനിർമ്മിതിക്ക് ഉപകരിക്കുവാൻ റവ. ഫാദർ ജോൺ ഡി. ബോസ്കോയെ തന്നുകൊണ്ട് ഒരു സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ചു. തൂങ്ങാം

പാറ ഇടവകയെ സംബന്ധിച്ചിടത്തോളം അത് ഒരു ഉന്നത മുഹൂർത്തമായിരുന്നു. മതാത്മക ജീവിതത്തോടൊപ്പം ഊടും പാവും പോലെ സുകുമാരകലകൾക്ക് തഴച്ചുവളരുവാൻ പുതിയ മേച്ചിൽപ്പുറങ്ങൾ വെട്ടിത്തെളിച്ചു. അത് ഈ സമൂഹം നന്ദിയോടെ ഓർക്കുന്നു. ഈ കാലഘട്ടത്തിൽ ചെമ്പനാംകോട്, മാതൃദൈവാലയമായ മുതിയാവിളയിൽ നിന്നും തൂങ്ങാംപാറയ്ക്കു വിട്ടുപോന്നു. ഇപ്പോൾ ബഹുമാനപ്പെട്ട ഫാദർ ജോൺ ഡി ബോസ്കോ വലിയതുറ ഫെറോനാ വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

18.10.1971 മുതൽ 16.09.193 വരെ പരേതനും സാഹിത്യകാരനുമായ ബഹുമാനപ്പെട്ട റവ. ഫാദർ P. X. പുല്ലുവിള അനുഷ്ഠിച്ചു. ഇദ്ദേഹത്തിന്റെ കാലത്താണ് അൾത്താരയിൽ ഇന്നും കാണുന്ന ക്രൂശിതരൂപം സ്ഥാപിച്ചത്. ആദ്ധ്യാത്മികതയിലും സാഹിത്യത്തിലും ഒരു ഉയർന്ന സഹൃദയനായിരുന്നു അദ്ദേഹം.

16.09.1973 മുതൽ 03.06.1978 വരെ പരേതനായ ബഹുമാനപ്പെട്ട മോൺസിഞ്ഞോർ ഗബ്രിയേൽ ഡിക്രൂസ് ഞങ്ങളുടെ ഇടക വികാരിയായി ചാർജ് എടുത്തു. പ്രായംകൊണ്ടും ജീവിതാനുഭവം കൊണ്ടും ഒരു വന്ദ്യവൈദികന്റെ തലത്തിലുള്ള സേവനം ഞങ്ങൾക്ക് ലഭിച്ചു. 1974 ഒക്ടോബർ ഒന്നാം തിയതി തൂങ്ങാംപാറ ഇടവക ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം പിടിച്ച ദിവസമായിരുന്നു ഞങ്ങളുടെ ഇടവക മദ്ധ്യസ്ഥനാമകരണം ചെയ്യപ്പെട്ടതിന്റെ 50 വർഷം തികഞ്ഞ ജൂബിലി വർഷമായി ആഘോഷിച്ചു. സ്വദേശത്തു നിന്നും വിദേശത്തുനിന്നും അനേകായിരം തീർത്ഥാടകർ ഇതിൽ പങ്കുചേർന്നു. അതേ കാലഘട്ടത്തിൽതന്നെ ഓലപുരയായ കൊറ്റംപള്ളി ദൈവാലയം ബഹുമാനപ്പെട്ട ഫാദർ റ്റി. ജയിംസിന്റെ നേതൃത്വത്തിൽ ഇന്നു കാണുന്ന പള്ളി പണിതു ഉയർത്തി 25.09.1977-ൽ പള്ളിയുടെ ആശീർവ്വാദർമ്മം തിരുവനന്തപുരം ബിഷപ്പ് റൈറ്റ് റവ. ഡോ. പീറ്റർ ബെർണാർഡ് പെരേരാ തിരുമേനി നിർവ്വഹിച്ചു. അവിടെ മതബോധനവുംസ നേഴ്സറിസ്കൂൾ എന്നിവ സജീവമായി നടന്നുവരുന്നു. കത്തോലിക്കാ യുവജനപ്രസ്ഥാനം, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും, ലീജിയൻ ഓഫ് മേരി എന്നിവ വിശ്വാസത്തിന്റെ വളർച്ചയ്ക്കുവേണ്ടി അച്ചൻ ഇവിടെയും സ്ഥാപിച്ചു.

ബഹുമാനപ്പെട്ട റൈറ്റ് റവ. ഡോ. ജേക്കബ് അച്ചാരുപറമ്പിൽ തിരുമേനി തിരുവനന്തപുരം രൂപതയുടെ മെത്രാനായി. അദ്ദേഹത്തിന്റെ കാലത്താണ് ബഹു. ഫാദർ സേവ്യർ ചിന്നപ്പൻ 10.03.1979 മുതൽ ഞങ്ങളുടെ വികാരിയായി നിയമിച്ചു. മുൻവികാരിമാരിൽ നിന്ന് വ്യത്യസ്തമായ പ്രവർത്തനശൈലി അദ്ദേഹത്തിനു കൈമുതലായിരുന്നു. മുന്തിരിച്ചെടിയെ വെട്ടിയൊരുക്കുന്ന കർഷകന്റെ ജാഗ്രത പാലിക്കുന്നതോടൊപ്പം മണ്ണിൽ നിന്നും പൊന്നു വിളയിക്കാമെന്ന് അദ്ദേഹം തെളിയിച്ചു. ഓലമേഞ്ഞിരുന്ന സ്കൂൾകെട്ടിടം ഓട് ഇട്ടതും, വികസന സാദ്ധ്യതകൾ ഉള്ള നേഴ്സറി സ്കൂൾ, പുഷ്പഗിരി വനിതാസമാജം, ടെയിലറിംഗ് സ്കൂൾ, ഫാദർ അദെയോദാത്തൂസ് മെമ്മോറിയൽ സോഷ്യൽ വെൽഫെയർ സെന്റർ എന്നിവയ്ക്കു ജന്മം കൊടുത്തു.

ചില സാങ്കേതിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഇടവകയ്ക്കു ഉണ്ടായപ്പോൾ ഇടവകയെ ഒരു കുടുംബമായി കാത്തുസൂക്ഷിക്കുവാൻ ബഹുമാനപ്പെട്ട ഫാദർ വിൻസെന്റ് സാമുവേൽ അച്ചനും അത്താണിയായി ഓടിയെത്തിയത് ഞങ്ങൾ നന്ദിയോടുകൂടി സ്മരിക്കുന്നു.

26.01.1986-ൽ ബഹുമാനപ്പെട്ട ഫാദർ അൽഫോൺസ് ലിഗോരി ചാർജ്ജ് എടുത്തു. രൂപംകൊണ്ടും ഭാവംകൊണ്ടും ജീവിതലാളിത്വംകൊണ്ടും പാവപ്പെട്ട ആളുകളോടൊപ്പം ജീവിച്ച ഒരു വൈദികനായിരുന്നു. അദ്ദേഹം പള്ളിയുടെ അതിർത്തി വിട്ടു ജനപങ്കാളിത്തത്തോടെ സമൂഹത്തിന്റെ വികാരങ്ങളെ ഉൾക്കൊള്ളുവാൻ അദ്ദേഹം പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് തൂങ്ങാംപാറയിൽനിന്നും കൊറ്റംപള്ളിയിലേയ്ക്കു പോകുന്ന റോഡ് ഗതാ

ഗതം യോഗ്യമാക്കുവാൻവേണ്ടി പഴയ കുരിശ്ശടി പൊളിച്ചു റോഡിനാവശ്യമായ സ്ഥലം വിട്ടുകൊടുക്കുകയും, തൂങ്ങാംപാറ ജംഗ്ഷനിലുള്ള തലയെടുപ്പുള്ള മൂന്നു നില കുരിശ്ശടി ഉയർന്നതും, സ്കൂളിലെ 1978–1988–ലെ P.T.A.-യുടെ നിസ്സീമമായ സഹകരണത്തോടുകൂടി സ്കൂൾ കോമ്പൗണ്ട് സുരക്ഷിതമാക്കുവാൻ മതിൽ കെട്ടിയതും അദ്ദേഹത്തിന്റെ കാലത്താണ്. സലേഷ്യൻ സന്യാസ സഭാംഗമായ ബഹുമാനപ്പെട്ട ഫാദർ ജെ. ജെറാർഡ് നെല്ലിയോട്ടുകോണം S.D.B. പ്രഥമദിവ്യപൂജാർപ്പണം 1987 ആഗസ്റ്റ് 2–ാം തിയതി വൈകുന്നേരം 4.30ന് ക്ഷണിക്കപ്പെട്ട അതിഥികളുടെയും അനേകം സന്യാസിനീസന്യാസിമാരുടെയും വൈദികരുടെയും മഹനീയ സാന്നിദ്ധ്യത്തിൽ ആഘോഷിച്ചു.

22.01.1988–ൽ ബഹുമാനപ്പെട്ട ഫാദർ എം. നിക്കോളാസ് ചാർജ്ജ് എടുത്തു. സുവിശേഷ മൂല്യങ്ങൾക്ക് അനുസരണമായ ഒരു ദർശനപാത അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. മതാത്മജീവിതത്തെ ആഴപ്പെടുത്തുവാൻ മതബോധനത്തെ അദ്ദേഹം ശക്തിപ്പെടുത്തി. ആത്മാവിലും, സത്യത്തിലും ദൈവത്തെ ആരാധിക്കുവാൻ ഒരു സമൂഹത്തെ ശാന്തമായി പഠിപ്പിക്കുവാനും പരിശീലിപ്പിക്കുവാനും ശ്രമിച്ചു എന്നത് ഒരു മൈത്രിബോധം ഞങ്ങളിൽ രൂഢമൂലമായപ്പോൾ ആണ്. സംസ്ക്കാരസമ്പന്നമായ ഒരു തലമുറ പിച്ചവച്ചു വളരുവാൻ നേഴ്സറി വിദ്യാഭ്യാസരംഗം അദ്ദേഹം മെച്ചപ്പെടുത്തി. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതം കുട്ടികളിലേയ്ക്ക് പകരുവാൻ Little Way Association എന്ന സംഘടനയിലൂടെ അദ്ദേഹം പരിശ്രമിച്ചു. ബഹുമാനപ്പെട്ട സി. സൂര്യ 1981 ജൂലൈ 17–ാം തിയതി "*Carmelite Sisters of St. Teresa*" എന്ന സന്യാസസഭയിൽ ചേർന്നു. 1984–ൽ സഭാവസ്ത്രം സ്വീകരിച്ചു. 1990 മേയ് 12–ാം തിയതി നിത്യവ്രതവാഗ്ദാനം ചെയ്തു.

01.12.1991 മുതൽ ബഹു. ഫാദർ വിക്ടർ മോളിപ്പുറത്തു ഇടവക വികാരിയായി ചാർജ് എടുത്തു. പ്രായംകൊണ്ടും വേഷംകൊണ്ടും ലാളിത്യംകൊണ്ടും പഴയ തലമുറയിലെ ഒരു വൈദികനെന്നു അവകാശപ്പെടുന്നതോടൊപ്പം പിതൃസഹജമായ സ്നേഹംകൊണ്ടും, മാതാവിനോടും വി. കൊച്ചുത്രേസ്യായോടുമുള്ള അതിരറ്റ ഭക്തി വിശ്വാസംകൊണ്ടും, ഇടവകയാകുന്ന കുടുംബത്തിലെ കാരണവർ സ്ഥാനം അദ്ദേഹം അലങ്കരിക്കുകയാണ്. കൂദാശാ ജീവിതത്തോട് ഇടവകജനങ്ങളെ കോര്ത്തിണക്കുവാൻ ഒറ്റയായും കൂട്ടവുമായുള്ള അദ്ദേഹത്തിന്റെ നിരന്തര പരിശ്രമം കാലഘട്ടത്തിന്റെ അനിവാര്യതയായി ഞങ്ങൾ നോക്കിക്കാണുകയാണ്. നമ്മുടെ രൂപതയുടെ നവീകരണശ്രമങ്ങളിൽ ഈ ഇടവകയെ പങ്കുചേർക്കുവാൻ കുടുംബയൂണിറ്റുകളിലൂടെ വിവിധങ്ങളായ പ്രവർത്തനങ്ങളെ ഏകീകരിച്ചു മുന്നോട്ടു കൊണ്ടുപോകാനുള്ള ശ്രമകരമായ അദ്ധ്വാനത്തിലാണ് അദ്ദേഹം.

ഞങ്ങളുടെ കഴിഞ്ഞകാല വളർച്ചയിൽ ഫെറോനാ വികാരിമാരായി വർത്തിച്ചു വേണ്ട മാർഗ്ഗനിർദ്ദേശം തന്നു ഞങ്ങളെ ഒറ്റക്കെട്ടായി വളർത്താൻ സഹായിച്ച ബഹുമാനപ്പെട്ട മോൺസിഞ്ഞോർ എ. ജോർജ്ജ് (നെയ്യാറ്റിൻകര ഫെറോനാ വികാരി) ബഹുമാനപ്പെട്ട എ. ജെയിംസ് (രൂപതയുടെ നിയമപാലകരുടെ ഇടയിൽ തലയെടുപ്പുള്ള ഒരു വക്കീലും, അഗാധ പാണ്ഡിത്യമുള്ള വ്യക്തിയും, വിദ്യാഭ്യാസത്തെ ജീവിതവ്രതമാക്കി മാറ്റിയ ഒരു ഗുരുവും, പറണ്ടോട് ഇടവക വികാരിയുമാണ്) ഇപ്പോഴ്തെ ഫെറോനാ വികാരി ബഹുമാനപ്പെട്ട പി. ഇഗ്നേഷ്യസ്, ഫെറോനാ തലത്തിൽ വൈദികരെയും, ആത്മായരെയും സംഘാതമായ ഒരു വളർച്ചയ്ക്കു തയ്യാറെടുക്കുവാൻ ഉൾക്കാഴ്ചയോടെ പ്രവർത്തിച്ചു വരുകയാണ്.

**ഉപദേശിമാർ:**

മിഷൻ കേന്ദ്രങ്ങളിൽ  സഭാജനങ്ങളെ വിശ്വാസത്തിൽ വളർത്തുവാൻ, വിയർപ്പുകൊണ്ടും, സമർപ്പണംകൊണ്ടും, ജീവിതം ബോധപൂർവ്വം വ്യയം ചെയ്യുന്നവരാണ് ഉപദേശിമാർ. ഗുരുപ്പട്ടം സ്വീകരിക്കപ്പെട്ടിട്ടില്ല എന്ന ഒറ്റക്കാരണം കൊണ്ട് പ്രശസ്തിയും ബഹു

മതിയും ലഭ്യമാകാതെ ചോർന്നൊലിക്കുന്ന വീടുകളുടെ ഗ്രഹനാഥന്മാരായി കഴിഞ്ഞു കൂടുന്നു. ഞങ്ങളുടെ ഇടവകയിൽ സേവനം ചെയ്ത ഉപദേശിമാരെ ഞങ്ങൾ നന്ദിയോടു കൂടെ സ്മരിക്കുന്നു. പരേതനായ ബഹുമാനപ്പെട്ട മുതിയാവിള ലാസർ ഉപദേശി, കട്ടയ്ക്കോട് ചക്രി ഉപദേശി, അയണിവിള വേദമുത്തൻ ഉപദേശി, ചെമ്പകത്തിൻമൂട് യോഹന്നാൻ ഉപദേശി എന്നിവരെയും ദീർഘകാലസേവനത്തിനുശേഷം അസുഖമായി കഴിയുന്ന ബഹുമാനപ്പെട്ട തൂവല്ലൂർക്കോണം പൗലോസ് ഉപദേശി, പ്രവർത്തനത്തിൽ ഞങ്ങലെ സഹായിച്ചിരുന്ന ബഹുമാനപ്പെട്ട പള്ളിവിള അപ്പുക്കുട്ടൻ ഉപദേശി, ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന പുറവിളാകം ഹാരീസ് ഉപദേശി എന്നിവരെ നന്ദിപൂർവ്വം ഞങ്ങൾ സ്മരിക്കുന്നു.

1965–ൽ രണ്ടാം വത്തിക്കാൻ കൗൺസിൽ വരച്ചുകാട്ടിയ ദൈവജനത്തിന്റെ സ്വന്തമായ സഭ – ഈ ഇടവകയ്ക്ക് അടുത്തുനിന്ന് അറിയുവാൻ അവസരം നേടിയിരുന്നു. 199 –ൽ ആദ്യമായി നമ്മുടെ ഇടവകയിൽ പാരീഷ് കൗൺസിൽ രൂപം കൊണ്ടു. കഴിഞ്ഞ കാലങ്ങളിൽ യേശു കേന്ദ്രീകൃതമായ ഒരു സഭയക്ക് അടിത്തറ പണിയുവാൻ അർപ്പണബോധമുള്ള പാരീഷ് കൗൺസിൽ അംഗങ്ങളുടെ സേവനങ്ങൾ ഇത്തരുണത്തിൽ നന്ദിയോടുകൂടി ഓർക്കുന്നു.

കഴിഞ്ഞ തലമുറ കൈമാറിയ വിശ്വാസവും, ജീവിതദർശനവും ഇളംതലമുറയ്ക്ക് മുന്നോട്ടു കുതിക്കുവാൻ ഉള്ള ഉൾക്കരുത്തും ഉൾപ്പുളവുമായി തീരുവാൻ മൺമറഞ്ഞ പഴയ തലമുറയെ നന്ദിയോടുകൂടി ഓർക്കുവാനുള്ള സത്യസന്ധമായ ഒരു അന്വേഷണത്തിന് ഇന്ന് നിലവിലുള്ള പാരീഷ് കൗൺസിൽ അംഗങ്ങളും നാനാതുറയിലുള്ള വ്യക്തികളും ശ്രമിച്ചു കണ്ടതിനും, ഉപദേശിച്ചതിനും, തിരുത്തിയതിനും, സഹായസഹകരണങ്ങൾ നല്കിയതിനും എഡിറ്റോറിയൽ ബോർഡിന്റെ പേരിൽ നന്ദി അർപ്പിച്ചുകൊള്ളട്ടെ!

20.09.1992 വിനയപുരസ്സരം,

തൂങ്ങാംപാറ എഡിറ്റോറിയൽ ബോർഡ്

## നന്ദി മാത്രം!!!

*റവ. ഫാദർ ജെ. ജെറാൾഡ് നെല്ലിക്കോട്ടുകോണം S.D.B.*

തൂങ്ങാംപാറ ഇടവകാംഗമായ റവ. ഫാദർ ജെ. ജെറാൾഡ് നെല്ലിക്കോട്ടുകോണം S.D.B. അവർകൾ പരേതനായ ശ്രീമാൻ ജോസഫിന്റെയും ശ്രീമതി അന്നമ്മയുടെയും മകനായി ജനിച്ചു. ചെറുപ്പത്തിൽത്തന്നെ വല്യച്ചന്റെ വിശ്വസ്തനും, അൾത്താര ശുശ്രൂഷകനും, ദിവ്യപൂജപ്പെട്ടി ചുമന്നു മറ്റു ദൈവാലയങ്ങളിൽ വല്യച്ചനോടുകൂടെ പോകുകയും ചെയ്തിരുന്നു. എളിമയുടെ പുഞ്ചിരിയാൽ, എന്തു ത്യാഗവും സഹിക്കുവാൻ സന്മനസ്സുള്ള അദ്ദേഹത്തിന്റെ ദൈവവിളി മനസ്സിലാക്കിയ വല്യച്ചൻ മദ്രാസിൽ സലേഷ്യൻ സന്യാസ സഭയിൽ ചേർത്തു പഠിപ്പിച്ചു. സെമിനാരിയിൽനിന്നും അവധിക്കു വരുമ്പോൾ വല്യച്ചനോട് ഒന്നിച്ചു താമസിക്കുകയും, മിഷൻ സ്ഥലങ്ങളിൽ പോകുമ്പോൾ കൂടെ കൊണ്ടുപോകുകയും ചെയ്തിരുന്നു. ബ്രദറായി ഡോൺബോസ്കോ യുവജനകേന്ദ്രത്തിന്റെ ചുമതല ഏറ്റെടുത്തു. പുളിയാംതോപ്പ് എന്ന സ്ഥലത്തുള്ള ചേരിപ്രദേശങ്ങളിൽ 25 വർഷത്തോളം നാനാജാതി മതസ്ഥരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു. എന്നാൽ, 1983-ൽ ബ്രദർ റോമിൽ സെന്റ് ബീഡ്സ് (St. Bede's) സെമിനാരിയിൽ വൈദിക പഠനത്തിനായി പോകുകയും, 1987 മേയ് 25-ാം തിയതി മാർപ്പാപ്പയുടെ പ്രതിനിധിയായ കർദ്ദിനാൾ ലൂർദ്ദു സ്വാമി അവർകളുടെ ദിവ്യകരങ്ങളിൽ നിന്ന് ഗുരുപ്പട്ടം സ്വീകരിച്ചു. തുടർന്ന് മദ്രാസിൽ ബാലരാമപുരം എന്ന സ്ഥലത്ത് 100-ൽ പരം കുഷ്ഠരോഗ കുടുംബങ്ങളുള്ള കുടിലുകളിൽ താമസിച്ചിരുന്നു. തന്റെ ജീവിതത്തെ വൈദിക പഠനത്തിന് പ്രോത്സാഹിപ്പിച്ചു സഹായിച്ച അദെയോദാത്തൂസച്ചന്റെ ദൗത്യം നിറവേറ്റുവാൻ നിരന്തരമായി ഈ കോളനി സന്ദർശിച്ചു ക്രിസ്തുവിന്റെ മക്കളായ ഈ സമൂഹത്തിൽ വളർത്തിയെടുക്കുവാൻ Leprosy Rehabilitation Trust രൂപീകരിക്കുകയും ചെയ്തു. അവിടെ പള്ളി, ആശുപത്രി, കോൺവെന്റ്, നേഴ്സറി സ്കൂൾ, തൊഴിൽശാല എന്നിവ സ്ഥാപിച്ചു. അവർക്ക് ആവശ്യമായ വസ്ത്രം, ഭക്ഷണം, മരുന്ന്, വീടുകൾ ഇവ നല്കിയും, ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങൾ ചെയ്തു ജീവിക്കുന്നു. ഈ രോഗത്തെ പൂർണ്ണമായി മാറ്റിയെടുക്കുവാൻ കഠിനമായി പ്രവർത്തിക്കുന്ന ബഹു. റവ. ഫാദർ ജെറാൾഡിനെയും, ആശുപത്രിയിൽ സേവനം അനുഷ്ഠിക്കുന്ന ബഹു. ഡോക്ടർമാർ, ബഹു. സിസ്റ്റേഴ്സ്, ട്രസ്റ്റിന്റെ പ്രവർത്തകർ, രോഗികളായ സഹോദരങ്ങൾ - ഇവരെ നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥരായ വിശുദ്ധ കൊച്ചുത്രേസ്യായും, അദെയോദാത്തൂസച്ചനും കൂടുതൽ അനുഗ്രഹങ്ങൾ സർവ്വശക്തനായ പിതാവിൽ നിന്നും വാങ്ങി നമ്മെയെല്ലാവരെയും അനുഗ്രഹിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.......

*റവ. ഫാദർ ഡി ഫ്രാൻസിസ്*

തൂങ്ങാംപാറ ഇടവകാംഗമായ ഫാ. ഡി. ഫ്രാൻസിസ് അവർകൾ പുറവിളാകത്ത് വീട്ടിൽ ശ്രീമാൻ ദേവസഹായത്തിന്റെയും ശ്രീമതി എലിസബത്തിന്റെയും മകനായി ജനിച്ചു. ചെറുപ്പത്തിൽ ദിവ്യപൂജയ്ക്കു സഹായിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ദൈവവിളി മനസ്സിലാക്കിയ വല്യച്ചൻ സെമിനാരിയിൽ വൈദികപഠനത്തിനായി അദ്ദേഹത്തെ അയച്ചു. അവധിക്കു വരുമ്പോൾ വല്യച്ചനോട് ഒന്നിച്ചു താമസിക്കുകയും, മിഷൻകേന്ദ്രങ്ങൾ കൂടെക്കൊണ്ടുപോകുകയും ചെയ്യുമായിരുന്നു. (ഫാ. ആർ. പോൾ, ഫാ. ജെ. ജെറാൾഡ്, ഫാദർ ഡി. ഫ്രാൻസിസ് - ഈ മൂന്നു വൈദികരെയും ഒരേ ദിവസം സെമിനാരിയിലേയ്ക്ക് അയയ്ക്കുകയും അവധിക്കു വരുമ്പോൾ ഒന്നിച്ചു താമസിപ്പിക്കുകയും ചെയ്തു). 02.12.1964 -ൽ സർവ്വ ജാതിജനങ്ങളുടെയും സവിശേഷമായ ശ്രദ്ധയെ സമാഹരിച്ചുകൊണ്ട് ബോംബെയിൽ നടന്ന 38-ാമത് അഖില ലോക ദിവ്യകാരുണ്യ കോൺഗ്രസ്സിനോട് അനുബന്ധിച്ച് പരിശുദ്ധ അഖില ലോക ദിവ്യകാരുണ്യ കോൺഗ്രസ്സിനോട് അനുബന്ധിച്ച് പരിശുദ്ധ

പോൾ ആറാമൻ മാർപ്പാപ്പ തിരുമനസ്സിലെ പ്രതിനിധിയായ അത്യുന്നത കർദ്ദിനാൾ അഗാജയറിയാൻ തിരുമനസ്സിലെ ദിവ്യകരങ്ങൾ വഴി ഗുരുപ്പട്ടം സ്വീകരിച്ചു.

കിളിയൂർ, കൊണ്ണിയൂർ, വാഴിച്ചൽ, മാണിക്യപുരം, വിതുര തുടങ്ങിയ മിഷൻ കേന്ദ്രങ്ങളിൽ വിശ്വാസികളെ ആദ്ധ്യാത്മികവും, ഭൗതികവുമായി വളർത്തിയെടുക്കുവാനുള്ള കഠിനമായ പ്രവർത്തനങ്ങൾ നല്കി. ഇപ്പോൾ നെടുമങ്ങാട് ഇടവക വികാരിയായി സേവനം അനുഷ്ഠിക്കുന്നു. അദെയോദാത്തൂസച്ചൻ ദീർഘവീക്ഷണത്തോടെ ഉന്നംവച്ച ആ പ്രവർത്തനത്തെ നമ്മുടെ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെയും, അദെയോദാത്തൂസച്ചന്റെയും മാദ്ധ്യസ്ഥം വഴി, സർവ്വശക്തനായ പിതാവിന്റെ പക്കലേയ്ക്ക് കൂടുതൽ ആത്മാക്കളെ നേടിക്കൊടുക്കുവാൻവേണ്ടി പ്രാർത്ഥിക്കാം....

*റവ. സിസ്റ്റർ സൂര്യ ചരുവിള പുത്തൻവീട്ടിൽ C.S.S.T.*

തൂങ്ങാംപാറ ഇടവകാംഗമായ സിസ്റ്റർ സൂര്യ ചരുവിള പുത്തൻവീട്ടിൽ (സെന്റ് ത്രേസ്യാസ് എൽ. പി. സ്കൂളിന് സമീപം) ശ്രീമതി ത്രേസ്യായുടെയും പരേതനായ ശ്രീമാൻ ലാസറിന്റെയും മകളായി ജനിച്ചു. ബഹു. അദെയോദാത്തൂസച്ചൻ ജ്ഞാനസ്നാനം നല്കി. 3 വയസ്സുവരെ രണ്ടു കാലുകളിലും മാറാത്ത വ്രണമുണ്ടായിരുന്നു. വളരെയധികം ചികിത്സകൾ നല്കി. സുഖം കിട്ടിയില്ല. ഈ വിവരം വല്യച്ചൻ അറിഞ്ഞു. കുഞ്ഞിനെ എടുത്തു മടിയിൽ ഇരുത്തി വ്രണം കഴുകി ചികിത്സിച്ചു. പൂർണ്ണസുഖം ലഭിച്ചു. "*കൊച്ചു മകൾക്ക് നല്ല സുഖം കിട്ടും - വിശുദ്ധ കൊച്ചുത്രേസ്യായോട് കൂടുതൽ ഭക്തിയോടെ പ്രാർത്ഥിക്കണം*" എന്ന് വല്യച്ചൻ പറഞ്ഞത് ഒരിക്കലും മറക്കാനാവാത്ത ഒരനുഭവമാണ്. ഞായറാഴ്ചകളിലും, കടമുള്ള ദിവസങ്ങളിലും ദിവ്യനാഥനെ സ്വീകരിക്കുകയും, ആരാധിക്കുകയും, സൺഡേക്ലാസ്സിലും, മറ്റു ഭക്തസംഘടനകളിലും പ്രാർത്ഥനാരൂപിയോടെ പ്രവർത്തിച്ചിരിക്കുകയും വിശുദ്ധ കൊച്ചുത്രേസ്യായോട് ഭക്തി ബഹുമാനത്തോടെയുള്ള ജീവിതം നയിച്ചിരുന്നു.

കൊണ്ണിയൂർ കോൺവെന്റിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സഹായത്തോടെ 1981 ജൂലൈ 17-ാം തിയതി "*Carmelite Sisters of St. Teresa*" എന്ന സന്യാസസഭയിൽ ചേർന്നു. 1984-ൽ സഭാവസ്ത്രം സ്വീകരിച്ചു. 1990 മേയ് 12-ാം തിയതി നിത്യവ്രതവാഗ്ദാനം ചെയ്തു. കർമ്മെലീത്താ സന്യാസസഭയിൽ തന്നെയുള്ള ഒരു സിസ്റ്ററിനെ ദൈവം നമുക്ക് ദാനമായി നല്കി. സിസ്റ്റർ സൂര്യ കൊണ്ണിയൂർ, മൂന്നാർ, നീണ്ടകര മുതലായ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചിരുന്നു. ഇപ്പോൾ സിസ്റ്റർ ഇരവിപുരം O.L.H.C. കോൺവെന്റിൽ സേവനം അനുഷ്ഠിക്കുന്നു. സിസ്റ്റർ സൂര്യയെ നമ്മുടെ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായും, അദെയോദാത്തൂസച്ചനും സർവ്വശക്തനായ പിതാവിൽ നിന്നും തന്റെ ദൗത്യം നിറവേറ്റുവാനുള്ള അനുഗ്രഹഹ്ങൾ നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## വിശുദ്ധ കൊച്ചുത്രേസ്യായുടെ സൂക്തവചനങ്ങൾ

*“പ്രഭാതത്തിലെ മഞ്ഞുതുള്ളികൾക്ക് ലഭിക്കുന്ന ഭാഗ്യപ്പെട്ട പുഷ്പം കണക്കേ ഞങ്ങളുടെ ആത്മാവ് സമ്പൂർണ്ണമായ ശോഭയോടെ വികസിച്ചുകൊണ്ടിരിക്കുന്നു”.*

*“നശ്വര വസ്തുക്കളുടെ വശീകരണം നിഷ്ക്കളങ്ക മാനസങ്ങളെപ്പോലും ദുഷിപ്പിക്കും! സൂര്യനു കീഴെ സമസ്തവും മായയും മനോവ്യഥയുമാണ്”.*

*“എന്നെ സംതൃപ്തയാക്കാൻ യേശു അല്ലാതെ വേറൊന്നുമില്ല”.*

*“ഹാ! ശരിയായി നിയന്ത്രിച്ചിരുന്നെങ്കിൽ എന്തുമാത്രം ആത്മാക്കൾ വിശുദ്ധി പ്രാപിക്കുമായിരുന്നു”.*

*“നല്ല ദൈവത്തിൽ മാത്രമാണ് എന്റെ പ്രത്യാശ”.*

*“ഇവിടെ പ്രവേശിക്കരുത്, അവിടെ പ്രവേശിക്കരുത്, പ്രവേശിച്ചാൽ നിങ്ങൾ.....<br>ഹാ! സ്ത്രീകളുടെ ദുർഗ്ഗതി, അവർ എന്തുമാത്രം നിന്ദിക്കപ്പെടുന്നു”.*

*“എന്റെ ആത്മീയ നിയന്താവ് യേശു തന്നെ ആയിരുന്നു”.*

*“സ്നേഹമാകുന്ന അഗ്നിക്ക് ശുദ്ധീകരണസ്ഥലത്തിനേക്കാൾ<br>പവിത്രീകരണ ശക്തിയുണ്ടെന്നും എനിക്കറിയാം’.*

*“ഹാ! എന്റെ അമ്മേ, ശിശുസഹജമായ എന്റെ സരളത അങ്ങു ക്ഷമിക്കണം.<br>ഹാ! വാത്സല്യമുള്ള അമ്മേ, നല്ല ദൈവമാണ് അങ്ങുവഴി സദാ എന്നോടു<br>സംസാരിക്കുന്നതെന്ന് എനിക്ക് ബോദ്ധ്യമുണ്ട്”.*

*“പ്രാർത്ഥനയെന്നു പറയുന്നത് ഹൃദയത്തിന്റെ ഉയർച്ചയാണ്”.*

*“ഞാൻ യാതൊരു നന്മയും, സ്വാർത്ഥസ്നേഹം മൂലം അന്വേഷിക്കുന്നില്ലെന്നായപ്പോൾ, സകല നന്മയും എനിക്കു സിദ്ധിച്ചു”.*